കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 31, വെള്ളി

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 27

നിയമസഭ 2000 മാർച്ച് മാസം 31-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ചോദ്യോത്തരവേള ഉണ്ടായിരുന്നില്ല)

മിസ്റ്റർ സ്പീക്കർ : ഓർഡർ, ഓർഡർ. ഇന്ന് സാധാരണ വെള്ളിയാഴ്ച യല്ല. ഒരസാധാരണ വെള്ളിയാഴ്ചയാണ്. ചോദ്യോത്തരം തന്നെ നാം ഒഴിവാക്കിയിട്ട് ബിസ്സിനസ്സിലേക്ക് കടക്കുകയാണ്. കാര്യവിവരപട്ടികയിലെ ആദ്യത്തെ ഇനം റിപ്പോർട്ട് സമർപ്പണം.

I. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : X -ാം സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകുന്നതു സംബന്ധിച്ച 2000-ത്തിലെ കേരള(ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

II. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) സ്പീക്കർ സർ, ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

"13.12.1999 -ലെ സുപ്രീംകോടതി വിധിയെതുടർന്ന് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും ലഭിച്ചുവന്ന സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കാനും അതുപോലെ മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഉദ്യോഗ നിയമനങ്ങളിൽ ജനറൽ കാറ്റഗറിയിൽനിന്ന് 10 ശതമാനം സംവരണം ചെയ്യുന്നതിനും ഭരണഘടന ഭേദഗതി വരുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്ന കാര്യം ചർച്ച ചെയ്യണം"

ജാതിയുടെ പേരിൽ നൂറ്റാണ്ടുകളായി അനുഭവിച്ചുവന്നിരുന്ന വിവേചനവും അവസരനിഷേധവും ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ പിൻനിരയിലേക്കു തള്ളിമാറ്റിയത് ആർക്കും നിഷേധിക്കാനാവാത്ത ഒരു ചരിത്രസത്യമാണ്. ഈ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണേണ്ടത് പരിഷ്കൃത സമൂഹ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ കടമയാണ് അതുവഴി രാജ്യത്തിന്റെയും കെട്ടുറപ്പിന് ഇത് അത്യന്താപേക്ഷിതവുമാണ്.

നൂറ്റാണ്ടുകളായി ഇന്ത്യയിൽ നിലനിന്നുപോരുന്ന വർണ്ണവ്യവസ്ഥയും അതിന്റെ അടിസ്ഥാനത്തിലുള്ള ജാതി വിവേചനവും സ്വാതന്ത്ര്യലബ്ധിക്കു ശേഷമുള്ള അരനൂറ്റാണ്ടുഘട്ടത്തിലും നമുക്ക് ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജാതിയെ അടിസ്ഥാനമാക്കിയുള്ള ക്രൂരവും മനുഷ്യത്വരഹിതവുമായ വിവേചനവും അവഗണനയും അടിച്ചമർത്തലും ഇന്നും തുടരുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. ഈ അവസ്ഥ കാലക്രമത്തിലേ അവസാനിപ്പിക്കാനാവൂ എങ്കിലും ഇതിന്റെ ക്രൂരത കുറയ്ക്കാൻ മൂർത്തമായ നടപടികൾ ഉണ്ടാകേണ്ടിയിരുന്നു. നിർഭാഗ്യവശാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ഘട്ടത്തിൽ ആ വഴിക്ക് കാര്യമായ ശ്രമങ്ങൾ നടന്നില്ല. സംസ്ക്കാര രഹിതവും മനുഷ്യത്വമില്ലായ്മയുമാണിത് എന്ന നിലയ്ക്കുള്ള ബോധവൽക്കരണംപോലും വേണ്ടത്ര നടന്നിട്ടില്ല. അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തി ദീർഘകാലം ഇന്ത്യയെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഭരിച്ചവർക്ക് ഉണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർ അനുവർത്തിച്ച സവർണാനുകൂലവും അവർണദ്രോഹപരവുമായ നടപടികൾ കാര്യമായ മാറ്റമൊന്നും കൂടാതെ തുടരുന്ന ദു:സ്ഥിതിയിലാണു നാമെത്തിയത്.

ഭരണപരമായി ജാതി അവഗണനയും വിവേചനവും അവസാനിപ്പിക്കാൻ ദേശീയതലത്തിൽ നടപടിയുണ്ടാവാതിരുന്നതുകൊണ്ടും ഭൂമിക്കുമേലുള്ള കുത്തകാവകാശം ഇല്ലായ്മചെയ്തു ഭൂപരിഷ്കരണംപോലുള്ള നീക്കങ്ങൾ നടത്താനുള്ള ആർജ്ജവം കാട്ടാതിരുന്നതുകൊണ്ടുമാണ് ദളിതരെ കൂട്ടകൊല ചെയ്യുന്ന സാഹചര്യം കർണ്ണാടകം മുതൽ ബീഹാർവരെ പലയിടത്തും ഇന്നും നിലനിൽക്കുന്നത്. വർത്തമാനകാല ഇന്ത്യയുടെ അവസ്ഥ ഇതാണ് എന്ന സത്യം നാം കാണാതിരുന്നുകൂടാ. ഈ ഘട്ടത്തിലാണ് വി.പി. സിംഗ് ഗവൺമെന്റിന്റെ കാലത്തെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടും 27% സംവരണം വേണമെന്ന ആവശ്യവും മുന്നോട്ടു വന്നത്. ഭൂപരിഷ്കരണവാദം ഇല്ലാത്തതിന്റെ ഫലമായി ആന്ധ്രാപ്രദേശിലെ ശ്രീകാകുളം, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽ തീവ്രവാദം നിലനിൽക്കുന്നതും ഇതിന്റെ ഭാഗമായിട്ടാണ്.

സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനങ്ങളിൽ നിന്നും അതിന്റെ പൈതൃകമുള്ള ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ നിന്നുമാണ് ഈ അവസ്ഥക്കെതിരായ നടപടികളും ബോധവൽക്കരണവും ഉണ്ടായത് എന്നതും അതിന്റെ ഫലമായി കുറച്ചെങ്കിലും സാമൂഹ്യനീതി ഈ വിഭാഗങ്ങൾക്കു നൽകാൻ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ കഴിഞ്ഞിട്ടുണ്ട് എന്നതും ചരിത്ര സത്യമാണ്. കേരളത്തിൽ വ്യത്യസ്തമായ സാഹചര്യം ഉണ്ടായെങ്കിൽ അതിന്റെ പിന്നിലുള്ളത് പ്രധാനമായും ഇവിടെ ഭൂപരിഷ്കരണം നടന്നുവെന്നതാണ്.

സമൂഹത്തിന്റെ വലിയ ഒരു വിഭാഗം ചരിത്രപരമായി പിന്നോക്കം നിൽക്കുകയാണ്. അതിനുള്ള കാരണങ്ങളിൽ പ്രധാനം ജീർണ്ണമായ ജാതിവ്യവസ്ഥ തന്നെയാണ്. ഇത് കണ്ടില്ലെന്നു നടിച്ചുകൊണ്ട് സംവരണം പാടേ ഇല്ലായ്മ ചെയ്യുന്നതാണ് ശരി എന്ന വാദം സാമൂഹ്യനീതി നിഷേധനത്തിനു തീവ്രത വർദ്ധിപ്പിക്കുകയേ ഉള്ളൂ.

ചരിത്രപരമായ സാമൂഹികകാരണങ്ങളാൽ പിന്നോക്കമായിപ്പോയവരെ മുമ്പോട്ടുകൊണ്ടുവരാനും കാലത്തിന്റെയും ഇതരവിഭാഗങ്ങളുടെയും പുരോഗതിക്കൊത്ത് ഉയർത്തിക്കൊണ്ടുവരാനും പരിഷ്കൃത ജനാധിപത്യസമൂഹത്തിനു ചുമതലയുണ്ട്. ആ ചുമതലയുടെ നിർവഹണമാണു സംവരണം തുടരണമെന്ന നിലപാടിനും പിന്നിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഈ പശ്ചാത്തലത്തിലാണ് ഇന്ദിരാ സാഹ്നിവെഴ്സസ് യൂണിയൻ ഓഫ് ഇന്ത്യാ കേസിലെ സുപ്രീം കോടതി വിധി നടപ്പാക്കുന്ന കാര്യം പരിശോധിക്കേണ്ടത്.

പിന്നോക്ക സമുദായങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും ഭരണ സംവിധാനത്തിൽ പങ്കാളിത്തം നൽകുന്നതിനും ഭരണഘടന വിഭാവന ചെയ്ത തരത്തിലുള്ള സംവരണം തുടരേണ്ടതുണ്ട്. സാമൂഹികമായി മുൻനിരയിൽ വന്നിട്ടുള്ള വ്യക്തികളേയും വിഭാഗങ്ങളേയും ബന്ധപ്പെട്ട സാമൂഹ്യ സാമ്പത്തിക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ 'ക്രീമിലേയറായി കണ്ടെത്തി അവരെ പിന്നോക്ക വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നേടുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് സുപ്രീംകോടതി മേൽ സൂചിപ്പിച്ച വിധിയിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് നിർദ്ദേശം നൽകി. 1992-ൽ സുപ്രീം കോടതി ഇങ്ങനെ പ്രഖ്യാപിച്ചു.

'The affluent part of a backward class Creamy layer has to be excluded from the said class and the benefit of reservation under Article 16(4) can only be given to the Class which remains after exclusion of the creamy layer and the exclusion makes the class a truly backward . Backward class under Article 16(4) means a class which has no element of 'creamy layer' in it''

സുപ്രീംകോടതി വിധിയിൽ സൂചിപ്പിച്ച തരത്തിലുള്ള ഒരു 'ക്രീമിലെയർ' വിഭാഗം സംസ്ഥാനത്ത് നിലവിലില്ലെന്ന വിലയിരുത്തലിൽ 1995-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ (സംസ്ഥാന സർവ്വീസിലുള്ള തസ്തികകളിലോ, നിയമനങ്ങളിലോ ഉള്ള സംവരണം) നിയമം കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. ഈ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ സുപ്രീംകോടതിയുടെ 1999 ഡിസംബർ 13 ലെ വിധിയിലൂടെ അസാധുവായിരിക്കുകയാണ്. 1992-ലെ സുപ്രീംകോടതി വിധിയനുസരിച്ച് സംസ്ഥാന ഗവൺമെന്റ് നടപടികൾ കൈക്കൊള്ളാത്തതിനാൽ കോടതി തന്നെ നിയമിച്ച ജസ്റ്റീസ് ജോസഫ് കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിലെ വ്യവസ്ഥകൾ നടപ്പാക്കാൻ കോടതി ഉത്തരവായി.

കോടതിവിധി നടപ്പാക്കുന്നതിന്റെ ഭാഗമായി പിന്നോക്ക പട്ടികവിഭാഗങ്ങൾക്ക് കോടതിവിധിയുടെ പരിധിയിൽനിന്നുകൊണ്ട് പരമാവധി ആനുകൂല്യം നൽകാൻ കഴിയുന്ന തരത്തിൽ പിന്നോക്ക വിഭാഗങ്ങളിലെ 'ക്രീമിലെയർ' വിഭാഗത്തെ കണ്ടെത്താനുള്ള മാനദണ്ഡങ്ങളെന്തായിരിക്കണമെന്ന് പഠിച്ച് ശുപാർശ ചെയ്യാൻ ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷനെ ഗവൺമെന്റ് നിയമിച്ചിരിക്കുകയാണ്. ഈ കമ്മീഷൻ നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലും പിന്നോക്ക വിഭാഗങ്ങൾക്ക് പരമാവധി ആനുകൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ സർക്കാർ, അർദ്ധ സർക്കാർ സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിവിധ സമുദായങ്ങൾക്ക് ഇതിനകം ലഭ്യമായിട്ടുള്ള ഉദ്യോഗ പ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജസ്റ്റീസ് നരേന്ദ്രൻ ചെയർമാനായും, മുൻ പി.എസ്.സി. ചെയർമാൻ ശ്രീ. റ്റി.എം. സാവൻകുട്ടി, മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ.വി. രവീന്ദ്രൻ നായർ എന്നിവർ അംഗങ്ങളായും ഒരു മുന്നംഗ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

ഈ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുന്ന മുറക്ക് മേൽതട്ട് സംബന്ധിച്ച സുപ്രീംകോടതിവിധിയുടെ പരിധിയിൽനിന്നുകൊണ്ട് പിന്നോക്ക 1164/2010.

LIBRARY ARCHIVES Kerala Legislative Assembly

സമുദായങ്ങൾക്ക് ഉദ്യോഗനിയനത്തിൽ പരമാവധി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള തീരുമാനമെടുക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കേരളത്തിൽ കാലക്രമേണയുണ്ടായ സാമൂഹിക സാമ്പത്തിക പരിവർത്തനങ്ങൾ മുന്നോക്ക വിഭാഗങ്ങളിൽ ഒരു വിഭാഗത്തെ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലെത്തിക്കുകയുണ്ടായി. ഈ വിഭാഗങ്ങൾക്കിടയിലെ തൊഴിലില്ലായ്മയും ദാരിദ്ര്യവും ആർക്കും നിഷേധിക്കാനാവാത്ത വസ്തുതയാണ്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് അതായത് മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവരും നിർധനരുമായവർക്ക് ഉദ്യോഗസംവരണം ഏർപ്പെടുത്തുന്നതുകൊണ്ട് ഈ ദുരവസ്ഥയിൽ അവർക്ക് കുറെയെങ്കിലും ആശ്വാസം ലഭിക്കും. സർക്കാർ സർവ്വീസിലെ 10 ശതമാനം തസ്തികകൾ ഈ വിഭാഗത്തിന് നീക്കിവെക്കണമെന്ന ആശയത്തിന് ഈ സാഹചര്യത്തിലാണ് പ്രസക്തിയുണ്ടാകുന്നത്.

സംവരണ സമുദായങ്ങൾക്ക് നിലവിലുള്ള സംവരണം തുടരുന്നതിനും മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായി 10 ശതമാനം സംവരണം ഏർപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിൽ ഭരണഘടന ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാവുന്നതാണ്. ഇത്തരത്തിലൊരു പ്രമേയം ഈ സമ്മേളനത്തിൽതന്നെ സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നതാണെന്ന് സഭയിൽ ഉറപ്പ് നൽകിയിരുന്നു. അതനുസരിച്ചാണ് ഇന്ന് നാം ഈ ചർച്ച നടത്തുന്നത്. ഈ ചർച്ചയുടെ അവസാനം നടപടിചട്ടം 275 പ്രകാരം ഞാൻ ഒരു സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ എല്ലാവരുടെയും സർവ്വാത്മനാ ഉള്ള പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ചട്ടം 275 അനുസരിച്ച് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന സബ്സ്റ്റാന്റീവ് മോഷൻ ഇപ്പോൾതന്നെ അവതരിപ്പിച്ചാൽ അംഗങ്ങൾക്ക് ഭേദഗതി കൊടുക്കാൻ സൗകര്യപ്രദമായിരിക്കും. ഇപ്പോൾ തയ്യാറായിട്ടില്ലെങ്കിൽ അല്പം കഴിഞ്ഞിട്ട് മതി.

ശ്രീ. ആര്യാടൻ മുഹമ്മദ്: സബ്സ്റ്റാന്റീവ് മോഷൻ തയ്യാറാക്കി കഴിയുന്നത്ര വേഗത്തിൽ എപ്പോൾ ആയാലും വിരോധമില്ല, ഞങ്ങൾക്ക് ഒന്നേ ആവശ്യമുള്ളൂ ഞങ്ങൾക്ക് അതിൽ അമെന്റ്മെന്റ് വേണമെങ്കിൽ കൊടുക്കാനുള്ള അവസരം കൂടി കണക്കിലെടുത്ത് അവതരിപ്പിക്കണം.

മി. സ്പീക്കർ : അതുകൊണ്ടുതന്നെയാണ് ചെയർ ഇത് പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, 13.12.1999-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കാനും മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ജനറൽ കാറ്റഗറിയിൽനിന്നും 10% സംവരണാനുകൂല്യം ലഭിക്കുന്നതിനും ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു'എന്ന സബ്സ്റ്റാന്റീവ് മോഷൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. ഇ.കെ. ഇസ്മയിൽ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഇതുടനെതന്നെ സർക്കുലേറ്റ് ചെയ്യുന്നതാണ്. നമുക്ക് തുടർന്ന് ചർച്ചയുണ്ട്. അതിൽ എല്ലാപാർട്ടികളുടെയും നേതാക്കളാണ് പങ്കെടുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് സമയം അൽപ സ്വൽപം വേണമെന്നു പറഞ്ഞിട്ടുണ്ട്. അത് അനുവദിക്കുന്നതിൽ വിരോധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉച്ചയ്ക്കുശേഷം 12.30 മണി കഴിഞ്ഞ് പോയാൽ നമുക്ക് പിന്നെ ബ്രേക്ക് കൊടുത്ത് ഇരിക്കേണ്ടി വരുമെന്ന കാര്യം കൂടി മനസ്സിൽ വയ്ക്കണം.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, മുഖ്യമന്ത്രി, ചർച്ചക്കുവേണ്ടി ഇന്നലെ അവതരിപ്പിച്ച ഉപക്ഷേപത്തിൽ പറയുന്ന കാര്യങ്ങളോട് എന്റെ പാർട്ടിക്ക് മൊത്തത്തിൽ യോജിപ്പാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് സംവരണ കാര്യത്തിൽ കൺസിസ്റ്റന്റ് സ്റ്റാന്റാണ് കഴിഞ്ഞ കുറേ വർഷങ്ങളായി ഉള്ളത്. അതിലേക്കു കടക്കുന്നതിനുമുമ്പ് ഇന്നലെ ചർച്ചക്കുവേണ്ടി അവതരിപ്പിച്ച ഈ ഉപക്ഷേപത്തിൽ ചില കാര്യങ്ങൾ അവ്യക്തമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവ്യക്തമാണെന്ന് മാത്രമല്ല ചില കാര്യങ്ങൾ വിട്ടുപോയിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കു വരാം. സംവരണ കാര്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഏറ്റവും ഒടുവിലായി, രണ്ട് ദിവസങ്ങൾക്കുമുമ്പ് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ മുമ്പാകെ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ള നിവേദനത്തിലെ പ്രധാനപ്പെട്ട ചില ഭാഗങ്ങൾ ഈ സന്ദർഭത്തിൽ ഈ സഭയിൽ പരസ്യമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ പിന്നോക്ക സമുദായത്തിൽ ക്രീമിലെയർ വിഭാഗങ്ങൾ ഇല്ലെന്നുള്ളതാണ് കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ സുവ്യക്തമായ അഭിപ്രായം എന്നാണ് നിവേദനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സംവരണത്തിൽ ക്രീമിലെയർ ഏർപ്പെടുത്താൻ പാടില്ല. ഈ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് മുൻ യു.ഡി.എഫ് ഗവൺമെന്റ് സംവരണ സംരക്ഷണ നിയമം പാസ്സാക്കിയത്. എന്നാൽ ഈ നിയമത്തിന് ആധാരമായ സാമൂഹ്യ പശ്ചാത്തലവും സ്ഥിതിവിവരക്കണക്കുകളും സുപ്രീംകോടതിയിൽ നൽകാൻ വീഴ്ച വരുത്തിയതിന്റെ ഫലമായിട്ടാണ് ഈ നിയമം സുപ്രീംകോടതി അസാധുവാക്കാൻ ഇടയായിട്ടുള്ളത്. സുപ്രീംകോടതിയുടെ വിധിയെ തുടർന്നുള്ള സ്ഥിതിഗതികളിൽനിന്നും പിന്നോക്ക സമുദായത്തിന് സംരക്ഷണം നൽകാൻ ആവശ്യമായ ഭരണഘടനാ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇതാണ് ക്രീമിലെയറിനെ സംബന്ധിച്ച് നരേന്ദ്രൻ കമ്മീഷൻ മുമ്പാകെ കെ.പി.സി.സി കൊടുത്തിട്ടുള്ള നിവേദനത്തിന്റെ ഒരു ഭാഗം. രണ്ടാമത്തെ ഭാഗം അപ്രകാരം ഭരണഘടനാ ഭേദഗതി ഉണ്ടാക്കുന്നതുവരെ പിന്നോക്ക സമുദായങ്ങൾക്ക് പരിരക്ഷക്കുവേണ്ടി ജോസഫ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ ബാധകമാക്കുന്നതിനുള്ള വാർഷിക വരുമാനത്തിന്റെ പരിധി ഒന്നര ലക്ഷം രൂപയിൽനിന്നും പ്രതിമാസം 30,000 രൂപ കണക്കാക്കി 3.6 ലക്ഷമായി വർധിപ്പിക്കേണ്ടതാണ്. മൂന്നാമത്തെ ഭാഗം മുന്നോക്ക സമുദായങ്ങളിൽ സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സ്ഥിതി കണക്കിലെടുത്തുകൊണ്ട് അവർക്ക് പരിരക്ഷയും സംരക്ഷണവും നൽകേണ്ടത് ആവശ്യമാണെന്ന് കരുതുന്നതിനാൽ അതിലേക്കായി 10% സംവരണം ഏർപ്പെടുത്തേണ്ടതും അതിനായി ഭരണഘടനയിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുമാണെന്നുമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ സംബന്ധിച്ച് ഈ കാര്യത്തിലുള്ള ഞങ്ങളുടെ വ്യക്തമായ അഭിപ്രായം ഇതാണ്. നരേന്ദ്രൻ കമ്മീഷൻ മുമ്പാകെ മാർച്ച് 29-ാം തീയതി ഈ കാര്യങ്ങൾ രേഖാമൂലം ഞങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇത് ഞങ്ങൾ ആദ്യമായി എടുക്കുന്ന നിലപാട് അല്ല. 1995-ൽ ഈ കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ് യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സംവരണ സംരക്ഷണ നിയമം 1995-ൽ പാസ്സാക്കിയത്. ഇപ്പോഴും ഞങ്ങൾ ആ നിലപാടിൽ തന്നെയാണ് ഉറച്ച് നിൽക്കുന്നത്. ഞങ്ങളുടെ നിലപാട് ആ നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരള സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly

നത്തെ പിന്നോക്ക വിഭാഗങ്ങളുടെയിടയിൽ ക്രീമിലെയർ ഇല്ല. വളരെ വ്യക്തമായിട്ടുള്ള ഞങ്ങളുടെ കാഴ്ചപാടാണ്. അന്ന് മാത്രമല്ല ഈ കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിനെ നേരിടുന്നതിനുമുമ്പായി 1996-ൽ ഐക്യജനാധിപത്യമുന്നണി പുറപ്പെടുവിച്ചിട്ടുള്ള തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലും ഈ കാര്യങ്ങൾ ഞങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഐക്യജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പേജ് 7 "സംവരണമെന്ന വിഷയത്തെ സംബന്ധിച്ച് നിലവിലുള്ള സംവരണം തുടരണം. അതോടൊപ്പം മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുകൂടി 10% സംവരണം നൽകാൻ നടപടി സ്വീകരിക്കണം. അതിന്റെ വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കും." എന്നു പറഞ്ഞിട്ടുണ്ട്. 1996-ലെ പ്രകടന പത്രികയിൽ സംവരണത്തിന്റെ കാര്യത്തിൽ നിലവിലുള്ള സംവരണം തുടരുകയെന്നുള്ള നിലപാട് വീണ്ടും ആവർത്തിച്ച് ഉറപ്പിച്ച് ഞങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതോടൊപ്പം മുന്നോക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുകൂടി 10% സംവരണം നൽകാൻ നടപടി സ്വീകരിക്കണമെന്ന് പ്രകടനപത്രികയിൽ എഴുതി ചേർത്തിട്ടുമുണ്ട്. അപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ച് ഒരു കൺസിസ്റ്റന്റ് സ്റ്റാന്റ് ഉണ്ട്. ഞങ്ങൾ അതിൽനിന്നും മാറിയിട്ടില്ല. 1995-ലെ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് ഒരു തീരുമാനമെടുത്ത് ഒരു നിയമം പാസ്സാക്കിയശേഷം 1996-ൽ തെരഞ്ഞെടുപ്പ് വന്നപ്പോൾ പ്രകടനപത്രികയിൽ ആ കാര്യങ്ങൾ എഴുതിചേർത്തു. ഇപ്പോൾ നരേന്ദ്രൻ കമ്മീഷൻ ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ ഒന്നുകൂടി ആവർത്തിച്ച് പ്രഖ്യാപിച്ച് വ്യക്തമാക്കി രേഖാമൂലം ഈ കാര്യങ്ങൾ എഴുതി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ ആ സ്റ്റാന്റിൽ ഉറച്ചുനിൽക്കുകയാണ്. ഇന്നിപ്പോൾ മുഖ്യമന്ത്രി ഇവിടെ ചർച്ചയ്ക്കുവേണ്ടി അവതരിപ്പിച്ച ഈ ഉപക്ഷേപത്തിലെ ചില പോരായ്മകളെ കുറിച്ച് ഞാൻ മേൽ സൂചിപ്പിച്ചു. മൊത്തത്തിൽ അതിന്റെ അന്തസ്സത്തയോട് ഞങ്ങൾ യോജിക്കുകയാണ്. പക്ഷേ ചില പോരായ്മകൾ ചൂണ്ടികാണിക്കുന്നു. അതിൽ ചില തെറ്റുകളുണ്ട്. ഇന്നലെ ഇവിടെ സർക്കുലേറ്റ് ചെയ്ത ഈ ഉപക്ഷേപത്തിൽ 'മത ന്യൂനപക്ഷങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണാനുകൂല്യം നിഷേധിക്കപ്പെടാതിരിക്കാൻ' എന്ന ഒരു വാചകം ചേർത്തിട്ടുണ്ട്. അതെനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇന്ന് അവതരിപ്പിച്ച പ്രമേയത്തിൽ ഇല്ല. ഇപ്പോൾ ഇന്നലത്തേത് തെറ്റാണെന്ന് അങ്ങ് സമ്മതിക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u> : അത് അപ്ഡേറ്റ് ചെയ്ത് വന്നിട്ടുണ്ട്. അതിപ്പോൾ വരും.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : അത് കിട്ടിയില്ല. ഇന്നത്തെ ചർച്ചക്കുവേണ്ടി ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കുലേറ്റ് ചെയ്ത ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളത് മതന്യൂനപക്ഷങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണാനുകൂല്യം എന്നാണ്. മതന്യൂനപക്ഷങ്ങൾക്ക് സംവരണാനുകൂല്യം ഇല്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>): ഇപ്പോൾ ലേറ്റസ്റ്റായി ചട്ടം 375-അനുസരിച്ച് കൊടുത്തിട്ടുള്ള ഉപക്ഷേപത്തിൽ അത് ഇല്ല.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ അത് തെറ്റ് പറ്റിയതാണെന്ന അർത്ഥത്തിൽ.....

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. ഇ. ഇസ്മയിൽ</u>) : നമ്മളെല്ലാം കൂടി ഇന്നലെ ചർച്ച ചെയ്ത് പരിശോധിച്ചതാണ്. അതിപ്പോൾ വാചകത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ക്രോഡീകരിച്ച് ചെറിയ വാചകങ്ങളാക്കി, 2 വാചകത്തിലൊതുക്കി ഒരു പ്രമേയമാണ് അവതരിപ്പിച്ചത്. എഴുതാപ്പുറം വായിക്കരുത് തങ്കച്ചാ..

<u>ശ്രീ. എ.കെ. ആന്റണി</u> : സർ, ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി പറഞ്ഞത് ഇന്നലെ നമ്മൾ എല്ലാപരുംകൂടി എന്നാണ്. ഞങ്ങൾ ഇന്നലെ ഇങ്ങനെയൊരു കരട് മോഷനിൽ പങ്കാളികളല്ല. നിങ്ങളെല്ലാവരും കൂടി എന്നുപറഞ്ഞാൽ ശരിയാകും. നമ്മളെല്ലാം എന്നുപറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. അങ്ങ് അത് ഉദ്ദേശിച്ചുകാണില്ല. അങ്ങനെ ഈ റിക്കാർഡിൽ ഉണ്ടാകാൻ പാടില്ല. അവരെല്ലാവരുംകൂടി തീരുമാനിച്ചുകൊണ്ടുവന്ന മോഷനാണ്. നമ്മളെല്ലാവരും കൂടി എന്നുപറഞ്ഞാൽ ഞങ്ങൾ ഇതിനകത്ത് പങ്കാളിയല്ല. ഞങ്ങൾ ഇതിനെക്കുറിച്ച് ചർച്ച ചെയ്തിട്ടില്ല. സത്യം പറഞ്ഞാൽ ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യം അസംബ്ളിയിൽ ഒരു റെസൊല്യൂഷൻ വരുന്നതിനു മുമ്പ് എല്ലാ പാർട്ടികളേയും വിളിച്ച് ചർച്ച ചെയ്യുക എന്നത് ഒരു സാമാന്യ മര്യാദയാണ്. അങ്ങനെ ഇവിടെ ചർച്ച ചെയ്തിട്ടില്ല. ഇത് അവരുടെ പ്രമേയമാണ്. ഞങ്ങൾക്കുള്ള അമെന്റ്മെന്റ് ഞങ്ങൾ അവതരിപ്പിക്കാം.

<u>ശ്രീ. പി.പി. തങ്കച്ചൻ</u> : സർ, തെറ്റു പറ്റൽ സ്വാഭാവികമാണ്. ഒരു തെറ്റു പറ്റിയാൽ അതെന്ത് പറ്റി എന്ന് സമ്മതിക്കുന്നത് മര്യാദയല്ലേ? ഇന്നത്തേതിൽ അത് ഇല്ലെന്നു പറയുമ്പോഴും ഇന്നലത്തേതിൽ ഉണ്ടെന്നു പറയുമ്പോഴും ഇന്നലെ തെറ്റു പറ്റിയത് തെറ്റുതന്നെയല്ലേ? ഏതായാലും ഇത്തരത്തിലൊരു ഉപക്ഷേപം മതന്യൂനപക്ഷങ്ങൾക്കു ലഭിച്ചുവരുന്ന സംവരണാനുകൂല്യം നഷ്ടപെടാതിരിക്കാൻ എന്നുള്ള ഇന്നലത്തെ ഉപക്ഷേപത്തിൽ പറഞ്ഞിട്ടുള്ളത് പ്രകടമായി വന്നിട്ടുള്ള ഒരു തെറ്റായി ഞങ്ങൾ കണക്കാക്കുന്നു. കാരണം മതന്യൂനപക്ഷങ്ങൾക്ക് സംവരണമില്ല. ഉണ്ടോ? ഭരണഘടനയനുസരിച്ച് മതന്യൂനപക്ഷങ്ങൾക്കു സംവരണമില്ല. അപ്പോൾ തെറ്റായ ഒരു കാര്യമാണ് ഈ ഉപക്ഷേപത്തിൽ ചേർത്തിട്ടുള്ളത്. അതിലും കൂടുതൽ എനിക്കുള്ള പരാതി ഇതിനകത്തു ചേർക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ ചേർത്തിട്ടില്ല എന്നുള്ളതാണ്. കേരള സംസ്ഥാനത്തെ പിന്നോക്കക്കാർക്കിടയിൽ ക്രീമിലെയർ ഇല്ലെന്നുള്ളതാണ് ഈ ചർച്ചയുടെ കാതലായ വശം. എന്തുകൊണ്ടാണ് ഇന്നലെ അവതരിപ്പിച്ച ഉപക്ഷേപത്തിലും ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിലും കേരള സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെ ഇടയിൽ ക്രീമിലെയർ ഇല്ലെന്നുള്ള ഒരു വാചകം ചേർത്തിട്ടില്ല.

റവന്യൂവകുപ്പുമന്ത്രി (<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u>) : കേരള സംസ്ഥാനത്ത് ക്രീമിലെയർ ഇല്ലെന്നു താങ്കൾ ഇപ്പോൾ പറഞ്ഞു. ക്രീമിലെയർ എന്നൊരു പരിധിയുടെ അടിസ്ഥാനത്തിൽ ഒരു വിഭാഗത്തെ വേർതിരിക്കണമെന്ന തത്വത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? ഈ സംവരണം ഏർപ്പെടുത്തിയത് അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികസംവരണ സ്വഭാവത്തിൽ പരിഗണിക്കുന്നതിനാണോ?

<u>ശ്രീ. പി.പി തങ്കച്ചൻ</u> : സർ ഞാൻ അതിലേക്ക് വരുന്നുണ്ട്. അതിനൊരു ബുദ്ധിമുട്ടുമില്ല. ക്രീമിലെയറിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്? മാർക്സിസ്റ്റു പാർട്ടിയുടെ അഭിപ്രായമെന്താണ്? അത് നിയമസഭയിൽ മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടില്ല. വ്യക്തമാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുകയാണ്. കേരള സംസ്ഥാനത്ത് പിന്നോക്ക വിഭാഗങ്ങളുടെയിടയിൽ ക്രീമിലെയറുണ്ടോ? ക്രീമിലെയറില്ലേ? ക്രീമിലെയറിനെ സംബന്ധിച്ച് എന്താണ് മാർക്സിസ്റ്റുപാർട്ടിയുടെ നിലപാട്? ഇന്നത്തെ ചർച്ചയുടെ അടിസ്ഥാനപരമായ കാതലായ വശവും അതാണ്. (തടസ്സം) ഞാൻ പറ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളോ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നിലപാടിൽ ക്രീമിലെയറില്ല. ക്രീമിലെയറിനെ സംബന്ധിച്ച് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കാഴ്ചപ്പാടിൽ, ഞങ്ങളുടെ അഭിപ്രായത്തിൽ ഞങ്ങൾ എടുത്തിട്ടുള്ള ഒരു കൺസിസ്റ്റന്റ് സ്റ്റാന്റ് പിന്നോക്ക വിഭാഗങ്ങളുടെയിടയിൽ കേരളത്തിൽ ക്രീമിലെയർ ഇല്ല. അതാണ് ഞങ്ങളുടെ സ്റ്റാന്റ് അതു ഞങ്ങൾ ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ : ഇതിൽ എല്ലാ പാർട്ടികളുടെയും പങ്കാളിത്തമുണ്ട്. എല്ലാവർക്കും അവരവരുടെ വ്യൂസ് പറയാം ഒരു ബുദ്ധിമുട്ടുമില്ല.

ശ്രീ. പി. പി. തങ്കച്ചൻ : സർ, പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ ക്രീമിലെയർ ഇല്ലെന്നുള്ള വസ്തുത ഈ പ്രമേയത്തിൽനിന്ന് ഒഴിവാക്കിയതിൽ ഒരു ഒളിച്ചുകളി മാർക്സിസ്റ്റു പാർട്ടിയുടെ ഭാഗത്ത് ഉണ്ടെന്ന് ഞങ്ങൾ സംശയിച്ചാൽ ഞങ്ങളെ കുറ്റം പറയാൻ ഒക്കുകയില്ല.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : നിങ്ങളൊക്കെ ആരാണെന്ന് ഞങ്ങൾക്കറിയാം. നിങ്ങൾക്ക് തെറ്റു പറ്റുകയില്ലെന്നും ഞങ്ങൾക്കറിയാം. എപ്പോഴും ശരിയേ നിങ്ങൾ ചെയ്തിട്ടുള്ളൂ.

ശ്രീ. എം.വി. ജയരാജൻ : സർ, ഞങ്ങളുടെ പാർട്ടി ക്രീമിലെയർ ഏർപ്പെടുത്തരുതെന്നു പറഞ്ഞുകൊണ്ട് ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷനു സമർപ്പിച്ച നിവേദനം സംബന്ധിച്ച് കേരള കൗമുദിയിൽ വന്നിട്ടുള്ള വാർത്തയാണ് ഇത്. ഈ വാർത്തയിൽ ഒരു ഭാഗം ഞാൻ പറയുകയാണ്. അങ്ങേക്ക് വേണ്ട കാര്യമേ പറയുന്നുള്ളൂ. അതു കൊണ്ടാണ് ക്രീമിലെയർ വ്യവസ്ഥ ബാധകമാകുന്നതിനുള്ള, വാർഷിക വരുമാന പരിധി 1.5 ലക്ഷത്തിൽനിന്ന് 3.6 ലക്ഷം രൂപയായി വർധിപ്പിക്കണമെന്ന് പറയുന്നത്. ക്രീമിലെയർ ഇല്ലെന്നു പറയുന്ന പാർട്ടി പിന്നെ എന്തിനാണ് ഇതു പറയുന്നത്. അതാണ് ഞങ്ങൾക്കു ബോധ്യമാകാത്തത്.

ശ്രീ. പി.പി. തങ്കച്ചൻ : ഞാൻ ഇന്നലെ കൊടുത്ത നിവേദനം ആദ്യം മുതൽ അവസാനം വരെ ഇവിടെ വായിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട തങ്കച്ചനോട് ഒരു കാര്യം ചോദിക്കുകയാണ്. കോൺഗ്രസ്സിന്റെ നിലപാട് അങ്ങ് പറഞ്ഞു. ക്രീമിലെയർ ഇല്ലെന്ന നിലപാടിൽ തുടക്കം മുതലേ കോൺഗ്രസ് ഉറച്ചു നിൽക്കുന്നുവെന്ന് അങ്ങ് പറഞ്ഞു. അതു കോൺഗ്രസ്സിന്റെ നിലപാടാണെന്നു മനസ്സിലായി. എനിക്കറിയേണ്ട വേറൊരു കാര്യം കോൺഗ്രസ് നരേന്ദ്രൻ കമ്മീഷൻ മുമ്പാകെ 3.6 ലക്ഷം രൂപ വരെ വരുമാനമുള്ളവരെ ഒഴിവാക്കണമെന്നു പറയാനുള്ള കാരണമെന്താണ്? അതിനുള്ള കാരണം നരേന്ദ്രൻ കമ്മിഷൻ ഈ കാര്യമാണ് അന്വേഷിക്കുന്നത്. ഇവിടെ കേരള ഗവൺമെന്റ് ഹൈക്കോടതി നിജപ്പെടുത്തിയ ജോസഫ് കമ്മിഷനു മുമ്പിൽ തെളിവ് നൽകാത്തതിന്റെ ഫലമായി കേരള ഗവൺമെന്റിന്റെ റിക്കാർഡുകൾ വേണ്ടതുപോലെ പരിശോധിക്കാനുള്ള അവസരമുണ്ടാക്കി കൊടുക്കാത്തതുകൊണ്ട് കേരള ഗവൺമെന്റ് കള്ളക്കളി കളിച്ചതിന്റെ ഫലമായി ജോസഫ് കമ്മിഷൻ 1.5 ലക്ഷം രൂപ എന്നു പറഞ്ഞതാണ്. ഈ പ്രമേയം പാസ്സാക്കിവരുന്നതുവരെ കേരളത്തിലെ പിന്നോക്ക സമുദായങ്ങൾക്ക് മറ്റു മാർഗ്ഗമില്ല എന്ന കാര്യം കണക്കിലെടുത്തുകൊണ്ട് അതുവരെയുള്ള ഒരു ഇടക്കാല ഏർപ്പാടായി ഇതു വരണമെന്നുള്ളതുകൊണ്ടാണോ കോൺഗ്രസ് ഇങ്ങനെ തീരുമാനിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സമയംകൂടി ശ്രദ്ധിക്കണം. ഒരു മണിക്കൂർ ചർച്ചയാണ്. ഇപ്പോൾ അരമണിക്കൂറായി.

ശ്രീ. പി.പി. തങ്കച്ചൻ : ശ്രീ. ആര്യാടൻ ചോദിച്ച ചോദ്യം വളരെ ശരിയാണ്. 1.5 ലക്ഷം രൂപ എന്നുള്ളത് 3.6 ലക്ഷം രൂപയായി ഉയർത്തണമെന്ന് പ്രത്യേക സാഹചര്യത്തിൽ ഭരണഘടനാ ഭേദഗതി വരുന്നതുവരെ ഈ ഒരു ആനുകൂല്യം 1.5 എന്നുള്ളത് 3.6 ലക്ഷമാക്കി ഉയർത്തേണ്ടത് ഒരു സാമാന്യ മര്യാദ മാത്രമാണ്.

ശ്രീ. എ.കെ. ആന്റണി : സർ, നരേന്ദ്രൻ കമ്മിഷനെ നിയമിച്ചതിന്റെ പ്രധാനപ്പെട്ട ഉദ്ദേശം ജോസഫ് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള 1.5 ലക്ഷം രൂപ മതിയോ അതോ ആ മാനദണ്ഡം മാറ്റി നിശ്ചയിക്കണമോ എന്നുള്ളതാണ്. അതിനെക്കുറിച്ച് കോൺഗ്രസ് പാർട്ടി മൂന്നുലക്ഷത്തി അറുപതിനായിരമാക്കി ഉയർത്തണമെന്ന് ആവശ്യപ്പെട്ടെങ്കിലും കേരള ഗവൺമെന്റ് ഔദ്യോഗികമായി ഇതുവരെ ഒന്നും പറഞ്ഞിട്ടില്ല എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി.പി. തങ്കച്ചൻ : അതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല ഞാൻ വേറെ ചില ഉദാഹരണങ്ങൾ കൂടി പറയാം. ഇക്കാര്യത്തിൽ കേരള ഗവൺമെന്റിന്റെ ആത്മാർത്ഥതയില്ലായ്മയും മാർക്സിസ്റ്റുപാർട്ടിയുടെ ഒളിച്ചുകളിയും തെളിയിക്കാൻവേണ്ടി ഒന്നു രണ്ടു സംഭവങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്.

മി. സ്പീക്കർ : അതിനു ഇവിടെ മറുപടി പറഞ്ഞാൽ മതിയല്ലോ. തർക്കത്തിന്റെ പ്രശ്നമില്ല. ഇവിടെ ഭംഗിയായി മറുപടി പറയുന്നുണ്ട്.

ശ്രീ. പി.പി. തങ്കച്ചൻ : യു.ഡി.എഫ്. ഗവൺമെന്റ് പാസ്സാക്കിയ നിയമം സുപ്രീം കോടതിയിൽ ചർച്ചക്കു വന്നപ്പോൾ അന്ന് യു.ഡി.എഫ് ഗവൺമെന്റ് നിയമിച്ച അഡ്വക്കേറ്റ് നരിമാനെ- സുപ്രീം കോടതിയിലെ ഏറ്റവും പ്രശസ്തനായ അഡ്വക്കേറ്റാണ് നരിമാൻ എന്ന് എല്ലാവർക്കുമറിയാം. ആ നരിമാനെ മാറ്റി സുബ്രഹ്മണ്യൻ പോറ്റിയെ നിയമിച്ചുവെന്നുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. സർ, നരിമാനെ മാറ്റുകയും ആ സ്ഥാനത്ത് സുബ്രഹ്മണ്യൻ പോറ്റിയെ നിയമിക്കുകയും ചെയ്ത ഒരു വാർത്ത സംശയങ്ങൾക്ക് ഇടവരുത്തുന്ന ഒരു കാര്യമാണ്. എന്നിട്ട് അവിടെ ചെയ്തത് എന്താണെന്നറിയാമോ? പതിനാറു തവണ സുപ്രീംകോടതിയിലെ കേസിൽ കേരള ഗവൺമെന്റിനു വേണ്ടി അഭിപ്രായം പറയുമ്പോൾ പതിനാറു തവണ ആ കേസ് അവധിക്കുമാറ്റി. അവസാനം കേരളാ ഗവൺമെന്റിന്റെ അഭിപ്രായമെടുക്കാതെ കോടതി വിചാരിച്ചാൽ എന്തുചെയ്യാൻ കഴിയും? ഗവൺമെന്റിന്റെ അഭിപ്രായം പറയണ്ടേ? 16 തവണ കേസ് അവധി മാറ്റിയിട്ടും ഗവൺമെന്റ് അഭിപ്രായം പറയാത്ത സാഹചര്യത്തിലാണ് ഈ വിധി വന്നിട്ടുള്ളതെന്ന് ഞാൻ ആദ്യം പറഞ്ഞ എന്റെ സംശയം ഒന്നുകൂടി ബലവത്താകുകയാണ്. രണ്ടാമത്തെ പോയിന്റ് സുപ്രീംകോടതിയിൽനിന്നും ജസ്റ്റീസ് ജോസഫിനെ കമ്മിഷനായി നിയമിച്ചു. ക്രീമിലെയർ കണ്ടുപടിക്കാനായിരുന്നു കമ്മിഷനായി നിയമിച്ചത്. അവിടെയും ജോസഫ് കമ്മിഷൻ ആവശ്യപ്പെട്ടിട്ട് ഈ ഗവൺമെന്റ് പോയില്ല. ഈ ഗവൺമെന്റ് അവിടെയും തെളിവു കൊടുത്തില്ല. ജോസഫ് കമ്മിഷൻ ആവശ്യപ്പെട്ടു. കേരള ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്. ജോസഫ് കമ്മിഷൻ പല തവണ ആവശ്യപ്പെട്ടിട്ടും സഹകരിച്ചില്ല. ഇവിടത്തെ പിന്നോക്ക വിഭാഗങ്ങൾ ഗവൺമെന്റിനോട് അഭ്യർത്ഥിച്ചു, നിങ്ങളെടുക്കുന്ന നിലപാട് ശരിയല്ല, നിങ്ങൾ ജോസഫ് കമ്മിഷന്റെ മുമ്പാകെ പോകണം എന്ന്. പക്ഷെ ഗവൺമെന്റ് കൂട്ടാക്കിയില്ല. അപ്പോൾ സുപ്രീംകോടതിയിൽ ഗവൺമെന്റിന്റെ നിലപാട് അറിയിച്ചില്ലെന്ന് മാത്രമല്ല, ആ വിധിയിലെ

നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ച ജസ്റ്റീസ് ജോസഫ് കമ്മിഷന്റെ മുമ്പാകെ പിന്നോക്ക വിഭാഗങ്ങൾ ഈ ആവശ്യമുയർത്തിയിട്ടും ഈ ഗവൺമെൻറ് ഗവൺമെന്റിന്റെ അഭിപ്രായം പറയാൻ അവരുടെ മുമ്പിൽ പോയില്ല. അങ്ങനെയാണ് 13.12.1999-ൽ ആ വിധി വന്നത്. അങ്ങനെ ആ കമ്മിഷന്റെ റിപ്പോർട്ട് കോടതി അംഗീകരിച്ചു. ഈ വിധിക്കെതിരായി റെവ്യൂ കൊടുക്കാൻ പിന്നോക്ക വിഭാഗങ്ങളിൽ പലരും സർക്കാരിനോട് ആവശ്യപ്പെട്ടു. സുപ്രീം കോടതിയുടെ വിധിക്കെതിരായി റെവ്യൂ കൊടുക്കണമെന്നുള്ള ഒരാവശ്യം ഇവിടെ പിന്നോക്ക വിഭാഗങ്ങൾ ഉന്നയിച്ചു. അങ്ങനെയൊരു റെവ്യൂ കൊടുത്തിരുന്നുവെങ്കിൽ ഒരു പക്ഷെ ഇത്തരത്തിലുള്ള ഒരു തീരുമാനമുണ്ടാകുമായിരുന്നില്ല. ഇത് മാറ്റികിട്ടിയേനെ. കേരളാ ഗവൺമെന്റ് അതിനും തയ്യാറായിട്ടില്ല. ഏറ്റവുമൊടുവിൽ നരേന്ദ്രൻ കമ്മിഷന്റെ മുമ്പാകെയും ഈ ഗവൺമെന്റ് ഗവൺമെന്റിന്റെ അഭിപ്രായം അറിയിക്കാൻ പോയിട്ടില്ല. ഇന്നലെ മാതൃഭൂമി പത്രത്തിൽ വന്ന ഒരു വാർത്ത, ഒരു വരി മാത്രമേ ഞാൻ വായിക്കുന്നുള്ളു. 'സർക്കാരിന്റെ നിലപാട് അറിയിക്കണമെന്നാവശ്യപ്പെട്ട് കമ്മിഷൻ ചീഫ് സെക്രട്ടറിക്കും എഴുതിയിരുന്നു. രാഷ്ട്രീയ തീരുമാനമാകാത്തതുമൂലമാണ് സർക്കാരിന്റെ നിലപാടറിയാൻ കഴിയാതെ പോയത് എന്നാണ് കരുതുന്നത്. ഏതായാലും ചീഫ് സെക്രട്ടറി ഗവൺമെന്റിന്റെ അഭിപ്രായം കമ്മിഷൻ മുമ്പാകെ അറിയിച്ചില്ല. മേൽത്തട്ട് നിർണ്ണയത്തിന് മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് 1996 ഡിസംബർ നാലാംതീയതി സുപ്രീം കോടതി വിധിയെ തുടർന്ന് ഹൈക്കോടതി നിയമിച്ച ജസ്റ്റീസ് കെ.ജെ. ജോസഫ് കമ്മീഷൻ മുമ്പാകെയും സർക്കാർ തെളിവ് നൽകിയിരുന്നില്ല. ഉദ്യോഗ നിയമനത്തിൽ പിന്നോക്ക പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ നൽകാനും സർക്കാർ തയാറായില്ല, അപ്പോൾ കേരള ഗവൺമെന്റ് ഒളിച്ചുകളിക്കുകയാണ്. കേരളാ ഗവൺമെന്റ് ക്രീമിലെയർ പ്രശ്നത്തിൽ അഭിപ്രായം തുറന്നു പറയാതെ സൗകര്യപൂർവ്വം ഒളിച്ചുകളിക്കുന്നുവെന്നുള്ളത് വളരെ വ്യക്തമാണ്. ഈ വിവരങ്ങൾ ഇന്നത്തെ മലയാള മനോരമയിലും വന്നിട്ടുണ്ട്. അതിലെ ഒരു വാചകം വായിക്കാനുദ്ദേശിക്കുകയാണ്. 'മേൽത്തട്ട് സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിന്റെ കാഴ്ചപാട് ചോദിച്ച് നരേന്ദ്രൻ കമ്മിഷൻ കത്തെഴുതിയിരുന്നെങ്കിലും സർക്കാർ തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി. ഇടതുമുന്നണിക്കുള്ളിൽതന്നെ അഭിപ്രായ ഐക്യമില്ലാത്ത പ്രശ്നത്തിൽ അഭിപ്രായം പറഞ്ഞ് ഒരു പുലിവാൽ പിടിക്കേണ്ട' എന്നുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചത്. സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞ് ചീഫ് സെക്രട്ടറിക്ക് അയച്ച കത്തിനു ഗവൺമെന്റ് ഈ കാര്യത്തിൽ ഞങ്ങൾക്ക് പ്രത്യേക നിലപാടില്ലെന്ന മറുപടിയാണ് കമ്മിഷന് അയച്ചുകൊടുത്തിട്ടുള്ളത്' ഇതിൽ കൂടുതൽ എന്താണ് ഒളിച്ചുകളി? ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സി.പി.ഐ -യുടെ ഒരു പ്രഖ്യാപിത നിർദ്ദേശം ക്രീമിലെയർ നടപ്പിലാക്കുന്നതോടുകൂടി പിന്നോക്കക്കാരുടെ സംവരണം നഷ്ടപെടാതിരിക്കാൻവേണ്ടി ഒരു നിർദ്ദേശം പലപ്പോഴും പറയാനുണ്ട്. അതായത് ക്രീമിലെയറിൽനിന്നും ഒഴിവാക്കി സംവരണം കൊടുക്കുമ്പോൾ യോഗ്യതയുള്ള ആളുകൾ ഇല്ലാത്തതിന്റെപേരിൽ സ്ഥാനങ്ങൾ നികത്തപ്പെടാതെ വരുന്ന അവസ്ഥ ഒഴിവാക്കാൻ ക്രീമിലെയറിൽപ്പെട്ട ആളുകൾക്ക്തന്നെ നിയമനം നടത്താനുള്ള വഴി കണ്ടെത്തണം. അതിന് ഭരണഘടനാ ഭേദഗതി കൊണ്ടുവരണമെന്ന് നിങ്ങൾ പലപ്പോഴും പറയാറുണ്ട്. പക്ഷെ നിങ്ങൾ ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളത് ഈ ഒരു പ്രമേയം മാത്രമാണ്. ആ പ്രമേയത്തിൽ ഈ കാര്യം നിങ്ങൾ വിശദീകരിച്ചിട്ടില്ല. സത്യം പറഞ്ഞാൽ, പിന്നോക്കക്കാരെ കബളിപ്പിക്കാനും തെറ്റിദ്ധ

LIBRARY ARCHIVES Kerala Legislative Assembly

രിപ്പിക്കാനുംവേണ്ടി പ്രചാരണത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ള ഒരു പ്രചരണം മാത്രമായി ഈ പ്രമേയം ഒതുക്കി നിറുത്തിയിരിക്കുകയാണ്. നിങ്ങൾ പറഞ്ഞതിൽ ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ എന്തുകൊണ്ട് ഒരു പ്രമേയത്തിലോ ഉപക്ഷേപത്തിലോ ആ ഒരു കാര്യം കൊണ്ടുവന്നുകൂടായിരുന്നു. നിങ്ങൾ കൊണ്ടുവന്നിട്ടില്ല. അപ്പോൾ നിങ്ങൾ പിന്നോക്കക്കാരുടെയിടയിൽ അത് പറയണം. അത് പ്രചരിപ്പിക്കണം. അത് മാത്രമേ നിങ്ങൾക്ക് ഉദ്ദേശമുള്ളു. നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടായിരുന്നുവെങ്കിൽ ഈ പ്രമേയത്തിൽ ആ കാര്യം എടുത്ത് പറയേണ്ടിയിരുന്നു. അത് പറഞ്ഞിട്ടില്ല. നിങ്ങൾ അതിൽനിന്നുപോലും പുറകോട്ടുപോയിയെന്നാണ് ഞാൻ മനസ്സിലാക്കേണ്ടത്. ഇവിടെ നിങ്ങൾക്ക് ആ കാര്യം ആവർത്തിച്ച് എടുത്തു പറയാൻ കഴിയുമോ? അതിന് അനുകൂലമായ ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ കഴിയുമോ? ഒരു പ്രമേയം കൊണ്ട് നമുക്ക് എന്താണ് ഗുണം? ഞാൻ ചോദിക്കട്ടെ, സംസ്ഥാന ഗവൺമെന്റിലെ ഉദ്യോഗസ്ഥന്മാരുടെ സംവരണ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഇടപെടുമോ? ഈ ഗവൺമെന്റല്ലേ നിയമം പാസ്സാക്കേണ്ടത്? ഈ ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു നിയമം പാസ്സാക്കി ഭരണഘടനാ ഭേദഗതിക്കുവേണ്ടിയല്ലേ ശ്രമിക്കേണ്ടത്. അങ്ങനെയല്ലേ കാര്യങ്ങൾ നേടിയെടുക്കാൻ കഴിയുകയുള്ളു. ഇവിടെ പ്രമേയം പാസ്സാക്കിയതുകൊണ്ട് വല്ല കാര്യമുണ്ടോ? ഇവിടെ നിയമമാണ് പാസ്സാക്കേണ്ടത്. ഇവിടെ നിയമം കൊണ്ടുവരണം. എന്നിട്ട് ആ നിയമം ഒൻപതാം ഷെഡ്യൂളിൽപ്പെടുത്തണമെന്ന് ആവശ്യപ്പെടണം. അങ്ങനെ നേടിയെടുക്കണം. പ്രമേയം കൊണ്ടുവന്നിട്ട് കാര്യമില്ല. അപ്പോൾ നിങ്ങളുടെ ഉദ്ദേശം ഒരു പ്രചരണം മാത്രമാണ്. വരാൻ പോകുന്ന പഞ്ചായത്ത് മുനിസിപ്പൽ തെരഞ്ഞെടുപ്പുകളെ മുന്നിൽ കണ്ടിട്ട് പിന്നോക്കക്കാരെ തെറ്റിദ്ധരിപ്പിച്ച് വോട്ടുവാങ്ങിക്കാൻ വേണ്ടിയുള്ള തന്ത്രം മാത്രമായിട്ടാണ് ഇതിനെ ഞങ്ങൾ കാണുന്നത്. ഈ നിയമസഭയുടെ സമ്മേളനം അവസാനിക്കുന്ന ദിവസം ഈ പ്രമേയം ആ ദുരുദ്ദേശത്തോടുകൂടിയാണ് കൊണ്ടുവന്നിട്ടുള്ളത്. നിങ്ങൾക്ക് ഈ കാര്യത്തിൽ യാതൊരു ആത്മാർത്ഥയുമില്ലയെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ ഇന്ന് നമ്മൾ ചർച്ച ചെയ്യുന്ന വിഷയം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ വിഷയത്തിൽ നമുക്കെല്ലാവർക്കും യോജിക്കാൻ കഴിയുന്ന ഒരു പ്രശ്നമുണ്ട്. അത് എന്താണെന്നു ചോദിച്ചാൽ.....ഞാൻ കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റിന്റെ അഭിപ്രായം പറയാം. ബഹുമാനപ്പെട്ട തങ്കച്ചൻ സൂചിപ്പിച്ച ചില വിമർശനങ്ങൾക്ക് മറുപടിയും പറയാം. ഗവൺമെന്റിന്റെ അഭിപ്രായം മുഖ്യമന്ത്രി പറയും. ഞാൻ പാർട്ടിക്കുവേണ്ടിയാണ് സംസാരിക്കുന്നത്. ഞാൻ സംസാരിക്കുന്നത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) യുടെ പ്രതിനിധിയെന്നുള്ള നിലയ്ക്കാണ്. ഇപ്പോൾ ഞാൻ പ്രസംഗിക്കുന്നത് സി.പി. ഐ (എം)ന് വേണ്ടിയാണ്..... (തടസ്സം).....

മുന്ന് റോളൊന്നുമല്ല അഭിനയിക്കുന്നത്. ഭർത്താവായിട്ട്, അച്ഛനായിട്ട്, ആങ്ങളയായിട്ട്, അനുജനായിട്ട്, മകനായിട്ട് എന്ന് തുടങ്ങി എല്ലാ റോളും ഒരു പോലെ അഭിനയിച്ചാൽ അപകടമാണ്. ഇത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. എല്ലാവർക്കും യോജിക്കാൻ കഴിയുന്ന ഒരു പ്രശ്നം ഞാൻ പറയാം. അത് എന്താണെന്ന് ചോദിച്ചാൽ പിന്നോക്ക സമുദായക്കാർക്ക് ആർട്ടിക്കിൾ 16 ഓഫ് ദി കോൺസ്റ്റിറ്റ്യൂഷൻ ഗ്യാരന്റി ചെയ്യുന്ന, നിർദ്ദേശിക്കുന്ന സംവരണാനു

LIBRARY ARCHIVES Kerala Legislative Assembly

കൂല്യം ഒട്ടും നഷ്ടപ്പെടരുത്. ഇത് എല്ലാവർക്കും സമ്മതമാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) ആ കാര്യത്തിൽ ആരുടെയും പിന്നിലല്ല. സംവരണാനുകൂല്യം ഒരു കാരണവശാലും നഷ്ടപ്പെടരുത്. ഞാൻ ഉദാഹരണമായി പറയാം. അതിന്റെ ഓപ്പറേഷൻ പാർട്ടിൽ അല്ലറ ചില്ലറ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. അതിൽ ക്ളിംഗ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. എല്ലാവർക്കും റിസർവേഷൻ വേണം. റിസർവേഷൻ നഷ്ടപെടാൻ പാടില്ല. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ മാർക്സിസ്റ്റ് പറയുന്നത് സംവരണം വേണം. ഇതിൽ ഞങ്ങൾ പറയുന്നത് 100 പോസ്റ്റുകൾ ഈഴവ സമുദായത്തിന് റിസർവേഷനുണ്ടെന്ന് വിചാരിക്കുക. ഒരു കാരണവശാലും അത് 99 ആകാൻ പാടില്ല, 100 തന്നെയാകണം. 100 പോസ്റ്റുകൾ മുസ്ലീം വിഭാഗത്തിൽപ്പെട്ട പിന്നോക്ക സമുദായക്കാർക്കുണ്ടെങ്കിൽ അത് ഒരു കാരണവശാലും 99 ആകാൻ പാടില്ല. 100 തന്നെയാകണം.

സർ, പക്ഷേ ഇപ്പോഴത്തെ സുപ്രീം കോടതി വിധി ഞങ്ങൾ യോജിക്കുന്ന വിധിയൊന്നുമല്ല. ആ വിധിയിൽ ഞങ്ങൾ subtle ആയി differ ചെയ്യുന്ന ഒരു പ്രശ്നമുണ്ട്. അതെന്താണെന്നു ചോദിച്ചാൽ അത് മനസ്സിലാക്കണം, എന്താണ് ഞങ്ങൾ differ ചെയ്യുന്നതെന്ന്. പിന്നോക്കക്കാരിൽ സമ്പന്നരായവരെ മാറ്റി നിർത്തിയിട്ട് മറ്റുള്ളവർക്ക് ജോലി കൊടുക്കണം. അങ്ങനെ മറ്റുള്ള പാവപ്പെട്ടവരിൽ ക്വാളിഫൈഡ് ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ..... ഇപ്പോൾ 100 പോസ്റ്റുണ്ട്. അതിൽ പിന്നോക്കക്കാരിൽനിന്ന് 60 ആളിനെ കിട്ടിയുള്ളൂ. കാരണം പാവപ്പെട്ടവരിൽനിന്ന് അത്രയും എലിജിബിൾ കാന്റിഡേറ്റ്സ് ഇല്ല. അങ്ങനെയാണെങ്കിൽ ആ 40 ഓപ്ഷൻ ക്വാട്ടയിൽ പോകണമെന്നുള്ള സുപ്രീംകോടതി വിധിയെ പല്ലും നഖവും ഉപയോഗിച്ച് ഞങ്ങളുടെ പാർട്ടി എതിർക്കുന്നു. ഇലക്ഷൻ തന്ത്രമാണ് എന്നൊക്കെ പറഞ്ഞതിന് ഞാൻ മറുപടി പറയാം. ആരാണ് കളിച്ചതെന്നും പറഞ്ഞു തരാം. അതുകൊണ്ട് ഒരു കാരണവശാലും ഓരോ വിഭാഗത്തിനുമുള്ള സംവരണം. ഒരൊറ്റ പോസ്റ്റിലും കുറയാൻ പാടില്ല എന്ന് ഞാൻ തറപ്പിച്ചുപറയുന്നു. അത് ഇവിടത്തെ ജനറൽ ഫീലിംഗാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) അതിന്റെ പിന്നിലുമുണ്ട്. മറ്റൊരു കാര്യം ഞങ്ങൾ എന്താണ് പറയുന്നത്? ഇതുവരെ പറഞ്ഞ ചില അസത്യങ്ങൾ സത്യങ്ങളായി പിടഞ്ഞെഴുന്നേൽക്കുമ്പോൾ പ്രതിപക്ഷം ബേജാർ ആകുന്നത് സ്വാഭാവികമാണ്. ഞാൻ പറഞ്ഞുതരാം. ഞങ്ങൾ പിന്നോക്കക്കാർക്ക് എതിരാണെന്നാണ് നിങ്ങൾ പറഞ്ഞത്. ഞാൻ പറയുന്നത് സമ്പന്നരായ വിഭാഗം പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഇല്ല. ഒരൊറ്റ ആൾ ധനികനായ പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനുമില്ല. അതു ഈ അടുത്ത കാലത്തൊന്നും ഉണ്ടാവുകയുമില്ല. അവരുടെ അത്രയും ഹിസ്റ്റോറിക്കലായി എല്ലാം നിഷേധിക്കപ്പെട്ട് ചാതുർവർണ്യത്തിൽവരെ പെടാതെ പഞ്ചമനായിട്ടും ചണ്ഡാലനായിട്ടും നീചനായിട്ടും മുദ്ര അടിച്ച ആ വിഭാഗങ്ങളിൽ അടുത്തൊന്നും സമ്പന്നരുണ്ടാവുകയില്ല. ബാക്ക് വേർഡ് കമ്മ്യൂണിറ്റിയെ സംബന്ധിച്ചിടത്തോളം അതല്ല പൊസിഷൻ. However small the number may be.....എത്ര ചെറുതാണെങ്കിലും ഒരു ചെറിയൊരു വിഭാഗം സമ്പന്നരുണ്ട് എന്നുള്ളത്. അതോർക്കുമല്ലോ? അതുകൊണ്ട് ആ സമ്പന്നരുടെ പരിധി എത്രയാകണം. കോൺഗ്രസ് നല്ലൊരു സ്റ്റാന്റ് എടുത്തു. 3.60 ലക്ഷം. അതിന്റെ മുകളിലുള്ളവരെ സമ്പന്നരായി കണക്കാക്കണം. അതിൽ തർക്കമില്ല. നല്ല അഭിപ്രായമാണ്. അതുകൊണ്ട് However, their number may be small there is a microscopic section which may be the affluent class. അതുകൊണ്ട് അവരെ ഓപ്ഷനായി വച്ചാൽ സമ്പന്നനേയും അല്ലാത്തവരേയും ഒ.ബി.സിയിൽ ഒന്നിച്ചു റിസർവേഷനിൽ വച്ചാൽ ആദ്യത്തെ Indire Sahani

LIBRARY ARCHIVES Kerala Legislative Assembly

case -ലും വളരെ ക്ളിയറായി പറയുന്നത് എന്താണെന്നുവച്ചാൽ പുരോഗതി കൈവരിച്ച ചില വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ തുടർന്നും നൽകിയാൽ സമാനരായ ആളുകളെ അസമാനരായി കരുതുന്നതിനും തുല്യമാണ്. രണ്ടാമത് അവരെ പിന്നോക്ക വിഭാഗങ്ങളിൽ അവശേഷിക്കുന്നവരുമായി ചേർത്താൽ അസാമാനരായ ആളുകളെ സമാനരായി കണക്കാക്കുന്നതിനും തുല്യമാണ്. It will be equalizing the unequals. അതുകൊണ്ട് സമ്പന്നവിഭാഗത്തിൽപ്പെട്ട ആളുകൾ എത്ര ചെറുതായാലും വേണ്ടില്ല. പാവപ്പെട്ട പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കുന്ന പോസ്റ്റ് ഒരു കാരണവശാലും സമ്പന്നർ എടുത്തുകൊണ്ടു പോകാൻ പാടില്ല. പാവപ്പെട്ടവർക്ക് മുൻഗണന കിട്ടണം, എന്നുമാത്രമേ ഞങ്ങൾ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് 100 പോസ്റ്റ് ഈഴവയ്ക്കുണ്ടെങ്കിൽ അതിൽ 60-ൽ സമ്പന്നന ഒഴിവാക്കിയിട്ടുണ്ടെങ്കിൽ ബാക്കി 40 ഉണ്ടല്ലോ. ആ 40-ന് സുപ്രീം കോടതി പറഞ്ഞതിന് ഞങ്ങൾ എതിരാണ്. ആ 40 ക്രീമിലെയറിൽ വരുന്നവരെങ്കിൽ അവർക്ക് കൊടുക്കണം. ആ സമുദായത്തിന് കൊടുക്കണം. ആരായാലും വേണ്ടില്ല. ആ 40 പോസ്റ്റ് ഒരു കാരണവശാലും ഓപ്പണാകാൻ പാടില്ല എന്നു മാത്രമല്ല മറ്റൊരു സമുദായത്തിലേക്ക് മാറാൻ പാടില്ല. മാത്രമല്ല അതേ സമുദായത്തിൽപ്പെട്ട ആള് ക്രീമിലെയറിൽ വരുന്ന ആളാണെങ്കിൽ, അയാൾ പടു സമ്പന്നൻ ആണെങ്കിലും കോടീശ്വരനാണെങ്കിലും അയാൾക്ക് കൊടുക്കണം. ഇതാണ് ഞങ്ങൾ പറഞ്ഞത്. ഇതിൽ എന്താണ് പിശക്? ഇതൊരു class approach അല്ലേ? ഒരു class approach ഒരു class party-ക്കേ ഉണ്ടാവുകയുള്ളൂ. ഓരോ പാർട്ടിക്കും ഓരോ അഭിപ്രായം ആയിരിക്കും. രണ്ടാമത്തെ പോയിന്റ് ഫോർവേഡ് കമ്യൂണിറ്റിയിലെ പാവപ്പെട്ടവർക്ക് 10% റിസർവേഷനെ ബാധിക്കാതെ ഓപ്ഷൻ ക്വാട്ടയിൽ നിന്നുകൊടുക്കണം. 10 ശതമാനം എങ്കിലും പാവങ്ങൾക്കുവേണ്ടി റിസർവ് ചെയ്യണം. ഈ കാര്യങ്ങളാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. ആരും പിന്നോക്കക്കാർക്ക് എതിരല്ല. മുന്നോക്ക വിഭാഗത്തിലെ പാവങ്ങൾക്ക് 10% ഓപ്ഷൻ ക്വാട്ടയിൽ നിന്ന് കൊടുക്കുകയും വേണം. ഞങ്ങളുടെ ലൈൻ വളരെ ക്ളിയറാണ്.അപ്പോൾ ഞാൻ തറപ്പിച്ചു പറയുന്നു സംവരണം ഇപ്പോൾ കിട്ടിയിട്ടുള്ള ഓരോ സമുദായത്തിനും ഒരു പോസ്റ്റ് സമുദായത്തിന് നഷ്ടപെടാൻ പാടില്ല. അത് അവർക്ക് തന്നെ കിട്ടണമെന്നാണ് സി.പി.ഐ. (എം) ശക്തിയായി വാദിക്കുന്നത്. മറ്റൊരു കാര്യം, കമ്മീഷൻമുമ്പാകെ 3.60 ലക്ഷത്തിന്റെ വർത്തമാനം പറയാൻ കാരണം അതിന് കമ്മീഷനിൽ സ്ക്കോപ്പില്ലെന്നാണ് പറഞ്ഞത്.

Then you could have boycotted the Commission. Why did you propose a constructive suggestion?

ഇതിനൊരു സ്ക്കോപ്പുമില്ല. അർത്ഥവുമില്ല. അതുകൊണ്ട് ഞങ്ങൾ ബോയിക്കോട്ട് ചെയ്യുന്നു. എത്ര കമ്മീഷൻസ് ആൾക്കാർ ബോയ്ക്കോട്ട് ചെയ്യുന്നു? why didn't you boycott if the terms of reference is not palatable to you.

ഇതാണ് ക്വസ്റ്റ്യൻ. അതുകൊണ്ട് സി.പി.ഐ(എം) ന്റെ ഒളിച്ചുകളിയും ആത്മാർത്ഥതയില്ലാത്തതും വോട്ട് കിട്ടാൻ വേണ്ടിയും പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ ലക്ഷ്യം കണ്ടുകൊണ്ടും എന്നൊക്കെ പറഞ്ഞത് ക്രൂരമാണ്. മനുഷ്യൻ പൊറുക്കാത്തത് പറഞ്ഞോ തങ്കച്ചാ. ദൈവം പൊറുക്കാത്തത് പറയരുത്. ഞാൻ പറയുകയാണ്. ആരാണ് ജനവഞ്ചന നടത്തിയത്? ആരാണ് ഗ്യാലറിക്കുവേണ്ടി കളിച്ചത്? ആരാണ് ഗൂഢാലോചന നടത്തിയത്, ആരാണ് ഒളിച്ചു കളി നടത്തിയത് എന്ന് സുപ്രീം കോടതി പറയുന്നുണ്ട്.

Unfortunately today, as a matter of political expediency, Governments tend to knowingly violate the Rule of law and the Construction and pass on the buck to the

LIBRARY ARCHIVES Kerala Legislative Assembly

courts to strike down the unconstitutional provisions of the Act passed by the Kerala Assembly. It would then become easy for the Government to blame the courts for striking down the unconstitutional provisions.

അപ്പോൾ ഇത് അൺകോൺസ്റ്റിറ്റ്യൂഷണൽ ആണെന്നറിഞ്ഞുകൊണ്ട് കോടതി തട്ടട്ടെ. passing the baby to the court. കോടതി തട്ടുമെന്ന് നല്ലതു പോലെ അറിഞ്ഞുകൊണ്ട് ഒരു നിയമം കഴിഞ്ഞ തദ്ദേശ സ്വയംഭരണസ്ഥാപന തെരഞ്ഞെടുപ്പുകൾക്ക് മുമ്പ് പാസ്സാക്കിയെടുത്തത് ഞങ്ങളല്ല, നിങ്ങളാണ്. ആരാണ് രാഷ്ട്രീയം കളിച്ചത്. ഇന്ന് അസംബ്ളി പ്രോസീഡിംഗ്സാണ്, ഇതിൽ മുഴുവനുമുണ്ട്, ഞാനും കെ.എം. മാണിയും നടത്തിയ സംവാദം. ഞാൻ വളരെ വ്യക്തമായി പറഞ്ഞു,. ബഹുമാനപ്പെട്ട മാണി, ഇത് അൺ കോൺസ്റ്റിറ്റ്യൂഷണലാണ്, ഇത് നിൽക്കുകയില്ല, ആളെ കളിപ്പിക്കരുത്. ഈ ജാതി നിയമം കൊണ്ടുവരരുത്, കോൺസ്റ്റിറ്റ്യൂഷൻ അമന്റ് ചെയ്യണമെന്ന് ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞതൊക്കെ ഈ അസംബ്ളി പ്രൊസീഡിം ഗ്സിലുണ്ട്,. ഞാൻ ഇത് വായിക്കുന്നില്ല.

' In the event of alternative provisions being made by the State of Kerala either by Executive Order or by Legislative measures, no court shall before parting with the case we may state that the Kerala Governments view....."

അത് കഴിഞ്ഞ് പിന്നെ ഒടുവിൽ പറയുന്നത് അതിലേറെ കഷ്ടം..

" In the present case the State of Kerala (the then Government) did not care if its Chief Secretary was to go behind the bars, it did not care if the real backwards are left in the street, they don't care, they want to make political mileage'.

ആരാണ് ജനവഞ്ചന നടത്തിയത്? ആരാണ് ജനങ്ങളെപ്പറ്റിക്കുവാൻ ഈ നിയമമുണ്ടാക്കിയത്, ഈ നിയമം കെ.എസ്.എസ്.ആറിന് സ്റ്റാറ്റ്യൂട്ടറി പ്രൊവിഷൻ കൊടുക്കുകയാണ് ചെയ്തത്, കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 25 പിന്നോക്ക സമുദായക്കാർക്ക് കമ്മ്യൂണൽ റൊട്ടേഷൻ 1958-ൽ കൊണ്ടുവന്നത് ആരാണ്, ആർട്ടിക്കിൾ 16 നടപ്പിലാക്കിയത് 1958-ൽ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. ആ ഗവൺമെന്റ് കെ. എസ്.എസ് ആർ നടപ്പിലാക്കിയെന്നുള്ളത് ശരിയല്ലേ? can you argue that case?

<u>ശ്രീ. എ.കെ. ആന്റണി</u> : അങ്ങ് സംസാരിക്കുന്നത് മാർക്സിസ്റ്റ് പാർട്ടിക്ക് വേണ്ടിയാണ്. ഗവൺമെന്റിന് വേണ്ടിയല്ല, അതിന് മുഖ്യമന്ത്രി മറുപടി പറയും. ക്രീമിലെയർ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടി യുടെ നിലപാട് അങ്ങ് ഇവിടെ വിശദീകരിച്ചു. ഓരോ പാർട്ടിക്കും വ്യത്യസ്ത സ്റ്റാന്റുണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ സ്റ്റാന്റും വ്യത്യസ്തമാണ്. കേരള ഗവൺമെന്റാണ് ജോസഫ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1,50,000 രൂപയ്ക്കുപകരം എന്തു തുക കൂട്ടികൊടുക്കണമെന്ന് തീരുമാനിക്കാൻ നരേന്ദ്രൻ കമ്മീഷനെ നിയമിച്ചത്. കേരള ഗവൺമെന്റ് നിയമിച്ച നരേന്ദ്രൻ കമ്മീഷന്റെ മുമ്പാകെ ഞങ്ങൾ പറഞ്ഞു മൂന്നു ലക്ഷത്തി അറുപതിനായിരം രൂപയായി ഉയർത്തണമെന്ന്. മാർക്സിസ്റ്റ് പാർട്ടിയുടെ അഭിപ്രായം എന്താണ്? എന്ത് തുക വേണം? അങ്ങ് മാർക്സിസ്റ്റ് പാർട്ടിക്കുവേണ്ടി പറയുകയാണ്. സി.പി.ഐ പറഞ്ഞു 3 ലക്ഷം എന്ന് എത്രയാണെന്നാണ് മാർക്സിസ്റ്റ് പാർട്ടി യുടെ അഭിപ്രായം തൽക്കാലം ഭരണഘടനാ ഭേദഗതി വരുന്നതുവരെ, അങ്ങ

LIBRARY ARCHIVES Kerala Legislative Assembly

യുടെ അഭിപ്രായമനുസരിച്ച് ഭരണഘടനാ ഭേദഗതിയുടെ പ്രശ്നമില്ല. ക്രീമി ലെയർ ഉണ്ട്, ക്രീമിലെയർ ഏർപ്പെടുത്തണമെന്ന് മാർക്സിസ്റ്റ് പാർട്ടിക്ക് നിർബന്ധമാണ്. ക്രീമിലെയർ ഏർപ്പെടുത്തണമെങ്കിൽ വരുമാനപരിധി എത്ര വേണം? നരേന്ദ്രൻ കമ്മീഷൻ അഭിപ്രായം പറഞ്ഞിട്ടില്ല. അസംബ്ളിയിൽ എങ്കിലും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ക്രീമിലെയറിന്റെ പരിധി എത്രയാണെന്നു പറയണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷനെ നിശ്ചയിച്ചത് ജോസഫ് കമ്മീഷനിൽ പറഞ്ഞ ഇൻകം ലിമിറ്റ് പറ്റുകയില്ലായെന്നുള്ളതു കൊണ്ടുതന്നെയാണ്. ഞങ്ങൾ നിയമിച്ചത് അതിനുവേണ്ടി തന്നെയാണ്. അത് മാക്സിമം ഉയർത്തണം. എത്ര ഉയർത്തിയാലും We are going to..... (ബഹളം) ഞങ്ങൾ കൊടു ക്കാൻ പോകുന്നു. ഞങ്ങൾ സ്പെസിഫിക്കായിട്ട് ചർച്ച ചെയ്ത് കൊടുക്കാൻ പോകുന്നു. ഞങ്ങൾ കൊടുക്കും. എന്താ കൊടുക്കത്തില്ല എന്നുണ്ടോ? ഞങ്ങൾക്ക് ലജ്ജയൊന്നുമില്ല. ഞങ്ങൾ യോജിച്ച് കൊടുക്കും, ഞങ്ങൾ കൊടുക്കും, ഗവൺമെന്റ് തീരുമാനിക്കും, ഞങ്ങൾ ഒരുമിച്ച് യോജിച്ചു തീരുമാനിക്കും. യാതൊരു പ്രശ്നവും വേണ്ട.

<u>ശ്രീ. എ.കെ. ആന്റണി</u> : നരേന്ദ്രൻ കമ്മീഷന്റെ സിറ്റിംഗ് കഴിഞ്ഞിരിക്കുന്നു, ഇനി റിപ്പോർട്ട് എഴുതേണ്ടതേയുള്ളു. നരേന്ദ്രൻ കമ്മീഷൻ മുമ്പാകെ എത്ര തുക കൊടുക്കുമെന്നാണ് മാർക്സിസ്റ്റ് പാർട്ടി പറഞ്ഞിരിക്കുന്നത്. ഇതിനെക്കുറിച്ച് നിങ്ങളുടെ നിലപാട് എന്താണ്? പാർട്ടിക്ക് ഇതിനെപ്പറ്റി അഭിപ്രായമുണ്ടെങ്കിൽ പറയണം.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഞങ്ങളുടെ നിലപാട് അവിടെ കൊടുത്തിട്ടുണ്ടാകും. ഏതായാലും 3.6 ലക്ഷം രൂപ വരുമാനത്തിനുമേലുള്ള ക്രീമിലെയർ ഇവിടെ ഉണ്ടെന്ന് നിങ്ങൾ എഴുതികൊടുക്കുന്നതിന് ഇവിടെ ക്രീമിലെയർ ഇല്ലായെന്ന് പറയാനുള്ള ധൈര്യവും നിങ്ങൾക്ക് ഉണ്ടായല്ലോ..... (ബഹളം).....

<u>മി. സ്പീക്കർ</u> : അദ്ദേഹം പൂർത്തിയാക്കട്ടെ, Let him complete.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : വേറൊരു വാചകം. ഇവരുടെ ആത്മാർത്ഥത .. It appears to us that it is thought it better to leave to the court to strike it down, ഞങ്ങൾ ഉണ്ടാക്കിയ നിയമത്തെ കോടതി കൊന്നു തരണമെന്നുള്ള ക്രൂരമായ ആഗ്രഹം വച്ചിട്ടാണ് ആ നിയമം പാസ്സാക്കിയത്, Just blame to the gallery ആ ചോദ്യത്തിനല്ല,. ഈ ചോദ്യത്തിന് നിങ്ങൾ വഴങ്ങുകയാണ്. നിങ്ങൾ എന്തുകൊണ്ട് ജനങ്ങളെ പറ്റിച്ചു, അതുകൊണ്ടാണ് ജനങ്ങൾ നിങ്ങളെ തൂത്തെറിഞ്ഞത്, ആളുകളെ പറ്റിക്കാമെന്ന് നോക്കണ്ട. എനിക്ക് നന്നായി പറയാനുള്ള ഒരു കാര്യം, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) യുടെ പോയിന്റ് (1) റിസർവേഷൻ ഒരു കമ്മ്യൂണിറ്റിക്ക് കൊടുക്കുമ്പോൾ ഒരു കാരണവശാലും ഒരെണ്ണം കുറയാൻ പാടില്ല. (2) അതിൽ സമ്പന്ന വിഭാഗം എത്ര ചെറുതായിരുന്നാലും അവരെ ഒഴിവാക്കിയിട്ടില്ലെങ്കിൽ equalising the unequals ആവും, അതുകൊണ്ട് അതിൽനിന്നും ബാക്കിവരുന്ന പോസ്റ്റ് അതേ സമുദായത്തിലെ ക്രീമിലെയർ ആണെങ്കിലും കൊടുക്കണം. ഒരൊറ്റ പോസ്റ്റും ഒരു സമുദായത്തിന് നഷ്ടപ്പെടാൻ പാടില്ല. അതുപോലെ 10 ശതമാനം പോസ്റ്റ് മുന്നോക്കത്തിലെ ദരിദ്രനാരായണന്മാർക്ക് കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : കോൺഗ്രസിന് അച്ഛന്റെ കൂടെ പൂരത്തിനും പോകണം, അങ്ങയുടെ കൂടെ കിടക്കുകയും വേണം. ഈ നയമാണ് ഇതിലെടുത്തത്. അതുകൊണ്ട് ക്രീമിലെയർ ഇല്ലായെന്ന് ഇവിടെ പറയുകയും ക്രീമിലെയറിനുവേണ്ടി മെമ്മോറാണ്ടം കൊടുക്കുകയും ചെയ്യുന്നു. ഇത് ലോകത്തിൽ ഒരാൾ ചെയ്യുന്നതാണോ..ബഹളം.... ശരി, എനിക്ക് ബുദ്ധിയില്ലായെന്ന് കരുതിയ്ക്കോ, ആര്യാടനെ പോലെ ഇത്ര ബുദ്ധിയുള്ള ആളെ ലോകത്ത് കണ്ടിട്ടില്ല.. (ബഹളം) ഞാൻ ബുദ്ധിയില്ലാത്തവനല്ലേ? അതുകൊണ്ട് ഞാൻ പറഞ്ഞ റിസർവേഷൻ ഒരാൾക്കും ഒരു പോസ്റ്റും നഷ്ടപെടരുതെന്നും അത് അനുഭവിക്കുന്നവർക്ക് നഷ്ടപെടരുതെന്നും ഒരവകാശിക്കുപോലും നഷ്ടപ്പെടരുതെന്നും മുന്നാക്കത്തിലെ 10 ശതമാനം പാവപ്പെട്ടവർക്ക് റിസർവേഷൻ വേണമെന്നും മാത്രമാണ് ഈ സബ്സ്റ്റാന്റീവ് മോഷനിലുള്ളത്. അത് ഐകകണ്ഠേന അംഗീകരിക്കുവാനുള്ള സൻമനസ്സ് കാണിക്കുകയാണ് വേണ്ടത്. ഞാൻ അവസാനിപ്പിക്കുകയാണ്.....ബഹളം.....ബഹളം.....

മി. സ്പീക്കർ : അദ്ദേഹം പറയേണ്ട കാര്യങ്ങളെല്ലാം പറഞ്ഞു,എങ്ങനെ പറയണം, എന്ത് പറയണമെന്ന് പറയാൻ പറ്റുകയില്ല. അദ്ദേഹം പറയേണ്ട കാര്യങ്ങളെല്ലാം പറഞ്ഞു കഴിഞ്ഞു.....ബഹളം.....പ്ളീസ് ആര്യാടൻ..... ഇവിടെ എല്ലാ പാർട്ടികളേയും പ്രതിനിധീകരിച്ച് ഇവിടെ പറയാനുള്ള അവസരം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ആർക്കും തർക്കത്തിന്റെ കാര്യമില്ല . ബഹളം .. ബഹളം .. അതെല്ലാം രേഖയിലുണ്ടാകും നമുക്ക് അതെല്ലാം പരിശോധിക്കാം.

ശ്രീ. എ.കെ. ആന്റണി : ഇവിടെ പ്രസക്തമായ ഒരു കാര്യത്തിന് മാർക്സിസ്റ്റ് പാർട്ടിയുടെ സ്റ്റാന്റ് പറഞ്ഞിട്ടില്ല. അത് അസംബ്ളിയോട് കാണിക്കുന്ന അനാദരവാണെന്നാണ് എന്റെ അഭിപ്രായം.

[9-30 A.M.] മി. സ്പീക്കർ : എല്ലാ കാര്യങ്ങൾക്കും ഉത്തരം പറയാൻ പറ്റുമോ?

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് പറയാനുള്ളത് 'ആരാന്റെ കുട്ടിക്ക് ഭ്രാന്തായാൽ കാണാൻ നല്ല ചന്തം 'എന്നൊരു ചൊല്ലുണ്ട്. കേരളത്തിലെ പിന്നോക്ക ജനവിഭാഗമാകുന്ന കുട്ടിക്ക് ഭ്രാന്തായിരിക്കുകയാണ്. എല്ലാവരും കൂടി കണ്ടു ചിരിക്കുകയാണ്. അതിൽ കവിഞ്ഞൊന്നും ഇവിടെ നടക്കുന്നുവെന്ന് എന്റെ പാർട്ടിക്ക് അഭിപ്രായമില്ല. പുരോഗമനപ്രസ്ഥാനങ്ങൾ ധാരാളം നിലനിൽക്കുന്ന ഒരു സംസ്ഥാനമാണിത്. ബാക്ക്വേഡ് കമ്മ്യൂണിറ്റി ഏതാണ്ട് ജനസംഖ്യയുടെ 80 ശതമാനം വരും. പല രാഷ്ട്രീയ പാർട്ടികളിലായി അണിനിരന്നിട്ടുള്ള ഈ പിന്നോക്ക ജനവിഭാഗങ്ങളുടെ കാര്യം, കാലമിത്രയും ഇവിടെ പറഞ്ഞുപോന്നത് എല്ലാ രാഷ്ട്രീയ പാർട്ടികളിലുംപെട്ട അന്നത്തെ നിലയിൽ വിദ്യാഭ്യാസം കൂടുതലുള്ള, കാര്യങ്ങൾ കൂടുതൽ അറിയാവുന്ന പിന്നോക്കക്കാർ മാത്രമല്ല, മുന്നോക്ക ജനവിഭാഗങ്ങളുൾപ്പെടെയുള്ള നേതാക്കളാണ്, പഠിച്ചവരാണ്, എഴുത്തും വായനയും അറിയാവുന്നവരാണ്. അതുകൊണ്ടൊക്കെയാണ് ഇവിടെ വിപ്ലവ പ്രസ്ഥാനങ്ങൾ വളർന്നുവരികയും ദേശീയ പാർട്ടികൾക്ക് സ്വാധീനമുള്ള ഈ സംസ്ഥാനത്തെ പിന്നാക്കക്കാരുടെ പ്രശ്നങ്ങൾ മുന്നാക്കക്കാർ പറയുകയും അതുപോലെ അത് ഏറ്റെടുത്ത് പ്രസ്ഥാനങ്ങൾ വരികയും ഇവിടെ റിസർവേഷൻ നിയമം വരികയുമൊക്കെ ചെയ്തത്. സ്വാതന്ത്ര്യത്തിനുമുമ്പ് കൊടുത്തോ? അതിനുശേഷം ഇ.എം.എസ് മിനിസ്റ്ററിയുടെ സമയത്ത് കൊടുത്തോ അതിന്ശേഷം പിന്നെ ആരുകൊടുത്തു? അതിന്റെയൊക്കെ ഉത്തരം എന്നുപറയുന്നത് പ്രബുദ്ധമായ കേരളം കൊടുത്തു എന്നു

ള്ളതാണ്. പ്രബുദ്ധമായ കേരളം ജാതിവ്യവസ്ഥയ്ക്കെതിരായി ഇവിടെ നിയമ നിർമ്മാണം നടത്തി. ആ നിയമനിർമ്മാണം അനുസരിച്ച് കുറച്ചുകാലം നടപടികൾ നടന്നു. ഇന്നത്തെ സ്ഥിതി എന്ത്? ഞാൻ അതാണ് പറഞ്ഞത്. ഇപ്പോൾ പിന്നാക്കക്കാരനായ കുട്ടിക്ക് ട്രോന്ത് ആയിരിക്കുന്നു, എല്ലാവരും കണ്ടുചിരിക്കുകയാണ്. എന്ന് ഞാൻ പറയാൻ കാരണം, പിന്നാക്കക്കാരന്റെ ഉദ്യോഗ പ്രാതിനിധ്യത്തെക്കുറിച്ച് സംശയമുള്ള ആളുകൾക്ക് സ്റ്റാറ്റിസ്റ്റിക്സ് നോക്കണ്ട, ബുക്ക് നോക്കണ്ട, അസംബ്ളികമ്മിറ്റിയുടെ പഠന റിപ്പോർട്ട് നോക്കണ്ട. സൂപ്പി ചെയർമാനായിരുന്ന കമ്മിറ്റിയുണ്ട്. അതുകഴിഞ്ഞ് ഇപ്പോൾ ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചെയർമാനായ കമ്മിറ്റിയുണ്ട്. അങ്ങനെയുള്ള കമ്മിറ്റികളുടെ റിപ്പോർട്ട് ഒന്നും നോക്കണ്ട. ചെറിയ ഒരു കാര്യം ചെയ്താൽ മതി, ഈ കേരളത്തിലെ സെക്രട്ടേറിയറ്റിന്റെ വരാന്തയിലൂടെ ഒന്നു നടന്നുനോക്കിയാൽ മതി. നടന്നുനോക്കിയിട്ട് ഇവിടെയുള്ള വളരെ അധ:സ്ഥിതരായ കമ്മ്യൂണിറ്റി .. നമുക്കറിയാമല്ലോ റിസർവേഷൻ കമ്മ്യൂണിറ്റീസ് ഏതാണെന്നുള്ളത്. ഏതായാലും അവർക്കൊക്കെയുള്ള പ്രാതിനിധ്യത്തെക്കുറിച്ചുള്ള നെയിംബോർഡ് ഒന്നുനോക്കിനടന്നാൽ മതിയല്ലോ. എന്നാൽ ഒരുസംശയവും ആർക്കും ഉണ്ടാകില്ല. ആ സ്റ്റാറ്റിസ്റ്റിക്സ് ഒക്കെ നമ്മുടെ മുമ്പിൽ ഉണ്ട്. ഈ സംസ്ഥാനത്ത് പി. എസ്.സി നേരിട്ട് റിക്രൂട്ട്മെന്റ് നടത്തുന്ന ഉന്നത പോസ്റ്റുകളുടെ കാര്യമാണ് ഞാൻ പറഞ്ഞത്. ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകളൊക്കെയെടുത്തു നോക്കുക. അസംബ്ളി കമ്മിറ്റിയുടെ കണക്കുണ്ട്. എന്നിട്ട് ആരും ഈ കാര്യങ്ങളെ സീരിയസായിട്ട് എന്താണ് എടുക്കാത്തത്? ക്രീമിലെയർ എന്നാൽ എന്താണ് സുപ്രീംകോടതി ഉദ്ദേശിച്ചത്? ഒരു ഗ്ളാസ് പാൽ എടുത്തുവച്ചിട്ട് അതിന്റെ ക്രീം, വെണ്ണപാട എന്നുപറഞ്ഞാൽ മുക്കാൽ ഗ്ളാസ് വരുമോ? മുക്കാൽ ഗ്ളാസ് വരില്ല. ഇവിടെ ക്രീമിലെയർ സംബന്ധിച്ച് ജോസഫ് കമ്മിഷന്റെ മുമ്പിൽ എക്കണോമിക്കായിട്ടുള്ള ഓരോരോ സംഖ്യ ഓരോ പാർട്ടികൾ എഴുതികൊടുത്തു എന്നുപറഞ്ഞു. എന്റെ പാർട്ടി എഴുതികൊടുത്തിട്ടില്ല. എഴുതികൊടുക്കാൻ പറ്റില്ല. കാരണം എന്താണെന്നുവച്ചാൽ, ഒരു ഗ്ളാസ് പാൽ എടുത്തുവച്ചിട്ട് അതിലെ വെണ്ണപ്പാട എന്നുപറഞ്ഞാൽ മുകളിൽ ഒരു ചെറിയ പാടയേ വരൂ. ഒരു പക്ഷെ സുപ്രീംകോടതി ഉദ്ദേശിച്ചത് അതായിരിക്കും. വളരെ ക്രീമി. ധനവാൻമാർ, പണക്കാർ, അവർക്കൊക്കെ എന്തിനാണ് ഉദ്യോഗം? അല്ലാതെ സാമ്പത്തിക സംവരണമൊന്നും സുപ്രീംകോടതി അംഗീകരിച്ചിട്ടില്ല. ഇതേവിധിയിൽതന്നെ സുപ്രീംകോടതി പാരാ 115-ൽ ഈ വാദഗതിയെ അൺകോൺസ്റ്റിറ്റ്യൂഷണലാണെന്നു പറഞ്ഞുകൊണ്ട് സ്ട്രക്ക്ഡൗൺ ചെയ്തതാണ്. അതുകൊണ്ടുതന്നെ ഇവിടെ യാതൊരു സംശയവുമില്ല. ക്രീമിലെയർ, വെണ്ണപ്പാട, മേൽപ്പാട എന്നുപറയുന്ന ധനാഢ്യൻമാരെയാണ് ഉദ്ദേശിച്ചത്. ഇവിടെ ക്ളാസ്- 3, ജീവനക്കാർക്കുവരെ ഇപ്പോൾ ക്രീമിലെയർ ബാധകമാകുന്ന സ്ഥിതിയാണ്. പി.എസ്.സിയിൽ നിന്നും അഡ്വൈസ് മെമ്മോ കിട്ടിയവർ നെട്ടോട്ടം ഓടുകയാണ്. അവരുടെ കാര്യം പറയാൻ ആരാണുള്ളത്? അതുപോലെതന്നെ നമുക്കറിയാം, ഇവിടെ ഉദ്യോഗത്തിൽ എത്രയോ പിന്നാക്കക്കാർ എത്രയോ ആളുകൾ ഉണ്ട്. അവർക്ക് ക്രീമിലെയർ ഒരു വലിയ ക്രീമിയായി വന്നിരിക്കുകയാണ്. അതിനെക്കുറിച്ച് ആരും ഒന്നും പറയുന്നില്ല. ഇവിടെ ഞാൻ പറഞ്ഞല്ലോ, വെണ്ണപ്പാട എന്നുപറയുന്നത് ഒരു ഗ്ളാസ് പാലിൽ ഇപ്പോൾ പാട മുക്കാൽഭാഗം ആയിരിക്കുകയാണ്. കേരളത്തിലെ ഉദ്യോഗത്തിൽ മുഴുവൻ. സുപ്രീംകോടതിപറഞ്ഞു, എന്ന ചാൻസ് ഉപയോഗപ്പെടുത്തികൊണ്ട് ക്രീമിലെയർ നടപ്പിലാക്കുകയാണ് ക്ളാസ് 3 ജീവനക്കാർക്കും അതുപോലെയുള്ളവർക്കും സുപ്രീംകോടതി പറഞ്ഞത് ഒന്ന്, ഉദ്ദേ

LIBRARY ARCHIVES Kerala Legislative Assembly

ശിച്ചത് വേറൊന്ന്, നടപ്പിലാക്കികൊണ്ടിരിക്കുന്നത് വേറൊന്ന്, ഇതൊക്കെ ചൂളുവിൽ, പലയാളുകളും ഇരുട്ടിന്റെ മറവിൽ നിന്ന് വേണ്ടാത്ത കണക്കുകൾ തപ്പിയൊപ്പിച്ചുകൊണ്ട് കോടതികളിലൊക്കെ കൊണ്ടുചെന്നു കൊടുത്തു. ഇങ്ങനെയാണോ നമ്മൾ ധരിക്കേണ്ടത്? അല്ലെങ്കിൽ എങ്ങനെയാണ്? പിന്നെ സംവരണ സംരക്ഷണ നിയമം, ഇന്നത്തെ പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന സമയത്ത് അന്ന് നിയമമന്ത്രി ശ്രീമാൻ കെ.എം. മാണിയായിരുന്നു. അന്നത്തെ ക്യാബിനറ്റിനെ പ്രതിനിധീകരിച്ച് അതിന്റെ ചർച്ചയിൽ മുഴുവൻ പങ്കെടുത്തു എഫ്.എസ് നരിമാനുമായി സംസാരിച്ചതിൽ വിനീതനായ ഞാനും ഉണ്ടായിരുന്നു. നരിമാനുമായി ആറേഴു റൗണ്ട് ചർച്ച നടത്തിയതിൽ ഒരു കാര്യം വന്നത്, സുപ്രീംകോടതി വിധിയാണ്. ഇവിടെ ശ്രീ. ടി. ശിവദാസ മേനോൻ ഇടക്ക് വായിച്ച കാര്യങ്ങൾ. അന്നത്തെ ഗവൺമെന്റിന്റെ തലയ്ക്ക് 1992- ൽ ഒരു വിധി വന്നു. ഞങ്ങളാണ് അത് എതിർത്തത്? അതിന്റെയെല്ലാം കുറ്റവും ഞങ്ങൾ ഏൽക്കുന്നു. കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഇതു പോലുള്ള ഒരു സുപ്രീംകോടതി വിധിവന്നാൽ ഈസിയായി നടപ്പിലാക്കിക്കളയാം എന്നു വിചാരിച്ചാൽ സാധിക്കുകയില്ല എന്നുപറഞ്ഞ് ഞങ്ങളുടെ പാർട്ടി നഖശിഖാന്തം എതിർത്തു. അന്ന് ശ്രീമാൻ കെ. കരുണാകരനായിരുന്നു മുഖ്യമന്ത്രി. ഞങ്ങൾ എതിർത്തതുകൊണ്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ല. കോടതി അതിന്റെ വഴിക്കുപോയി. അവസാനം അന്നത്തെ ചീഫ് സെക്രട്ടറിക്കെതിരായി പ്രശ്നങ്ങൾ വന്നു. ഇതൊക്കെ ചരിത്ര സത്യങ്ങളാണ്. ഞങ്ങൾ അതിനെ അന്ന് എതിർത്തു. ഇപ്പോഴും എതിർക്കുന്നു. ഇന്ന് എന്റെ സുഹൃത്ത് ശ്രീ.പി.പി. തങ്കച്ചൻ പ്രസംഗിച്ചപ്പോൾ യു.ഡി.എഫിന്റെ പ്രകടന പത്രികയിൽ സാമ്പത്തിക സംവരണം 10 ശതമാനം കൊടുക്കാൻ തീരുമാനമായി എന്നുള്ള നിലയിൽ പറഞ്ഞു. അത് ശരിയല്ല. എന്റെ പാർട്ടി 10 ശതമാനം സാമ്പത്തിക സംവരണം കൊടുക്കാൻവേണ്ടി അംഗീകരിച്ചു എന്നല്ല അതിൽ പറഞ്ഞിരിക്കുന്നത്. അതിൽ പറഞ്ഞിരിക്കുന്നത്. ഇതിനുവേണ്ടി ഒരു കമ്മീഷനെ വയ്ക്കാൻവേണ്ടി..... അതിനെപ്പറ്റി പഠിക്കാൻ ഒരു കമ്മീഷനെ വയ്ക്കാൻ..... അടുത്ത വാചകംകൂടി അദ്ദേഹം വായിക്കേണ്ടതായിരുന്നു. സാമ്പത്തിക സംവരണം ഞങ്ങൾ അംഗീകരിച്ചിട്ടില്ല. ഈ പ്രമേയത്തിന്റെ മുമ്പിലെ ഭാഗം പിന്നോക്കക്കാരെ സുഖിപ്പിക്കാൻ കൊള്ളാം. അവസാനത്തെ ഭാഗം മുന്നോക്കക്കാരെയും സുഖിപ്പിക്കാൻ കൊള്ളാം എന്നു പറയുന്നതല്ലാതെ ഇത് ഒരിക്കലും ആർക്കും നടപ്പിലാക്കാൻ കഴിയാത്ത ഒന്നാണ്. കാരണം 10 ശതമാനം ഞങ്ങൾ അനുകൂലിച്ചിട്ടു കാര്യമില്ല. ഭരണഘടനാ വിരുദ്ധമാണ്. ഞാൻ പറയുന്നത് അങ്ങനെ ഒരു ഏർപ്പാടേയില്ല. ഇന്ത്യൻ ഭരണഘടന അതിന് അനുവദിക്കുകയില്ല. ഭരണഘടനയിലെ 16(4) അനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ഔദ്യോഗിക പ്രമേയത്തിൽ വായിച്ചല്ലോ. ആ ഔദ്യോഗിക പ്രമേയത്തിൽ പറഞ്ഞിട്ടുള്ളതു മുഴുവൻ ശരിയാണ്. ആ ചരിത്ര യാഥാർത്ഥ്യമാണ് റിസർവേഷൻ വരാൻ കാരണം. ജാതികളെ അടിച്ചമർത്തി, പിന്നോക്കക്കാരെ അടിച്ചമർത്തി. ആ ഒരു സംഭവത്തിന്റെ പേരിലാണ് റിസർവേഷൻ തന്നെ അതുകൊണ്ടാണ് വന്നത്. 16(4) ഭരണഘടനയിൽ അതെല്ലാതെ ഒരു വകുപ്പില്ല. ഏതു ഭരണഘടന വച്ചാണ് ഇവിടെ സാമ്പത്തിക സംവരണം കൊടുക്കാൻ പോകുന്നത്. ഭരണഘടനയിൽ ഇല്ലാത്ത ഒരു കാര്യം ഇങ്ങനെ പറയുന്നത് സുപ്രീംകോടതി പാട ഒഴിവാക്കാൻ വേണ്ടി പറഞ്ഞു. അത് ഇങ്ങോട്ടു കിട്ടിയപ്പോൾ നമ്മുടെ നാട്ടിലൊക്കെ പറയും കോഴികുഞ്ഞിന് കൽകുഞ്ഞിനെ കിട്ടിയാൽ കൊണ്ടൊരു ഓട്ടം എന്നുപറഞ്ഞതുപോലെ, കിട്ടേണ്ടതുകിട്ടി എന്നുപറഞ്ഞ് എല്ലാവരുംകൂടി ഓടുകയാണ്. എന്നിട്ട് ക്ളാസ്

LIBRARY ARCHIVES Kerala Legislative Assembly

-3 ജീവനക്കാരേയും ബാക്കിയുള്ളവരേയുമൊക്കെ ക്രീമിലെയറിൽപ്പെടുത്തി. പി.എസ്.സി. അഡ്വൈസ് മെമ്മോ കിട്ടിയ ആളുകൾവരെ വെയിലത്തുനടക്കുകയാണ്. ഇത് എവിടത്തെ നിയമമാണ്. ഈ പിന്നാക്കക്കാരെ 80 ശതമാനം, അവർ, പ്രതിനിധാനം ചെയ്യുന്ന ഒരു സംസ്ഥാനത്ത് ആരും ശ്രദ്ധിക്കാതെ ആരും സിൻസിയറായി എടുക്കാതെ, ആരും സീരിയസായി എടുക്കാതെ ഇങ്ങനെ നടന്നുനീങ്ങുന്നത് എവിടത്തെ നിയമമാണ്? പോയി എഴുതികൊടുത്തു എന്നുപറഞ്ഞു. എന്റെ പാർട്ടി അവിടെപോയി എഴുതികൊടുത്തിട്ടില്ല. തൽക്കാലം ഇത്ര പെർസെന്റ് എന്നുപറഞ്ഞ് ഞങ്ങൾ എഴുതികൊടുത്തിട്ടില്ല. എഴുതികൊടുക്കാതിരിക്കാൻ കാരണം ഞങ്ങൾ അതിനെ അംഗീകരിക്കുന്നില്ല. നിയമവിരുദ്ധമാണ്. ഒരു കാര്യം നടപ്പിലാക്കുന്നില്ല എന്നു വിചാരിച്ച് വിട്ടുവീഴ്ച ചെയ്യണോ? അവസാനംവരെ പയറ്റിയതാണ്. ഈ റിസർവേഷനൊക്കെ വന്നത് പിന്നോക്കക്കാരുടെ പയറ്റുകൊണ്ടല്ലേ? പിന്നാക്ക ജാതിക്കാരുമാത്രം ഫയ്റ്റുചെയ്തു എന്നു ഞാൻ പറയുന്നില്ല. ഉൽബുദ്ധ കേരളം ഫയറ്റുചെയ്തുവന്ന ഒരു സംഗതിയാണ്. അത് അപകടത്തിലായിരിക്കുകയാണ്. എന്നാൽ ഈ ഫയറ്റൊന്നും വേണ്ട. ഒക്കെ അംഗീകരിച്ച് പൊയ്ക്കൊള്ളാം എന്നുവിചാരിക്കാൻ പറ്റുമോ? എന്നാൽ എല്ലാം ശരിയായതിനുശേഷവും റിസർവേഷൻ കൽപാന്ത കാലം വരെ തുടരണം. തുടരണമെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. എന്തായി എന്നു നോക്കണ്ടേ? ഓരോ വിഭാഗത്തിന് അതാതു ഡിപ്പാർട്ടുമെന്റിൽ കിട്ടിയ പെർസെന്റേജ് പരിശോധിക്കണ്ടേ? എന്നിട്ട് നമുക്കു വേണ്ട എന്നുവയ്ക്കാം എന്ന മാതിരി സാമ്പത്തികമായി ശേഷിയുള്ളവർ ഉദ്യോഗത്തിൽ വേണ്ട എന്നാണെങ്കിൽ പിന്നെ മെറിറ്റിന് 50 പെർസെന്റേജ് നടപ്പിലാക്കിക്കൂടെ? ഒരു ജഡ്ജി ചോദിച്ചിട്ടുണ്ട്. അതിൽ ഡിസെന്റിംഗ് നോട്ട് എഴുതിയ ഒരു ജഡ്ജിയുണ്ട്. എന്താണ് ആ ജഡ്ജിയുടെ പേര്? ജസ്റ്റീസ് പാണ്ഡെ. അദ്ദേഹം എഴുതിയ ആ ഡിസെന്റിംഗ് നോട്ടിൽ പറഞ്ഞിട്ടുണ്ട്. എന്താണെന്നുവച്ചാൽ, അങ്ങനെ സാമ്പത്തികമായുള്ളവരെ മാറ്റി നിർത്തുകയാണെങ്കിൽ മറ്റേ 50 ശതമാനത്തിൽ നിന്നും മാറ്റി നിർത്തിക്കൂടെ? പണക്കാർക്ക് ഉദ്യോഗം വേണ്ട എന്നുവച്ചുകൂടെ? അതൊക്കെ ഇവിടെ വാദഗതിക്ക് പറയാം എന്നല്ലാതെ കാര്യമില്ല. എനിക്ക് ഭരണകക്ഷിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കാര്യമെന്നു പറയുന്നത് എന്താണെന്നുവച്ചാൽ ഈ വേളയിൽ നിങ്ങൾ ചെയ്യേണ്ടത് നിങ്ങളുടെ ഡിക്ളയേഡ് പോളിസിയെങ്കിലും ചെയ്യാൻ നോക്കുക. ഇവിടെ ആന്റണി ഗവൺമെന്റ് ഉണ്ടായിരുന്ന കാലത്ത് നിയമനിർമ്മാണം നടത്തി. ആ നിയമനിർമ്മാണം യഥാർത്ഥത്തിൽ ഡ്രാഫ്റ്റ് ചെയ്യുന്ന കാര്യത്തിൽ അഡ്വൈസ് ചെയ്തത് ഇന്ത്യയിലെ ഏറ്റവും വലിയ ലീഡിംഗ് ലായർ ആയിരുന്ന എഫ്.എസ് നരിമാൻ ആണ്. വലിയൊരു കുടുക്കിൽ ഗവൺമെന്റ് ചെന്നുപെട്ടു. അതിൽനിന്നും തലയൂരാൻ ഒരു ഒറ്റ മാർഗ്ഗമേയുള്ളൂ. എന്താണെന്നുവച്ചാൽ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട് നിയമനിർമ്മാണം നടത്താൻ. അദ്ദേഹം തന്ന അഡ്വൈസ് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. നിങ്ങൾക്ക് ഒരു രക്ഷയുമില്ല. നിയമസഭക്ക് അധികാരമുണ്ട്. ഒറ്റ രക്ഷ മാത്രമേയുള്ളൂ. ആ നിയമസഭയ്ക്കുള്ള അധികാരങ്ങൾ എടുത്തു പ്രയോഗിക്കണം. നിയമനിർമ്മാണം നടത്തണം. കോടതിവിധി മറികടക്കാൻ, അത് സുപ്രീംകോടതി വിധിയാണെങ്കിലും അതാതു നിയമസഭകളുടെ നിയമ നിർമ്മാണാധികാരം ചോദ്യം ചെയ്യാൻ പറ്റില്ല. അതുകൊണ്ട് കേരള നിയമസഭയ്ക്ക് അധികാരമുണ്ട് എന്നുള്ള അഡ്വൈസിന്റെ അടിസ്ഥാനത്തിലാണ് അന്ന് ആ നിയമം നിർമ്മിച്ചത്. ആ നിയമം നിർമ്മിച്ചപ്പോൾ അതിൽ സെക്ഷൻ 5-ൽ പറയുന്നത് ..... അന്നത്തെ ബാക്ക്വേർഡ് കമ്മിഷൻ, ജസ്റ്റീസ് എസ്. 1164/2010.

LIBRARY ARCHIVES Kerala Legislative Assembly

കെ. ഖാദർ ചെയർമാനായ ആ കമ്മിഷൻ ഇവിടെയുള്ളബാക്ക്വേർഡ് കമ്മ്യൂണിറ്റീസിന്റെ സ്റ്റാറ്റിസ്റ്റിക്സ് ഓരോ കമ്മ്യൂണിറ്റിക്കായി നാടാർ എത്ര, ഈഴവ എത്ര, അതുപോലെ ലാറ്റിൻ കത്തോലിക്സ് എത്ര മറ്റു പിന്നോക്കവിഭാഗങ്ങളെത്ര, മുസ്ലീം എത്ര എന്നൊക്കെയുള്ള കണക്ക് സുപ്രീം കോടതിക്ക് കൊടുക്കണമെന്ന് പറഞ്ഞിരുന്നു. കുറെക്കാലം കാത്തു. ആ കമ്മിഷൻ കണക്കു കൊടുത്തിട്ടില്ല. എന്താണു ചെയ്തതെന്ന് അറിഞ്ഞില്ല. നിലവിലുണ്ടായിരുന്ന സെക്ഷൻ 5-ൽ പറഞ്ഞ അന്നത്തെ കമ്മിഷൻ സ്റ്റാറ്റിസ്റ്റിക്സ് കൊടുത്തിട്ടില്ല. അവസാനം കോടതിതന്നെ ഒരു കമ്മിഷനെ വച്ചു. അതാണ് ജോസഫ് കമ്മിഷൻ. ജോസഫ് കമ്മിഷൻ ഗവൺമെന്റിനോട് കണക്ക് ചോദിച്ചു. ഗവൺമെന്റ് കണക്കു കൊടുത്തില്ല. ജാതി തിരിച്ചുള്ള കണക്ക് ഇല്ലായെന്നു പറഞ്ഞു. അവസാനം കമ്മിഷൻ എവിടെനിന്നൊക്കെയോ കണക്കുകൾ തട്ടിക്കൂട്ടി. ആ തട്ടിക്കൂട്ടിയ കണക്കിനെതിരായിട്ടാണ് ഇന്ന് വികാരം വന്നിരിക്കുന്നത്. പി.എസ്.സി. കൊടുത്ത കണക്ക് ശരിയല്ലായെന്ന് പി.എസ്.സി. തന്നെ പറയുന്നു. ഞങ്ങൾ ബോധപൂർവ്വം ചെയ്തതല്ല എന്നുമാത്രമേ അവർ പറയുന്നുള്ളൂ. പി.എസ്.സി. കൊടുത്ത കണക്കിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി എന്തു പറഞ്ഞു? ഈ നിയമം നിലനിൽക്കുന്നതല്ലായെന്ന് പറഞ്ഞു. എന്നാൽ നിയമം നിർമ്മിക്കാനുള്ള സംസ്ഥാന നിയമസഭയുടെ അധികാരത്തെക്കുറിച്ച് സുപ്രീം കോടതി ഒന്നും പറഞ്ഞിട്ടില്ല. അതുകൊണ്ട് വേറെ നിയമം കൊണ്ടുവരാം. വേറെ നിയമം എന്നുപറയുന്നത് ഇവിടെ നിങ്ങളുടെ ഡിക്ലയേർഡ് പോളിസി അനുസരിച്ചാകാമല്ലോ. ഞങ്ങൾ യോജിക്കുന്നില്ല. താത്വികമായി ഞങ്ങൾക്ക് യോജിക്കാൻ കഴിയുകയില്ല. പക്ഷെ നിങ്ങളുടെ ഡിക്ലയേർഡ് പോളിസിയനുസരിച്ച് നിങ്ങൾക്ക് ചെയ്യാമല്ലോ. ശ്രീ. ടി. ശിവദാസമേനോൻ സംസാരിച്ചപ്പോൾ പറഞ്ഞു, ക്രീമിലെയർ നടപ്പിലാക്കുകയാണെങ്കിൽ ഇന്നത്തെ നിർബന്ധ സാഹചര്യത്തിൽ ഏതെങ്കിലും കമ്മ്യൂണിറ്റിക്ക് സംവരണം നഷ്ടപ്പെട്ടാൽ സാമ്പത്തികമായി മുന്നാക്കമുള്ളവർ പോയാൽ അതേ കമ്മ്യൂണിറ്റിക്കു തന്നെ കൊടുക്കണം എന്നുള്ള സി.പി.ഐ.(എം)ന്റെ ഡിക്ലയേർഡ് പോളിസിയനുസരിച്ചുകൂടേ എന്ന്. ആ തരത്തിലുള്ള നിയമനിർമ്മാണം നടത്താൻ നിയമസഭയ്ക്ക് അധികാരമില്ലായെന്ന് ആരാണ് പറഞ്ഞത്. ഈ സുപ്രീം കോടതി വിധിയിൽ അതു മെൻഷൻ ചെയ്തിട്ടില്ല. അങ്ങനെയുള്ള നിയമം ഷെഡ്യൂളിൽപ്പെടുത്താതെതന്നെ നടക്കും. അത് നിയമജ്ഞൻമാർ ഉപയോഗിക്കേണ്ടതാണ്. അങ്ങനെ നടത്തിയിരുന്നുവെങ്കിൽ പിന്നാക്കക്കാർക്ക് നിശ്ചിത ശതമാനം നഷ്ടപ്പെടാതെയിരിക്കുകയെങ്കിലും ചെയ്യുമായിരുന്നല്ലോ. അതിന് ഈ പ്രമേയം കൊണ്ടാവുകയില്ല. നിയമനിർമ്മാണംതന്നെ വേണം. അതേ രീതിയിൽ ഒരു നിയമം നിർമ്മിക്കണം. ആ നിയമം ഇവിടെ ഞാൻ നേരത്തെ പറഞ്ഞതുപോലെ സംസ്ഥാന നിയമസഭയുടെ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടായിരിക്കണം. അങ്ങനെയാണെന്നുണ്ടെങ്കിൽ പിന്നാക്കക്കാരിലെ പാവപ്പെട്ടവർ എന്നുള്ള നിങ്ങളുടെ ഡിക്ലയേർഡ് തത്വമെങ്കിലും നടപ്പിലാക്കാൻ കഴിയും. എന്നാൽ എന്റെ പാർട്ടിക്ക് ഇതിന്റെ ആദ്യഭാഗത്തോട് യോജിക്കാം, രണ്ടാമത്തെ ഭാഗത്തോട് യോജിക്കാൻ വയ്യ. അതുകൊണ്ട് ചങ്കിൽ കുടുങ്ങിയ മാതിരിയാണ്. ഈ പ്രമേയത്തെ എതിർക്കാനും വയ്യ, അനുകൂലിക്കാനും വയ്യ. എന്തു ചെയ്യണമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇടയ്ക്കുവച്ച് ഇറങ്ങിപ്പോയാലോ എന്നുള്ളതാണ് ഞങ്ങൾ ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്. ഈ നടക്കാത്ത കാര്യങ്ങളൊക്കെ പറഞ്ഞിട്ട് ..... പ്രമേയത്തിൽ സാമ്പത്തിക സംവരണം എന്നുള്ളത് നിയമവിരുദ്ധമാണെന്ന് ഞാൻ പറഞ്ഞല്ലോ. ഇപ്പോൾ ഇവിടെ എനിക്കു പറയാനുള്ളത് പിന്നാക്കക്കാരുടെ ദയനീയ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതി നിങ്ങൾ പരിഗണിക്കണമെന്നുള്ളതാണ്. ചരിത്രപരമായ വിഡ്ഢിത്തര മായിരിക്കും ഈ കാര്യം ഇങ്ങനെപോയാലുണ്ടാകുന്നത്. ഇവിടെ ചില കമ്മ്യൂ ണിറ്റീസ് ഉദ്യോഗത്തിൽ '3'ശതമാനവും ഇല്ല. രണ്ടു ശതമാനവുമില്ല. ഐ.എ. എസ്.-ലും ഐ.പി.എസ്.-ലും ഇല്ല. ഉയർന്ന തസ്തികകളിലൊന്നുമില്ല. അതു പോലെതന്നെ പല ജില്ലകളിലും മെറിറ്റിൽ മത്സരിച്ചാൽ കിട്ടുകയില്ല. റിസർവേ ഷൻ ശതമാനംതന്നെ അതാതു കമ്മ്യൂണിറ്റികൾക്ക് നിശ്ചയിച്ച കാട്ടാ അതാതു കമ്മ്യൂണിറ്റികൾക്ക് കിട്ടിയിട്ടില്ല. പിന്നെ എന്തടിസ്ഥാനത്തിലാണ് നമ്മൾ ഇതിന്റെയിടയിൽ കുഴപ്പമുണ്ടാക്കുന്നത്. ഇതിനെ ധീരമായി ചെറുക്കേ ണ്ടതല്ലേ. അല്ലായെന്നുണ്ടെങ്കിൽ സംഭവിക്കാൻ പോകുന്നത് കുറെകാലം കഴി ഞ്ഞശേഷം നമ്മൾ റിവേഴ്സ് ഗിയറിൽ പോവുകയായിരിക്കുമെന്നുള്ളതാണ്. 100 വർഷം പുറകോട്ടുപോകും. ചരിത്രപരമായ വിഡ്ഢിത്തം ചെയ്യുകയാണെ ങ്കിൽ ധാരാളം പുറകോട്ടുപോകും. ഇതിനെയൊക്കെ ഏതാണ്ട് ജാതിവൽക്ക രിച്ച് മുന്നാക്കങ്ങളും പിന്നാക്കങ്ങളും .....

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> : ബഹുമാനപ്പെട്ട മെമ്പർ പറയുകയു ണ്ടായി സുപ്രീം കോടതിയുടെ വിധിക്കെതിരെ നിയമസഭയ്ക്ക്, എൽ.ഡി.എ ഫ്.ന്റെ ഡിക്ലയേർഡ് പോളിസി വച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരാമെന്ന്. സുപ്രീം കോടതിയുടെ വിധിയിൽത്തന്നെ പറഞ്ഞിട്ടുണ്ടല്ലോ ഏതെങ്കിലും നിയമ സഭയ്ക്ക് ഇതിനെ ചോദ്യം ചെയ്യാൻ അവകാശമില്ലായെന്ന്. കഴിഞ്ഞതവണ സുപ്രീം കോടതിയുടെ വിധിക്കെതിരായി ഇവിടെ നിയമസഭ പാസ്സാക്കിയ ആ നിയമത്തെ തള്ളിക്കളഞ്ഞുകൊണ്ടാണ് ഇപ്പോൾ ഈ വിധി പറഞ്ഞിരിക്കുന്നത്. അപ്പോൾ ഏതെങ്കിലും നിയമസഭയ്ക്ക് സുപ്രീംകോടതിയുടെ വിധിക്കെതിരായി നിയമം പാസ്സാക്കാമെന്നുപറഞ്ഞാൽ തെറ്റിദ്ധരിപ്പിക്കലല്ലേ.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : ഞാനത് പറഞ്ഞല്ലോ. ആ വിഷയം അന്നത്തെ ഗവൺമെന്റിന്റെ മുമ്പിൽ ഏറ്റവും ഗൗരവമുള്ള വിഷയമായി വന്നതാ ണ്. അതുകൊണ്ടാണ് ഇന്ത്യയിലെ ഏറ്റവും ലീഡിംഗ് ലായറുടെ അടുത്തുപോയി കൺസൾട്ട് ചെയ്തത്. ഇന്നത്തെ വിധിയിലും നിയമസഭയ്ക്ക് നിയമനിർമ്മാണ ത്തിന് അധികാരമില്ലായെന്ന സുപ്രീം കോടതി വിധിയിൽ പറഞ്ഞിട്ടുണ്ടെന്നു പറ യുന്നത് തെറ്റിദ്ധാരണയാണ്. അങ്ങനെ പറഞ്ഞിട്ടില്ല. പറയാൻ പറ്റുകയില്ല. അത് വളരെ അടിസ്ഥാനപരമായ കാര്യമാണ്. അതിന് നിയമസഭയ്ക്ക് അധികാരമുണ്ട്. ഗവൺമെന്റിന്റെ ഡിക്ലയേർഡ് പോളിസിയനുസരിച്ച് നിയമം കൊണ്ടുവരാവുന്ന താണ്. യാതൊരു തടസ്സവുമില്ല. ഈ വിധിയിൽ തള്ളിക്കളയാനുള്ള കാരണവും പറഞ്ഞിട്ടില്ല. ശ്രീ. ആനത്തലവട്ടം ആനന്ദൻ അത് ശ്രദ്ധിക്കാത്തതാണ്. തള്ളിക്ക ളയാനുള്ള കാരണം നമ്മൾ വേണ്ടരീതിയിൽ ഡിഫന്റ് ചെയ്യാത്തതാണ്. വേണ്ട മാതിരി കോടതിയിൽ ഡിഫന്റ് ചെയ്തില്ല. അതു മാത്രമല്ല കോടതിയിൽ കൊടുത്ത സ്റ്റാറ്റിസ്റ്റിക്സ് എതിരായിപോയി. അതുപോലെ ലീഡിംഗ് ലായറെ വച്ചില്ല. ആ ലായറെ മാറ്റി വേറെ ലായറെവച്ചു. ഇങ്ങനെയുള്ള കാരണങ്ങളാ ലാണ് ഇതുവന്നത്. അതുകൊണ്ട് .....

<u>ശ്രീ. എ. കണാരൻ</u> : പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണതത്വം ആ വിഭാഗത്തിനു വേണമെന്ന് അംഗീകരിച്ചുകൊണ്ട്, അതിൽ ഏതെങ്കിലും ക്രിമീലെയർ ഉണ്ടെങ്കിൽ അവരെ ഒഴിവാക്കി ആ വിഭാഗത്തിനു കൊടുക്കണ മെന്നുള്ള തത്വത്തോട് അംഗീകരിക്കുന്നുണ്ടല്ലോ.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : ഞാൻ ആ തത്വത്തോട് ഒട്ടും യോജിക്കുന്നില്ല. കാരണം നമ്മൾ സാമ്പത്തിക ഇടപാട് സംവരണത്തിൽ കൊണ്ടുവരുന്നതുതന്നെ നിയമവിരുദ്ധമാണ്. പക്ഷെ ഇന്ന് സുപ്രീംകോടതി

LIBRARY ARCHIVES Kerala Legislative Assembly

യുടെ വിധിവന്ന് കുടുങ്ങിയ അന്തരീക്ഷത്തിൽ നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങളുടെ തത്വമനുസരിച്ച് ചെയ്യാൻ പ്രയാസമില്ലെന്ന് ഞാൻ ചൂണ്ടിക്കാണിച്ചുവെന്നു മാത്രമേയുള്ളൂ. അതെങ്കിലും ചെയ്താൽ പിന്നാക്കക്കാർക്ക് മെച്ചമാകുമല്ലോ. അതുകൊണ്ട് സീരിയസായിട്ടുള്ള ചിന്ത, ഗൗരവം ..... ഈ വിഷയം ആരും കണക്കിലെടുത്തിട്ടില്ല. പിന്നാക്കക്കാരുടെ പ്രശ്നം പിന്നോക്കക്കാർ മാത്രം പറയുന്ന സ്ഥിതി ഇന്ന് ഈ സഭയിലുണ്ടായതുപോലെ, ഉണ്ടാകുന്നത് ശരിയല്ല. അത് ഈ സംസ്ഥാനത്തിനും രാജ്യത്തിനും നമ്മുടെ പാരമ്പര്യത്തിനും വിരുദ്ധമാണ്. ദൂരവ്യാപകമായ ഭവിഷ്യത്തുകൾ ഉണ്ടാക്കുന്നതാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ ചർച്ച അവസാനിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഇവിടെ ഈ കാര്യത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും അഭിപ്രായം പറയാനുള്ള ബാധ്യതയുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ഇവിടെ നൂറ്റാണ്ടുകളായി സാമൂഹ്യ നീതി നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കുനൽകുന്നതിനുവേണ്ടികൂടിയാണ് ഭരണഘടനയിൽത്തന്നെ വ്യവസ്ഥ ചെയ്തുകൊണ്ട് ഈ സംവരണ വ്യവസ്ഥ ഏർപ്പെടുത്തിയത്. ആ സംവരണത്തിൽ, സാമുദായിക സംവരണങ്ങളിൽ, ക്രിമിലെയർ ഏർപ്പെടുത്തണമെന്ന നില ഇപ്പോൾ വന്നിരിക്കുകയാണ്. ഞങ്ങൾ ക്രീമീലെയർ ഏർപ്പെടുത്തുന്നതിനെത്തന്നെ അംഗീകരിക്കാത്ത പാർട്ടിയാണ്. ക്രീമീലെയർ ഞങ്ങൾ അംഗീകരിക്കുന്നില്ല. അതിന്റെ ചരിത്രപരമായ പശ്ചാത്തലമൊന്നും ഞാൻ ദീർഘമായി വിശദീകരിക്കേണ്ട കാര്യമില്ല. കുറെ കൊല്ലത്തെ ചരിത്രമുണ്ട് ഈ സംഭവത്തിൽ. നാനാജാതിമതസ്ഥരും അതിൽ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ അടിച്ചമർത്തപ്പെട്ടവരും സാമൂഹ്യനീതി നിഷേധിക്കപ്പെട്ടവരും വിദ്യാഭ്യാസത്തിനും മറ്റും അർഹതയില്ലാത്തവരുമൊക്കെ കഴിഞ്ഞുകൂടേണ്ടിവന്ന അടിമകളും അർദ്ധ അടിമകളുമായിക്കഴിഞ്ഞ ഒരു വലിയ ജനവിഭാഗം അത്തരം ഒരു വ്യവസ്ഥയിൽ ജാതിവ്യവസ്ഥയും ചാതുർവർണ്യസിദ്ധാന്തവും സംഹാരതാണ്ഡവമാടിയതിനെത്തുടർന്ന് നമ്മുടെ ഇന്ത്യാരാജ്യത്തിന്റെ സ്വാതന്ത്ര്യംതന്നെ അർത്ഥപൂർണ്ണമാവുകയില്ല എന്ന് ബോധ്യമായതുകൊണ്ടാണ് ഭരണഘടനാപരമായിത്തന്നെ സാമുദായിക സംവരണത്തിലൂടെ സാമൂഹ്യനീതി ലഭ്യമാകാൻ, മുഖ്യധാരയിലേയ്ക്ക് ഈ ജനവിഭാഗത്തെ കൊണ്ടുവരാൻ, ശ്രമിക്കണമെന്ന് തീരുമാനിച്ചത്. ആ ഒരു തീരുമാനത്തിൽ വെള്ളം ചേർക്കാനാണ് ഇപ്പോൾ ക്രീമീലെയർ ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശം കൊണ്ടുവരാൻ ശ്രമിക്കുന്നത്. അതുകൊണ്ട് ക്രീമീലെയർ ഏർപ്പെടുത്തുന്നതിനെ എതിർക്കുന്ന ഒരു പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. ആ നിലപാട് വളരെ വർഷങ്ങൾക്കുമുമ്പു തന്നെ എടുത്തിട്ടുള്ള ഒരു പാർട്ടിയാണ്, ഇപ്പോൾ അടുത്തകാലത്ത് ക്രീമീലെയർ വരാൻ പോകുന്നുവെന്നുള്ള സമയത്തു മാത്രമല്ല നിലവിലുള്ള സംവരണം തുടരണം എന്ന് ശക്തമായി ആവശ്യപ്പെടുന്ന പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ.

ഇപ്പോൾ പല ന്യായങ്ങളും പറയുന്നുണ്ട്. ഈ കാര്യങ്ങളിൽ ഓരോ സംസ്ഥാനത്തും വ്യത്യസ്തമായ രീതിയിലാണ് നടപടികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പല സ്ഥലങ്ങളിലും നവോത്ഥാന നായകൻമാരുടെയും സാമൂഹ്യ പരിഷ്കർത്താക്കളുടെയും പ്രക്ഷോഭണത്തിന്റെ ഫലമായിട്ട് പല രീതിയിലുള്ള വ്യവസ്ഥകൾ ഉണ്ടായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരമായ ബാധ്യത നിർവ്വഹിക്കണമെന്ന ഉദ്ദേശത്തോടെ ആ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചവരുത്തിയവരാണ് ഇപ്പോൾ ഇവിടെ ഒളിച്ചുകളി നടത്താൻ ശ്രമിക്കുന്നത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നില്ല. സി.പി.എം.ന്റെയും മറ്റു പാർട്ടികളുടെയും നിലപാട് വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട പി.പി. തങ്കച്ചൻ ഇവിടെ പറഞ്ഞു. സംവരണത്തിന്റെ യഥാർത്ഥ പ്രയോജനം എത്രയോ വർഷങ്ങൾക്ക് മുമ്പ് ഇന്ത്യയിലെ പിന്നാക്ക വിഭാഗങ്ങൾക്ക് ലഭിക്കുന്നതിൽനിന്ന് അവരെ മാറ്റി നിർത്തിയതിന്റെ ഉത്തരവാദിത്വം നിങ്ങൾക്ക് അല്ലാതെ വേറെ ആർക്കുമല്ല. നിങ്ങൾ അംഗീകരിച്ചാലും ഇല്ലെങ്കിലും ജനങ്ങൾക്ക് മുഴുവൻ അതു ബോധ്യമാണ്. നിങ്ങളാണ് ബോധപൂർവ്വം ആ ജനവിഭാഗത്തെ മാറ്റിനിർത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോഴും മാറ്റി നിർത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട എ.കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്ത് ക്രീമിലെയർ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ അതിനെ മറികടക്കുന്നതിനായി ഒരു ബില്ല് ഇവിടെ അവതരിപ്പിച്ച് പാസ്സാക്കുകയുണ്ടായി. വലിയ കോളിളക്കം സൃഷ്ടിച്ചതാണ്. ആ ബില്ലിന്റെ സയമത്ത് പ്രതിപക്ഷ ഭരണപക്ഷ കക്ഷികളിൽതന്നെ ചേരിതിരുവുണ്ടായി. അത് 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി നിങ്ങൾ എന്താണ് ചെയ്തത്; നിങ്ങളുടെ ഗവൺമെന്റ് ആയിരുന്നല്ലോ അപ്പോൾ ഭരിച്ചിരുന്നത്; എന്തെങ്കിലും ഒരു നടപടി ആത്മാർത്ഥതയുണ്ടെങ്കിൽ സ്വീകരിക്കാമായിരുന്നല്ലോ? ആ ആത്മാർത്ഥതയുടെ പ്രശ്നമുണ്ട്. ഉപരിപ്ലവമായി വർത്തമാനം പറഞ്ഞാൽ പോരാ. ഒന്നും ചെയ്തില്ല. ക്രീമിലെയർ വ്യവസ്ഥയ്ക്ക്, അതിന്റെ നടപടികൾക്ക് എതിരാണെന്ന് പറയുന്ന ശ്രീ. പി.പി. തങ്കച്ചൻ ഇവിടെ ഉണ്ടല്ലോ; പ്രസാദ് കമ്മിഷനെ ആരാണ് നിയമിച്ചത്? പ്രസാദ് കമ്മിഷനെ നിയമിക്കണമെന്ന് കോടതി പറഞ്ഞ അവസരത്തിൽ ഈ സംവരണം സംരക്ഷിക്കണമെന്ന താൽപര്യം കോൺഗ്രസ്സിന് ഉണ്ടായിരുന്നുവെങ്കിൽ വ്യത്യസ്തമായ ഒരു സമീപനം അന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റിനു സ്വീകരിക്കുവാൻ കഴിയുമായിരുന്നല്ലോ? അതിന്റെ ആരംഭകാല ചരിത്രങ്ങളൊക്കെ പരിശോധിച്ചാൽ നിരവധി കാര്യങ്ങളിൽ ധാരാളം പുഴുക്കുത്തുകൾ ഉള്ളതായി കാണാം. ആ രീതിയിലുള്ള പരിശോധനയ്ക്ക് ഈ സന്ദർഭത്തിൽ ഞാൻ പോകുന്നില്ല. അതുകൊണ്ട് ആ കാര്യത്തിൽ ഞങ്ങൾ ഉറച്ചു നിൽക്കുകയാണ്. ഇപ്പോഴും അങ്ങനെതന്നെയാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : നരേന്ദ്രൻ കമ്മിഷൻ മുമ്പാകെ സി.പി.ഐ. വരുമാനപരിധി മൂന്നുലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് പറഞ്ഞു, അതു ഏത് അടിസ്ഥാനത്തിലാണ്; അതിന്റെ അർത്ഥം ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി പറയുംപോലെ ക്രീമിലെയർ അംഗീകരിച്ചു എന്നാണോ? അതു വ്യക്തമാക്കിയാൽ കൊള്ളാം.

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ഞാൻ വളരെ വ്യക്തമായി പറയുന്നു, ഞങ്ങൾ ക്രീമിലെയറിനെ അംഗീകരിക്കാത്തവരാണ്. എന്നാൽ സുപ്രീംകോടതി ഞങ്ങളെ ഒരു വെട്ടിൽ വീഴ്ത്തിയിരിക്കുകയാണ്. സുപ്രീംകോടതിയുടെ വിധി നിലനിൽക്കുന്ന ഈ പശ്ചാത്തലത്തിൽ ഇവിടെ മുമ്പ് ഉണ്ടായിരുന്ന ജോസഫ് കമ്മിഷന്റെ റിപ്പോർട്ടിൽ അദ്ദേഹം കൊണ്ടുവന്ന ഒരു പാര, എന്നുപറഞ്ഞാൽ ശരിക്കും പാര ആണ് വരുമാനപരിധി. ആ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത് ഈ സംവരണ വ്യവസ്ഥ തുടരണമെന്ന്. കേരളത്തിൽ നടപ്പാക്കുന്ന ക്രീമിലെയർ വ്യവസ്ഥയ്ക്ക് മാനദണ്ഡം നിശ്ചയിച്ചത് ജോസഫ് കമ്മിഷനാണ്. സുപ്രീംകോടതിയാണ് ജോസഫ് കമ്മിഷനെ നിയമിച്ചത്. ക്രീമിലെയർ നടപ്പാക്കാനുള്ള മാനദണ്ഡത്തിന്റെ കാര്യത്തിൽ സുപ്രീംകോടതി സംസ്ഥാനങ്ങൾക്ക് വിവേചനാധികാരം നൽകി. ജസ്റ്റിസ് ജോസഫ് കമ്മിഷൻ ഇതു നിശ്ചയിക്കുന്നതിൽ സംസ്ഥാനത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്തിട്ടില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം. അങ്ങനെ കണക്കിലെടുത്തിരുന്നുവെങ്കിൽ ഇതിനെക്കാൾ കുറച്ചുകൂടി വ്യത്യസ്തമായ ഒരു സമീ

LIBRARY ARCHIVES Kerala Legislative Assembly

പനം വരുമായിരുന്നു. അതുകൂടി വരാത്ത സാഹചര്യത്തിലാണ് ഈ സംവരണ വ്യവസ്ഥ നിലനിർത്തുന്നതിനുവേണ്ടി ഭരണഘടനാ ഭേദഗതി കൊണ്ടുവരണമെന്ന് ഇപ്പോൾ ഞങ്ങൾ ആവശ്യപ്പെടുന്നത്. ഭരണഘടനാ ഭേദഗതി കൊണ്ടുവരുന്നതുവരെയുള്ള ഇടക്കാല ഘട്ടത്തിൽ വരുമാനപരിധി ഒന്നര ലക്ഷം രൂപ എന്ന് ജോസഫ് കമ്മിഷൻ പറഞ്ഞു. ഈ ഇടക്കാലഘട്ടത്തിൽ നിയമനത്തിന്റെ കാര്യത്തിലോ മറ്റു പല കാര്യങ്ങളിലോ പ്രതിസന്ധി ഉണ്ടാകാതിരിക്കുവാനാണ് ഞങ്ങൾ 3,00,000 രൂപ എന്ന നിലപാടെടുത്തത്. അതു 4,00,000 രൂപ വേണം എന്ന പൊതുധാരണ ഉണ്ടായാലും ഞങ്ങൾക്ക് അതിൽ സന്തോഷം തന്നെയാണ്. ഞങ്ങൾ ഈ കാര്യത്തിൽ ഈ വെണ്ണപ്പാട എന്നുപറയുന്നതിനോട് യോജിക്കുന്നില്ല. ഇനി അങ്ങനെ ഉണ്ട് എന്നുപറയുകയാണെങ്കിൽതന്നെ ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ അതൊരു പാട മാത്രമേ ആകുകയുള്ളൂ. ഒരു ഗ്ലാസ് പാലിലെ പാട, അത്ര മാത്രമേ ഉണ്ടാവുകയുള്ളൂ. അതു അംഗീകരിക്കുന്നില്ല. അംഗീകരിക്കുന്ന പ്രശ്നമേ ആ കാര്യത്തിൽ ഉണ്ടാവുകയില്ല. പിന്നെ ഈ കാര്യത്തിലൊക്കെ പലർക്കും അവരുടെ ഉള്ളിന്റെ ഉള്ളിൽ തികട്ടിവരുന്ന ഒരു വിഷമം സാമ്പത്തിക സംവരണമാണ്. സാമ്പത്തിക സംവരണം എന്ന നിലയിലാണ് ഈ പ്രശ്നങ്ങളെ പലരും കാണാൻ ശ്രമിക്കുന്നത്. അതൊക്കെ പഴയ ചരിത്രം മറന്നുകൊണ്ടോ ആ ചരിത്രത്തിന്റെ ഗൗരവം ഉൾക്കൊള്ളുവാൻ കഴിയാത്തതുകൊണ്ടോ ആണ്. സാമ്പത്തിക സംവരണത്തിന്റ പ്രശ്നമേ അല്ല അത്. വർഷങ്ങളായി അടിച്ചമർത്തപ്പെട്ട ഒരു ജനവിഭാഗത്തിന്റെ ഉയർത്തെഴുന്നേൽപ്പിന്റെ പ്രശ്നമാണ്. ആ അടിസ്ഥാനത്തിൽ വേണ്ടേ ഈ പ്രശ്നത്തെ കാണാൻ? ഇപ്പോഴും സാമൂഹ്യമായി പിന്നോക്കാവസ്ഥ നേരിടുന്ന ജനവിഭാഗങ്ങളിലെ സാമൂഹ്യനിലയും ജീവിത നിലവാരവും നമുക്ക് ബോധ്യമാകും. അവർക്ക് കുറച്ച് പണമുണ്ടാകാം. ജോലിയുണ്ടാകാം. ബീഹാറിലും യു.പി.യിലും ഒക്കെ ഐ.എ.എസ്. കാരായാലും ഐ.പി.എസ്. കാരായാലും വിവിധ സ്ഥലങ്ങളിൽ ജോലിചെയ്തിട്ട് തിരിച്ച് അവർ അവിടെ വരുമ്പോൾ അവരുടെ യൂണിഫോം മാറ്റിയിട്ട് അവിടത്തെ വേഷം ധരിച്ചുകൊണ്ടേ അവിടെയുള്ള തമ്പുരാക്കൻമാരുടെ മുമ്പിലൂടെ പോകുവാൻ പാടുള്ളൂ. അല്ലെങ്കിൽ അടുത്ത ദിവസം അവർ ജീവിച്ചിരിക്കുകയില്ല. അതാണ് സാമൂഹ്യ സാഹചര്യം. ഐ.എഫ്.എസ്സും, ഐ.എ.എസ്സും, ഐ.പി.എസ്സും ഒക്കെ ഉള്ളവർ ഡൽഹിയിലും മറ്റു പല സ്ഥലങ്ങളിലും ജോലിചെയ്തിട്ട് തിരിച്ച് അവരുടെ നാടായ ബീഹാറിലും യു.പി.യിലും എത്തുമ്പോൾ അവിടെയുള്ള മുഴുവൻ ഭൂപ്രഭുക്കൻമാരുടെ മുമ്പിലും ഓച്ഛാനിച്ച് നിൽക്കേണ്ട അവസ്ഥ ഇന്നുണ്ട്. അതു ഇവിടെയുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരോട് ചോദിച്ചാൽ അറിയാം. അല്ലെങ്കിൽ പിറ്റേദിവസം അവരും അവരുടെ കുടുംബവും അവിടെ ജീവിച്ചിരിക്കുകയില്ല. ആ സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുവാൻ സാമ്പത്തികം മാത്രം നോക്കിയിട്ട് കാര്യമില്ല. അതുകൊണ്ട് പിന്നോക്കക്കാരിൽ മുന്നോക്കക്കാരും മുന്നോക്കക്കാരിൽ പിന്നോക്കക്കാരും എന്നുപറയുന്ന വ്യവസ്ഥയോട് ഞങ്ങൾ യോജിക്കുന്നില്ല. സംവരണം ആ വിഭാഗത്തിനു മാത്രം ഉള്ളതാണോ?

<u>ശ്രീ. എ.കെ. ആന്റണി</u> : ക്രീമിലെയറിനെ സംബന്ധിച്ചും ഇടക്കാലത്തേയ്ക്ക് സാമ്പത്തികമായി എത്ര ലക്ഷം വേണം എന്നൊക്കെയുള്ള സി.പി.ഐ.യുടെ നിലപാട് അങ്ങ് വളരെ ഭംഗിയായി വിശദീകരിച്ചു. ഈ പ്രമേയത്തിലെ ഒരു കാര്യത്തെ സംബന്ധിച്ച് അങ്ങ് ഒന്നും പറയുന്നില്ല. അതുകൊണ്ടാണ് ചോദിക്കുന്നത്, മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ജനറൽ കാറ്റഗറിയിൽ 10 ശതമാനം സംവരണാനുകൂല്യം ലഭിക്കുന്നതിനു ഭരണഘടനാ ഭേദഗതി ചെയ്യണമെന്നു പറഞ്ഞു, അതിനെക്കുറിച്ച് അങ്ങയുടെ പാർട്ടിയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : ആ കാര്യത്തെ സംബന്ധിച്ച് ഞങ്ങളുടെ പാർട്ടിയുടെ കേരളത്തിലെ ഘടകവും അഖിലേന്ത്യാ നേതൃത്വവും ചർച്ച ചെയ്ത് തീരുമാനിച്ചതാണ്. സാമ്പത്തിക സംവരണം ഞങ്ങൾ അംഗീകരിക്കുന്നില്ല. എന്നാൽ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പിന്നോക്ക ജനവിഭാഗങ്ങൾക്ക് ലഭിക്കുന്ന ഈ റിസർവേഷനോടൊപ്പംതന്നെ മുന്നോക്ക വിഭാഗം എന്നുപറയപ്പെടുന്നതിൽ പല രീതിയിലും പിന്നോക്കം നിൽക്കുന്ന ചെറിയ ചില വിഭാഗങ്ങളുണ്ട്. അവർക്കുംകൂടി ഈ പ്രയോജനം കിട്ടിയാൽ ഫലത്തിൽ 50 ശതമാനം പാവപ്പെട്ടവർക്കും പിന്നോക്കക്കാർക്കും ഈ സംവരണം ലഭിക്കുവാൻ ഇടയുണ്ട്.

ശ്രീ. എ.കെ. ആന്റണി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിനു മൂന്നു ഭേദഗതികൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ്, ശ്രീ. നാലകത്ത് സൂപ്പി, ശ്രീമതി കെ.ആർ. ഗൗരിയമ്മ എന്നിവരാണ് ഭേദഗതികൾ കൊണ്ടുവന്നത്. അങ്ങയുടെ പാർട്ടിയുടെ ഭേദഗതിയൊന്നും വന്നിട്ടില്ല. അതിന്റെ അർത്ഥം മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തിനു ഭേദഗതികളില്ല എന്നാണ്. അതിൽ സാമൂഹ്യം ഒന്നും പറഞ്ഞിട്ടില്ല. മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ജനറൽ കാറ്റഗറിയിൽനിന്ന് 10 ശതമാനം സംവരണാനുകൂല്യം നൽകണമെന്നതാണ്. അത് ക്ലിയർ വേഡ്സാണ്. അതിനെക്കുറിച്ച് അങ്ങയുടെ പാർട്ടിയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ.ഇ. ഇസ്മയിൽ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞങ്ങളും ഒക്കെക്കൂടി ആലോചിച്ച് തയ്യാറാക്കിയ പ്രമേയമാണ്. ഞങ്ങൾ അംഗീകരിച്ച പ്രമേയമാണ്. അതിന്റെ സ്പിരിറ്റ് എന്താണെന്ന് പറഞ്ഞാൽ, മുന്നോക്ക വിഭാഗക്കാർ എന്നുപറയപ്പെടുന്നതിൽ എല്ലാ നിലയിലും പിന്നോക്കത്തിലുള്ള കുറെ ആളുകളുണ്ട്. പിന്നോക്കക്കാരുടെ റിസർവേഷൻ പ്രശ്നം സജീവമായി നാട്ടിൽ ഒരു വിഷയമായി വരുമ്പോൾ ഇതും കൂടുതൽ ഉയർന്നുവരും. അപ്പോൾ അവരുടെ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ഞങ്ങൾ ആ പ്രശ്നത്തെ കാണുന്നത്, ഈ റിസർവേഷൻ മുന്നോക്ക വിഭാഗങ്ങൾക്കുകൂടി 10 ശതമാനം കൊടുക്കുമ്പോൾ മൊത്തത്തിൽ അവശത അനുഭവിക്കുന്നവരും അടിച്ചമർത്തപ്പെട്ടവരും പുരോഗതി ലഭ്യമാകുന്നവരുമായ ജനങ്ങളുടെ എണ്ണം കുറച്ചുകൂടി കൂട്ടിക്കിട്ടും എന്ന നിലയിലാണ്. അതു മൊത്തത്തിൽ ആശ്വാസദായകമായിട്ടുള്ളതാണെന്ന അടിസ്ഥാനത്തിലാണ്. ഞങ്ങളുടെ പാർട്ടികോൺഗ്രസ്സിൽതന്നെ ചർച്ച ചെയ്ത് അംഗീകരിച്ച വിഷയമാണ് ഇത്. അതിൽ അഭിപ്രായവ്യത്യാസമില്ല. ഈ കാര്യത്തിൽ, സംവരണതത്വത്തിൽ ക്രീമിലെയറിനു എതിരായ ഒരു നിലപാട് സ്വീകരിച്ചതിൽ, സംവരണം തുടരണമെന്ന കാര്യത്തിൽ, ഇന്ത്യയിൽ ഒട്ടാകെ അഭിപ്രായ ഐക്യത്തോടെ ഒരു നിലപാട് സ്വീകരിച്ച പാർട്ടിയിൽ ഒരു പാർട്ടി ഞങ്ങളുടേതാണ്.

[10 AM] ഞങ്ങളുടെ മാത്രമാണെന്ന് ഞാൻ പറയുന്നില്ല. ഞങ്ങളുടെ പാർട്ടിയിൽ ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. ഒറ്റക്കെട്ടാണ്. ആ കാര്യത്തിൽ ഞങ്ങളുടെ പാർട്ടി ഉറച്ചുനിൽക്കുകയാണ്. സ്വാതന്ത്ര്യത്തിനുശേഷമുള്ള 50 കൊല്ലത്തെ അനുഭവങ്ങൾ പരിശോധിച്ചാൽതന്നെ അറിയാം. ഇവിടെ ശ്രീ. കുഞ്ഞാലിക്കുട്ടി പറഞ്ഞു, 100 കോടി വരുന്ന ജനങ്ങളിൽ ഏകദേശം 83 കോടിയോളം വരുന്ന ജനങ്ങൾ പിന്നോക്കക്കാരും ന്യൂനപക്ഷക്കാരും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുമാണ് എന്ന്. അത്രയേറെ മനുഷ്യർ ആ വിഭാഗങ്ങളിൽ, ഈയടിസ്ഥാനത്തിൽ ഭരണത്തിൽ അർഹമായ പങ്കാളിത്തംലഭിക്കേണ്ട, ജോലികളിൽ പങ്കാളിത്തം ലഭിക്കേണ്ട വിവിധ തസ്തികക

ളിൽ ലഭിക്കേണ്ട കാര്യങ്ങൾ പരിശോധിച്ചാൽ അവർക്ക് കിട്ടിയിട്ടുള്ളത് എത്ര യാണ്? 83 ശതമാനമുള്ളവർക്ക് 17 ശതമാനമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഒരു ചോദ്യം 1992-ലെ ജീവിത നിലവാരം ആയിരം രൂപയായിരുന്നത് മൂന്നിരട്ടിയാക്കി. അതിനനുസരിച്ച് വരുമാനപരിധി വർദ്ധിപ്പിക്കണമെന്നാണ് കമ്മ്യൂണിസ്റ്റു പാർട്ടി നരേന്ദ്രൻ കമ്മിഷൻ മുൻപാകെ പറഞ്ഞിട്ടുള്ളതെന്നറിയാമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ബഹുമാനപ്പെട്ട ശിവദാസമേനോൻ സംസാരിക്കുമ്പോൾ ഉണ്ടാക്കിയ ഒരു അവ്യക്തതയുണ്ടായിരുന്നു. ഈ കാര്യത്തിൽ ഞങ്ങൾ എന്തു നിലപാടാണ് സ്വീകരിച്ചതെന്ന സി.പി.എം.ന്റെ അഭിപ്രായം ഒന്നുകൂടി നിങ്ങൾക്ക് ബോധ്യമാക്കാനാണ് അദ്ദേഹം വ്യക്തമാക്കിയത്. അല്ലെങ്കിൽ അതു ഞാൻ പറയുമായിരുന്നു.

ശ്രീ. ജി. കാർത്തികേയൻ : സർ, അതല്ല. പ്രധാനപ്പെട്ട ഒരു വിഷയമാണ് ചർച്ചയ്ക്ക് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞു, ഞാൻ ധനകാര്യമന്ത്രി എന്ന നിലയിലല്ല, പാർട്ടിയുടെ വക്താവായിട്ട് നിൽക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസക്തമായൊരു കാര്യം ചോദിച്ചപ്പോൾ പാർട്ടിയുടെ വക്താവായി സംസാരിച്ച ബഹുമാനപ്പെട്ട ശിവദാസമേനോന് പാർട്ടിയുടെ സ്റ്റാൻഡ് അപ്പോൾ അറിയില്ലായിരുന്നു. അതുകൊണ്ട് അദ്ദേഹം പറഞ്ഞില്ല അല്ലെങ്കിൽ അപ്പോൾ പറയില്ലേ? തപ്പിപ്പിടിച്ച് പിന്നീട് പറഞ്ഞാൽ മതിയോ? പ്രധാനപ്പെട്ട ഒരു കാര്യം സഭ പിരിഞ്ഞുപോകുന്ന ദിവസം തട്ടിക്കൂട്ടി പ്രമേയം കൊണ്ടുവരുന്ന ഗവൺമെന്റിനെ നയിക്കുന്ന പാർട്ടിയുടെ സ്റ്റാൻഡ് എന്തുകൊണ്ട് ക്ലാരിറ്റിയോടുകൂടി പറഞ്ഞില്ല. അപ്പോൾ അറിയില്ലായിരുന്നു. അതുകൊണ്ട് വീണിടത്തു കിടന്ന് ഉരുളരുത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ക്ലാരിറ്റിയോടുകൂടി പറഞ്ഞില്ലായെന്ന് ഇവിടെ പറഞ്ഞു. മാർച്ച് 21-ന് സി.പി.ഐ.(എം) നുവേണ്ടി കമ്മിഷൻ മുമ്പാകെ ഹാജരായി. വരുമാനപരിധി കാലോചിതമായി വർദ്ധിപ്പിക്കണമെന്നും 1992-ൽ ആയിരം രൂപ എന്നുള്ളത് മൂവായിരം രൂപായായി, മൂന്നിരട്ടിയായി ലിവിംഗ് ഇൻഡക്സ് കൂടിയിട്ടുണ്ടെന്നും അതിനനുസരിച്ച്, അതായത് രണ്ടിരട്ടിയായി പരിധി വർദ്ധിപ്പിക്കണമെന്നുമാണ് കമ്മിഷൻ മുമ്പാകെ കൊടുത്തതെന്ന് വളരെ വ്യക്തമായിട്ട് ഞാൻ പറഞ്ഞുകഴിഞ്ഞു. അതെങ്കിലും വിശ്വസിക്കണം.

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, സംസാരിച്ചുകൊണ്ടിരുന്ന ആൾ ഞാനാണ്. എനിക്ക് സമയം തരണം. എല്ലാവരും ഇടയ്ക്ക് കയറി സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : സബ്ജക്ട് അതായതുകൊണ്ടാണ്.

ശ്രീ. കെ.ഇ. ഇസ്മയിൽ : ഇവിടെ അവതരിപ്പിച്ച പ്രമേയത്തിന്റെ കാര്യത്തിൽ ഇവിടെ പറയുന്ന സ്പിരിറ്റിലാണ് ഞങ്ങളുടെ പാർട്ടി സമീപിച്ചിട്ടുള്ളതെന്നാണ് എനിക്കു പറയാനുള്ളത്. സാമുദായിക സംവരണം അതേപടി നിൽക്കണം. അതിന്റെ പ്രയോജനം അവർക്കു കിട്ടണം. ഞങ്ങൾ ക്രീമിലെയർ അംഗീകരിക്കുന്നില്ല, അതുപോലെ മുന്നോക്കവിഭാഗമെന്നു പറയുന്നതിൽ തന്നെ, ആ പരിഗണനയിലോ, പട്ടികയിലോ പല രീതിയിലും ഉൾപ്പെടേണ്ട വിഭാഗങ്ങളുണ്ട് എന്നുള്ളത് ഒരു വസ്തുതയാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാണ് 10 ശതമാനം സംവരണം. മുന്നോക്കക്കാരിൽ പിന്നോക്കക്കാർ എന്നു പറയുന്ന വിഭാഗത്തിന് .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അഭിപ്രായമാണ് അങ്ങു പറയുന്നത് .....

ശ്രീ. കെ.ഇ. ഇസ്മയിൽ : ഞാൻ തുടങ്ങിയപ്പോൾ തന്നെ അതാണ് പറഞ്ഞത്. സംവരണ നടപടികൾ പത്തു-നാൽപ്പതു കൊല്ലക്കാലം ഇന്ത്യയിലെ ജനങ്ങൾക്ക് ലഭിക്കുന്നതിൽനിന്ന് അവരെ പിൻതിരിപ്പിച്ചതിന്റെ ഉത്തരവാദികളും കോൺഗ്രസ്സ് ആണെന്ന് പറഞ്ഞുകൊണ്ടാണ് ഞാൻ തുടങ്ങിയത്. ഭരണഘടനയിൽ വ്യവസ്ഥ ചെയ്ത ഈ കാര്യങ്ങൾ പ്രയോജനപ്രദമാക്കുന്നതിൽ എന്തുകൊണ്ട് ഫലപ്രദമായ നടപടി പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽക്ക് നിങ്ങൾക്കെടുക്കാൻ കഴിഞ്ഞില്ല? അതിനു ശ്രീ. വി.പി. സിംഗ് വരേണ്ടിവന്നു. പാവപ്പെട്ട മനുഷ്യർക്ക്, ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്ന മനുഷ്യർക്ക്, ഇങ്ങനെ ഭരണഘടനാപരമായ ഒരവകാശം ലഭ്യമാകാൻ ഉണ്ടെന്ന ബോധ്യമുണ്ടാക്കുന്നതിന് ശ്രീ. വി.പി. സിംഗ് എന്നൊരാൾ ഇന്ത്യയിൽ പ്രധാനമന്ത്രിയാകേണ്ടിവന്നു. അതുകൊണ്ടും കഴിഞ്ഞില്ലല്ലോ? അതിനുമുമ്പ് തന്നെ അത്തരത്തിൽ തീരുമാനിച്ച ഒരു പാർട്ടിയാണ്, അതിനുവേണ്ടി സമരം ചെയ്യുന്ന ഒരു പാർട്ടിയാണ് അത്. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത് പത്തൊൻപതു കൊല്ലക്കാലത്തിനിടയിൽ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഇന്ത്യാ മഹാരാജ്യത്ത്, സംസ്ഥാനങ്ങളിലായാലും കേന്ദ്രഭരണ കാര്യങ്ങളിലായാലും, 83 ശതമാനം വരുന്ന ജനവിഭാഗങ്ങൾക്ക് 15 ശതമാനംപോലും അർഹത ലഭിച്ചിട്ടില്ലാത്തത് എന്തുകൊണ്ടാണ്? 17 ശതമാനം വരുന്ന മുന്നോക്ക വിഭാഗത്തിനാണ് മുഴുവൻ അധികാരങ്ങളും കിട്ടിയത്.

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഇന്ത്യൻ ഭരണഘടന ആദ്യം ഉണ്ടാക്കിയപ്പോൾ ഈ വകുപ്പിലായിരുന്നു. ഇന്ത്യൻ ഭരണഘടനയ്ക്ക് ആദ്യത്തെ അമെന്റ്മെന്റ്, പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവാണ് ആദ്യമായിട്ട് സോഷ്യലി ആന്റ് എഡ്യൂക്കേഷണലി ബാക്ക്വേഡ് ക്ലാസിന്റെ പ്രൊട്ടക്ഷൻ, അവരെ പ്രൊട്ടക്ട് ചെയ്യാനുള്ള അമെന്റ്മെന്റ് കൊണ്ടുവന്നത് ജവഹർലാൽ നെഹ്റുവാണെന്ന കാര്യമറിയുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ഞാൻ പറഞ്ഞത്, മൊറാർജി ദേശായിയാണ് മണ്ഡലിനെ ചുമതലപ്പെടുത്തിയത്. അദ്ദേഹം സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിച്ചു. ഇന്ദിരാഗാന്ധിയാണ് ആ റിപ്പോർട്ട് സ്വീകരിച്ചത്. ഇന്ദിരാഗാന്ധി ആ റിപ്പോർട്ട് സ്വീകരിച്ചശേഷം ശ്രീ. വി.പി. സിംഗ് വരുന്നതുവരെ എത്ര പ്രധാനമന്ത്രിമാർ വന്നുപോയി? എന്തുകൊണ്ടാണ് കോൺഗ്രസ്സിന്റെ പേരിൽ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക്, പാവപ്പെട്ടവർക്ക്, അടിച്ചമർത്തപ്പെട്ടവർക്ക് അവകാശം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറയാൻ കഴിയാത്തത്? ജവഹർലാൽ നെഹ്റുവിന്റെ സമീപനത്തിലുള്ള നല്ല അംശങ്ങളെ വാനോളം പുകഴ്ത്തുന്നവരാണ് ഞങ്ങൾ. കോൺഗ്രസ്സിന്റെ നേതാവായിരുന്നുവെങ്കിലും, ചില കാര്യങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ഞങ്ങൾ ബഹുമാനിക്കുന്നവരാണ്. അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളോട് കോൺഗ്രസ്സിന്റെ പൊതുസമീപനം എന്തായിരുന്നുവെന്ന് ആത്മപരിശോധന നടത്തേണ്ട സമയമാണ് ഇത് എന്നാണ് എനിക്കു പറയാനുള്ളത്. ഈ കാര്യത്തിൽ ഒരു അർത്ഥശങ്കയ്ക്കുമിടയില്ലാതെ ഞങ്ങൾ പറയുന്നു, ഈ സംവരണ വ്യവസ്ഥ നിലനിർത്തുകതന്നെ വേണം. ഈ ഇടക്കാലഘട്ടം ഭരണഘടനാ ഭേദഗതിയിലൂടെ സംവരണം സംരക്ഷിക്കപ്പെടുന്നതിനുവേണ്ടിയുള്ള

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പ്രവർത്തനങ്ങളും പ്രക്ഷോഭങ്ങളും സമരങ്ങളുമായിട്ട് മുന്നോട്ടുപോകണമെന്നാണ് ഞങ്ങളുടെ അഭിപ്രായം. സംവരണം നിലനിർത്തണം. സംവരണം നിലനിർത്തുന്നതിന് ഭരണഘടനാ ഭേദഗതി വരുന്നതുവരെയുള്ള ഇടക്കാലഘട്ടത്തിൽ എന്തെല്ലാം കാര്യങ്ങൾ ചെയ്യണമെന്നതിനെ സംബന്ധിച്ച് ഞങ്ങൾ മാർച്ച് 21-ാം തീയതി നരേന്ദ്രൻ കമ്മിഷന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ കാര്യത്തിൽ, കൃഷിക്കാരെ ഒഴിവാക്കേണ്ട കാര്യം, സർക്കാർ സർവ്വീസിൽ ഉള്ളവരെ ഒഴിവാക്കേണ്ട കാര്യം എല്ലാം വിശദമായി പറഞ്ഞിട്ടുണ്ട്. വിശദാംശങ്ങളെക്കുറിച്ച് ഈ സന്ദർഭത്തിൽ ഞാൻ വിശദീകരിക്കുന്നില്ല. ജോസഫ് കമ്മിഷൻ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുക്കാതെ അവതരിപ്പിച്ചത് വളരെയേറെ പ്രതിസന്ധിയും പ്രയാസവും ഉണ്ടാക്കിയിട്ടുണ്ട്. ആ പ്രതിസന്ധിയിൽനിന്ന് മുന്നോട്ടുപാകാൻ ഭരണഘടനയിൽ അടിയന്തിരമായി ഭേദഗതി വരുത്തി സംവരണം സംരക്ഷിക്കപ്പെടാൻ കഴിയണമെന്നുള്ളതുകൊണ്ടാണ് ഞങ്ങൾ ഇടക്കാലഘട്ടത്തിൽ റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. ഭരണഘടനാ ഭേദഗതിയിലൂടെ സംവരണം ഊർപ്പുവരുത്തുന്നതിനോടൊപ്പംതന്നെ മുന്നോക്കവിഭാഗങ്ങളിലെ പിന്നോക്കക്കാർക്കും പത്തു ശതമാനം സംവരണം ലഭിക്കുന്നതിനുകൂടിയുള്ള സാധ്യതയുണ്ടാക്കണമെന്നാണ് ഞങ്ങൾ ഇതിൽ പറയുന്ന പ്രധാനപ്പെട്ട നിർദ്ദേശം.

<u>ശ്രീ. കെ.എം. മാണി</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തിൽ രണ്ടു ഭാഗമാണുള്ളത്. ആദ്യത്തെ ഭാഗത്ത് പിന്നോക്ക സമുദായങ്ങൾക്ക് ലഭിച്ചുവന്ന സംവരണാനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാൻ ഭരണഘടനാ ഭേദഗതി ചെയ്യണമെന്നാണ്. രണ്ടാമത്, മുന്നോക്ക സമുദായങ്ങളിലെ പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം കിട്ടാൻ ഭരണഘടന ഭേദഗതി ചെയ്യണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഉപക്ഷേപത്തിനോട് ഞാൻ യോജിക്കുകയാണ്. പക്ഷെ ഒരു കാര്യം അറിയേണ്ടത്, നിലവിലുണ്ടായിരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിച്ചുവന്ന സംവരണാനുകൂല്യം നഷ്ടപ്പെടാനിടയായ സാഹചര്യമെന്താണ്? അതു നഷ്ടപ്പെടാനിടയായ സാഹചര്യമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പിന്നോക്ക വിഭാഗങ്ങൾ അനുഭവിച്ചുവന്ന സംവരണം ഭദ്രമക്കുന്നതിനുവേണ്ടിയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 1955-ൽ സംവരണ സംരക്ഷണനിയമം കൊണ്ടുവന്നത്. അന്ന് സംവരണ സംരക്ഷണനിയമത്തെ എതിർത്ത് സി.പി.ഐ.(എം) ആണ്. വാഗ്വാദങ്ങളിലൂടെ വാദഗതിയുന്നയിച്ചുകൊണ്ട്, ആ നിയമത്തെ നഖശിഖാന്തം സി.പി.ഐ. എതിർക്കുകയാണ് ചെയ്തത്. അതിനുശേഷം ഗവൺമെന്റുകൾ മാറിവന്നു. മുമ്പു പാസ്സാക്കിയ നിയമത്തിന്റെ സാധുത നിലനിർത്തുന്നതിനുവേണ്ടി സുപ്രീംകോടതിയിൽ ആ നിയമസാധുതയ്ക്കുവേണ്ടി വാദിക്കുകയായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. പക്ഷെ നിർഭാഗ്യവശാൽ, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ചെയ്യുകയുണ്ടായത്.*(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)* അതിന്റെ സാധുതയെ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് ആ കേസ് വാദിക്കുന്നതിന് നിയമിച്ചത്. ഇന്ത്യയിൽ മാത്രമല്ല, ലോകപ്രശസ്തനായ അഭിഭാഷകനായ, നിയമപണ്ഡിതനായ എഫ്. എസ്. നരിമാനെയാണ്. യു.ഡി.എഫ്. ഗവൺമെന്റ് എഫ്.എസ്. നരിമാനെ നിയോഗിച്ചിരുന്നുവെങ്കിലും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വന്നശേഷം അദ്ദേഹത്തെ ആ സ്ഥാനത്തുനിന്ന് എന്തിനാണ് മാറ്റിയത്? അതിന് ഉത്തരം പറയണം. സുബ്രമണ്യൻ പോറ്റിയെ നിയോഗിച്ചത് ഗവൺമെന്റിന്റെ കേസ് വാദിക്കാനല്ല, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേസ് വാദിക്കാനാണ്. ഈ നിയമത്തെ ദുർബലപ്പെടുത്താൻവേണ്ടി സുബ്ര

LIBRARY ARCHIVES Kerala Legislative Assembly

മണ്യൻ പോറ്റിയെ കേസ് വാദിക്കാൻ നിയമിച്ചിട്ട്, ഈ കേസിനാവശ്യമായ വാദങ്ങൾ നടത്താതെ കേസ് ദുർബലപ്പെടുത്തി സുപ്രീംകോടതി ഈ ബിൽ അസാധുവാക്കിക്കൊണ്ടുവന്നിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇപ്പോൾ ഈ ഉപക്ഷേപം അവതരിപ്പിക്കേണ്ടിവന്ന ഗതികേടെന്താണ്? ഈ ഉപക്ഷേപം ഇപ്പോൾ അവതരിപ്പിക്കേണ്ടിവന്നിരിക്കുന്ന സാഹചര്യം ആ ബിൽ അസാധുവാക്കി സുപ്രീംകോടതി പ്രഖ്യാപിച്ചതുകൊണ്ട് വൈകിവന്ന വിവേകമാണ്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഒരു ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നു. പിന്നോക്ക വിഭാഗങ്ങൾ അനുഭവിച്ചു വന്നിരുന്ന സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ ഞങ്ങൾ നിയമം കൊണ്ടുവന്നു. ആ നിയമം നിങ്ങൾ പരാജയപ്പെടുത്തി. പരാജയപ്പെടുത്തിയതിനുശേഷം ഇപ്പോൾ നിങ്ങൾ പറയുന്നു അത് നഷ്ടപ്പെടാതിരിക്കാൻ ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന്. ഭേദഗതി ചെയ്യാതിരിക്കാൻ ഇനി പറ്റില്ല. കാരണം അത് സുപ്രീംകോടതി അസാധുവാക്കി പ്രഖ്യാപിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇനി ഭരണഘടനാ ഭേദഗതി ചെയ്തുകൊണ്ടുമാത്രമേ നമുക്ക് ഈ സംവരണാനുകൂല്യം നിലനിർത്തുവാൻ കഴിയൂ. അതുകൊണ്ട് എനിക്ക് ഈ കാര്യത്തെ സംബന്ധിച്ച് പറയാനുള്ളത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി കൺസിസ്റ്റന്റായിട്ടുള്ള ഒരു നിലപാടെടുത്തില്ല. നമ്മുടെ പിന്നോക്ക സമുദായങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ താൽപ്പര്യങ്ങൾക്ക് ഗുണകരമായ നിലപാടല്ല മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടി എടുത്തത്. ഏതായാലും ഇന്നെങ്കിലും ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരാനിടയായ സാഹചര്യം, നിർബന്ധിതമായ ഒരു സാഹചര്യമുണ്ടാക്കിയത് മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയാണെന്നുമാത്രം സൂചിപ്പിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചു എന്നുമാത്രമേയുള്ളൂ. രണ്ടാമത്തെ ഭാഗത്തെ സംബന്ധിച്ചുപറയുന്നത് മുന്നോക്ക സമുദായത്തിലെ പിന്നോക്ക വിഭാഗങ്ങൾക്ക് 10% സംവരണം കൊടുക്കണമെന്നുള്ളതാണ്. എന്റെ പാർട്ടിയുടെ കൺസിസ്റ്റന്റായിട്ടുള്ള നിലപാടും അതുതന്നെയാണ്. അന്നത്തെ സംവരണം സംരക്ഷണ നിയമം പൈലറ്റുചെയ്തത് യു.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി ഞാനാണ്. അന്ന് പൈലറ്റുചെയ്തുകൊണ്ട് സബ്ജക്ടു കമ്മിറ്റിക്ക് റിപ്പോർട്ടു ചെയ്ത ആ ബില്ലിൽമേൽ നടന്ന ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ഞാനന്നുനടത്തിയ പ്രസംഗത്തിലെ രണ്ടുവാചകം ഞാൻ വായിക്കട്ടെ, '1995 ആഗസ്റ്റ് 31-ാം തീയതി.-' ഈ രാജ്യത്തെ സാമൂഹ്യ പിന്നോക്കാവസ്ഥയുടെ പേരിൽ ബഹുഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങൾക്ക് അനുവദിക്കപ്പെട്ട 50% മോഷ്ടിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ആ 50%-ൽ വെള്ളം ചേർക്കാൻ എന്റെ പാർട്ടി ഒരിക്കലും കൂട്ടുനിൽക്കില്ല. എന്നാൽ മെരിറ്റ് കാറ്റഗറിയിൽ 10 % എടുത്ത് മുന്നോക്ക വിഭാഗത്തിലെ പാവപ്പെട്ട ആളുകൾക്കുവേണ്ടി സംവരണമേർപ്പെടുത്തണമെന്നുള്ളതാണ് എന്റെ പാർട്ടിയുടെ നിലപാട്. മറച്ചുവയ്ക്കാതെ ഞാൻ പറയാം, പക്ഷേ അതിന് കോൺസ്റ്റിറ്റ്യൂഷണൽ അമെന്റുമെന്റ് വേണം. അത് ഈ ബില്ലിലില്ല. അത് സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് ഇന്ന് നിലവിലുള്ള അനുവദിക്കപ്പെട്ട സംവരണം അതേപടി നിലനിർത്തുവാൻ വേണ്ടിയുള്ള ബില്ലാണിത്. ഇതിനകത്ത് മുന്നോക്കക്കാരുടെ കാര്യം പറയുകയല്ല വേണ്ടത്. ഇത് ഗവർണ്ണറുടെ അസ്സന്റ് വാങ്ങിയതിനുശേഷം ഒരു പ്രമേയം സെപ്പറേറ്റായി പാസ്സാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്ത ഭരണഘടനാ ഭേദഗതിയിലൂടെ നമുക്കത് സാധിച്ചെടുക്കണം.' അന്ന് ആ ബിൽ അവതരിപ്പിച്ച് അതിൻമേൽ നടന്ന ചർച്ചയിൽ എന്റെ പാർട്ടിയുടെ അഭിപ്രായം അന്ന് ഞാൻ പ്രകടിപ്പിക്കുകയുണ്ടായി. അപ്പോൾ ഈ നിയമസഭയിൽ ഒരു സെപ്പറേറ്റ് പ്രമേയം കൊണ്ടുവന്ന് ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന് അന്ന് ആവശ്യപ്പെട്ടിരുന്നു എന്നുണ്ടെങ്കിൽ തീർച്ചയായും ഇന്ന് ഈ ഉപക്ഷേപത്തിലൂടെ ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് മുന്നോക്ക സമുദായത്തിന് 10%.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, അന്ന് നിങ്ങൾക്ക് പ്രമേയം കൊണ്ടുവരാമായിരുന്നു.

ശ്രീ. കെ.എം. മാണി : സർ, അന്നത്തെ ആ ബില്ലിനകത്ത് ഈ ആവശ്യം ഉൾപ്പെടുത്താൻ കഴിയില്ല. ഞാൻ ആ പ്രസംഗത്തിൽതന്നെ വ്യക്തമാക്കിയിട്ടുണ്ട്. അന്നത്തെ ആ ബിൽ പിന്നോക്ക സമുദായങ്ങൾക്ക് അവരുടെ ആനുകൂല്യം നിലനിർത്തുന്നതിനുവേണ്ടി, സംരക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന നിയമമാണ്. ആ നിയമത്തിൽ മുന്നോക്ക സമുദായത്തിന്റെ കാര്യം പറഞ്ഞിട്ട് കാര്യമില്ല. മുന്നോക്ക സമുദായത്തിന് പ്രത്യേകമായ ഭരണ ഘടനാ ഭേദഗതി വേണം. അതുനടത്താൻ ഉടനെതന്നെ തെരഞ്ഞെടുപ്പുവന്നു, തെരഞ്ഞെടുപ്പിനുശേഷം ഞങ്ങളുടെ ഗവൺമെന്റ് പോയി, നിങ്ങളുടെ ഗവൺമെന്റു വന്നു, നാലുവർഷം കഴിഞ്ഞു. നമ്മൾ ഇപ്പോഴെങ്കിലും ഈ കാര്യത്തെ സംബന്ധിച്ച് ചിന്തിച്ചത് നന്നായി എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഏതായാലും എന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇതിനുശേഷം അടുത്തകാലത്ത് എന്റെ പാർട്ടി ഈ ശതമാനത്തെ സംബന്ധിച്ച് ചിന്തിക്കുകയുണ്ടായി. മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് കഴിഞ്ഞ കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള ഈ അവഗണന കോംപൻസേറ്റുചെയ്യണമെങ്കിൽ 10% പോരാ, 12% എങ്കിലും സംവരണം മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് അനുവദിച്ചുകിട്ടേണ്ടതാണെന്നാണ് എന്റെ പാർട്ടിയുടെ ശക്തമായ നിലപാട്. പക്ഷേ അതിന് ഞാൻ പ്രത്യേകമായി ഒരു അമെന്റുമെന്റ് മൂവ് ചെയ്യുന്നില്ല. പൊതുവെ പറയുമ്പോൾ 10% എങ്കിലും സംവരണം വേണമെന്ന് ഈ നിയമസഭയിൽ യുനാനിമസ്സായി ഒരു പ്രമേയം പാസ്സാക്കുന്നുവെങ്കിൽ അതിനോടുകൂടി യോജിക്കാൻ ഞാൻ തയ്യാറാണ്. അതുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുകയാണ്. രണ്ടുകാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കട്ടെ, ഏതായാലും ഇന്ന് നിർബന്ധിതമായ ഒരു സാഹചര്യം പിന്നോക്ക വിഭാഗങ്ങൾ അനുഭവിച്ചുവന്ന സംവരണാനുകൂല്യം നഷ്ടപ്പെടാനിടയായത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിഷേധാത്മകമായ നിലപാടുകൊണ്ടായിരുന്നു, സുപ്രീം കോടതിയിൽ കേസ് വേണ്ടവണ്ണം വാദിക്കാതിരുന്നതുകൊണ്ടായിരുന്നു. ഏതായാലും ഇപ്പോഴെങ്കിലും കണ്ണുതുറന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഞാൻ ഈ ഉപക്ഷേപത്തെ പൊതുവെ അനുകൂലിക്കുകയാണ്.

ശ്രീ. ടി.എസ്. ജോൺ : സർ, ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. കേരള കോൺഗ്രസ്സിന്റെ ആവിർഭാവകാലം മുതൽ അനുവർത്തിച്ചുവരുന്ന നയം ഇന്ന് ഈ ചെറിയ ഉപക്ഷേപത്തിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ അനുകൂലിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന പിന്നോക്ക വിഭാഗങ്ങൾക്കും മതന്യൂനപക്ഷങ്ങൾക്കും ലഭിച്ചുവരുന്ന സംവരണാനുകൂല്യങ്ങൾ അതുപോലെ നില നിർത്തണമെന്നും അത് പിന്നോക്ക സമുദായങ്ങൾക്കുതന്നെ ലഭിക്കണമെന്നും അതോടൊപ്പം തന്നെ മുന്നോക്ക വിഭാഗങ്ങളിലെ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തണമെന്നുള്ള വ്യക്തമായ കാഴ്ചപ്പാടാണ് കേരള കോൺഗ്രസ്സിന് അതിന്റെ ആവിർഭാവകാലം മുതലുണ്ടായിരുന്നത്. പക്ഷേ പലവട്ടം ഞങ്ങൾ അധികാരത്തിലും പ്രതിപക്ഷത്തുമൊക്കെ ഇരുന്നപ്പോഴും അത് ഞങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് ഇങ്ങനെയൊരു ഉപക്ഷേപമെങ്കിലും അവതരിപ്പിച്ച് ഒരു പ്രമേയത്തിലൂടെ ഭരണഘടനാ ഭേദഗതിക്കുവേണ്ടി ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ള അവസരമുണ്ടായതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്, ചാരി

LIBRARY ARCHIVES Kerala Legislative Assembly

താർത്ഥ്യമുണ്ട്. ബഹുമാനപ്പെട്ട കെ.എം. മാണി അദ്ദേഹത്തിന്റെ പാർട്ടിയുടെ നയവും ഇതായിരുന്നുവെന്ന് പറയുന്നുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ പാർട്ടിയുടെ നയം ഇതായിരുന്നുവെങ്കിലും 1995-ൽ ഇവിടെ അവതരിപ്പിച്ച നിയമത്തോടൊപ്പംതന്നെ പ്രമേയവും നിയമവകുപ്പുമന്ത്രിയായിരുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന് കൊണ്ടുവരാൻ കഴിയുമായിരുന്നു. അതുചെയ്തില്ലായെന്നുള്ളത് ഞാൻ പ്രത്യേകമായി പ്രസ്താവിക്കട്ടെ. പക്ഷേ അന്നത്തെ ആ നിയമം അസാധുവാക്കിയത് വക്കീലൻമാരുടെ വാദത്തിന്റെ കുഴപ്പംകൊണ്ടാണെന്നുപറഞ്ഞതല്ലാതെ നിയമത്തിലുണ്ടായ പാകപ്പിഴകൊണ്ടല്ലെന്ന് സമ്മതിക്കാൻ അദ്ദേഹം ഇപ്പോൾ വിസമ്മതിക്കുന്നു എന്നുള്ളതാണ് ദു:ഖകരമായ സത്യം. സുപ്രീംകോടതിയുടെ മുൻപിൽ ഒരു ചെറിയ നിയമം വന്നാൽ അത് കൈകാര്യം ചെയ്യാൻ കഴിവുള്ള ആളുകളാണ് സുപ്രീംകോടതി ജഡ്ജിമാർ. അവർ വാദമുഖങ്ങൾ ഉന്നയിച്ചാലും ഉന്നയിച്ചില്ലായെങ്കിലും അവർക്ക് തെറ്റുപറ്റാതിരിക്കാൻ സാധ്യമല്ലല്ലോ. ഏതായാലും അതൊരു ബാലിശമായ വാദഗതിയായിപ്പോയി എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. ഇന്ന് ക്രീമിലെയർ ഇല്ലെന്നുള്ള അഭിപ്രായത്തോട് എനിക്ക് യോജിക്കാൻ നിവൃത്തിയില്ല. പിന്നോക്ക വിഭാഗങ്ങളിൽ ക്രീമിലെയറുണ്ട്. അതുപോലെതന്നെ മുന്നോക്ക വിഭാഗങ്ങളിൽ ക്രീമിലെയറുണ്ട്. അതുപോലെതന്നെ മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ധാരാളം ആളുകൾ നമ്മുടെ രാജ്യത്തുണ്ട്. ഈ രണ്ടുകാര്യങ്ങളും ഈ രാജ്യത്ത് അംഗീകരിക്കപ്പെടാതിരിക്കാൻ സാധ്യമല്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും തത്വത്തിൽ അതംഗീകരിച്ചു എന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. അങ്ങനെ ക്രീമിലെയർ അനുസരിച്ച് പിന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർക്ക് പിന്നോക്ക വിഭാഗങ്ങൾക്കുള്ള ആനുകൂല്യം ലഭിക്കണം. അപ്രകാരം പിന്നോക്ക വിഭാഗങ്ങളിലെ പാവപ്പെട്ടവർ ഇല്ലെങ്കിൽ അതിലെ സമ്പന്ന വിഭാഗങ്ങൾക്ക് കൊടുക്കുന്നതിലും അവർക്ക് set apart കാട്ട കൊടുക്കുന്നതിലും ഞങ്ങൾക്ക് വിരോധമില്ല. നമ്മുടെ അടുത്തകാലത്തുവന്ന റിപ്പോർട്ടുകളിലേയ്ക്ക് ഞാൻ ശ്രദ്ധക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. 1991 മുതൽ 1996 വരെയുള്ള 5 വർഷത്തിനുള്ളിൽ സംസ്ഥാനത്ത് നിയമനോപദേശം ലഭിച്ചവർ പിന്നോക്ക വിഭാഗങ്ങളിലെ 52.8% ആയിരുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അതോടൊപ്പംതന്നെ സംവരണം പത്തു ശതമാനമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നൽകേണ്ടത്. അതു ഇപ്പോഴും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. നാടാർ വിഭാഗത്തിലും പരിവർത്തന ക്രിസ്ത്യൻ വിഭാഗത്തിലും ഇതര വിഭാഗങ്ങളിലും എല്ലാം കൂട്ടി നോക്കിയാലും ഒന്നുമില്ല. പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകൾക്ക് ഇപ്പോഴും അനുവദിക്കപ്പെട്ട 10 ശതമാനം പോലും അവർക്ക് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. അതുകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗത്തിൽ നിന്നും മത പരിവർത്തനം ചെയ്ത് ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ, പാഴ്സികൾ, സിക്കുകാർ തുടങ്ങിയവരായിട്ട് മാറിയവരുണ്ടല്ലോ അവരെക്കൂടി പട്ടികജാതി പട്ടികവർഗ്ഗത്തിന് അവകാശപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കത്തക്ക രീതിയിൽ നിയമ ഭേദഗതികൾ ഉണ്ടാക്കണമെന്നുള്ള ഒരു അഭ്യർത്ഥനകൂടി എനിക്കുണ്ട്. അതോടൊപ്പം തന്നെ 52.8 ശതമാനമാണ് 1991 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. അതിൽ 40 ശതമാനം മാത്രമേ പിന്നോക്ക വിഭാഗങ്ങൾക്ക് സെറ്റ് അപ്പാർട്ടു ചെയ്തിട്ടുള്ളൂ, എന്നാൽ മുന്നോക്കക്കാരുമായി മൽസരിച്ച് ഓപ്പൺ മെരിറ്റിൽ പ്രാതിനിധ്യം നേടിയവരാണ് ബാക്കി 12.8 ശതമാനം ആളുകൾ. ക്രീമിലെയർ ഇല്ലെന്നുള്ള വാദത്തോടു ഒരു കാരണവശാലും

LIBRARY ARCHIVES Kerala Legislative Assembly

യോജിക്കാൻ നിവൃത്തിയില്ല. മുന്നോക്ക വിഭാഗങ്ങളുമായി കേരപിറ്റ് ചെയ്ത് 12 ശതമാനത്തോളം ആനുകൂല്യം നേടിയെടുക്കുവാൻ 1991-1996 കാലഘട്ടത്തിൽ പി.എസ്.സി.യിലൂടെ കഴിഞ്ഞു എന്നുള്ള യാഥാർത്ഥ്യം നാം മറക്കരുത്. ക്രീമിലെയർ ഉണ്ട്. അതുകൊണ്ട് പാവപ്പെട്ടവരായിട്ടുള്ള പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടാൻ കഴിയില്ല, സമ്പന്നർക്ക് അത് അടിച്ചുകൊണ്ടു പോകാനും കഴിയില്ല. അതുകൊണ്ട് പാവപ്പെട്ടവർക്ക് കിട്ടത്തക്ക രീതിയിലുള്ള ക്രമീകരണങ്ങൾ ഈ സംവരണ വ്യവസ്ഥയിൽ ഉണ്ടാക്കണം. ഇന്നു നിലവിലുള്ള പിന്നോക്ക വിഭാഗങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കു തന്നെ ലഭിക്കണമെന്നുള്ളതാണ് എന്റെ പാർട്ടിയുടെ അഭിപ്രായം. അതോടൊപ്പം തന്നെ പിന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവർക്കും ലഭ്യമാക്കണം. അതുകൊണ്ടും തികയുന്നില്ല, അവർക്ക് സെറ്റ് അപ്പാർട്ടുചെയ്തിരിക്കുന്ന സംവരണമെങ്കിൽ അതു കുറച്ചുകൂടി സമ്പന്നർക്ക് കൊടുക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. രണ്ടാമത്തെ കാര്യം, മുന്നോക്ക വിഭാഗങ്ങളെന്നു വിരോധമില്ല. രണ്ടാമത്തെ കാര്യം, മുന്നോക്ക വിഭാഗങ്ങളെന്നു വിവക്ഷിക്കുന്ന ആളുകളിൽ ധാരാളം പാവപ്പെട്ട ആളുകളുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള ഭൂനികുതി ബിൽ നടപ്പാക്കിയതുമൂലം ഉണ്ടായിട്ടുള്ള തിക്തഫലം അനുഭവിക്കുന്ന ധാരാളം ജനവിഭാഗങ്ങളുണ്ട്. അതായത് ബ്രാഹ്മണരുൾപ്പെടെയുള്ളവർ ധാരാളം പാവപ്പെട്ടവരുണ്ട്. അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ആനുകൂല്യങ്ങൾ ലഭിക്കണം. അതുകൊണ്ട് 10 ശതമാനം ആനുകൂല്യങ്ങൾ അവർക്ക് കിട്ടത്തക്ക രീതിയിൽ സംവരണത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യത്തക്ക നിലയ്ക്ക് ഭരണഘടനയിൽ വ്യവസ്ഥയുണ്ടാക്കണം. അതുപോലെ പേരു മാറിയതുകൊണ്ടോ, മാധവൻ മത്തായി ആയതുകൊണ്ടോ മുഹമ്മദായതുകൊണ്ടോ ആനുകൂല്യം നിഷേധിക്കപ്പെടുന്ന ധാരാളം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽ നിന്നും മത പരിവർത്തനം ചെയ്തു മുസ്ലീം, ഹിന്ദു, ക്രിസ്ത്യൻ, പാഴ്സിയൊക്കെ ആകുന്ന ആളുകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കു ലഭിക്കുന്ന ആനുകൂല്യം ലഭിക്കണം. നമ്മുടെ സംസ്ഥാനത്ത് അതു ലഭ്യമായിട്ടില്ല. ഇവരെക്കൂടി അതിൽ ഉൾപ്പെടുത്തണമെന്നുള്ള കാഴ്ചപ്പാടാണ് കേരളാ കോൺഗ്രസ്സ് പാർട്ടിയെ സംബന്ധിച്ചുള്ളത്. അതുകൊണ്ട് ഈ ഉപക്ഷേപത്തെ ഞാൻ മുക്തകണ്ഠം പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ബഹുമാന്യരായ മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ പൊതുവെ അനുകൂലിക്കുകയാണ്. 13-12-1999-ലെ സുപ്രീം കോടതിവിധി ഞങ്ങൾ അംഗീകരിക്കുന്നില്ല, അതിനോട് യോജിക്കുന്നില്ല എന്ന് ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയെ നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ എന്തുകൊണ്ട് ആ വിധിയ്ക്ക് എതിരായി റിവ്യൂ ഹർജി കൊടുക്കുവാൻ തയ്യാറായില്ല എന്നു നിങ്ങൾ വെളിപ്പെടുത്തണം. ഈ പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യം നഷ്ടപ്പെടാതെയിരിക്കാനും മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ജനറൽ ക്വാട്ടയിൽ നിന്ന് പത്തു ശതമാനം സംവരണാനുകൂല്യം ലഭിക്കുന്നതിനും ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയമാണ്. ഈ കാര്യങ്ങൾ ചർച്ചചെയ്യുംപോൾ ആണ് കേന്ദ്ര ഗവൺമെന്റ് ഈ കാര്യം ക്രീമിലെയ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് വരുമാന പരിധി നിശ്ചയിച്ചത് ഒരു ലക്ഷം രൂപ വരുമാന പരിധി നിശ്ച യിക്കാനുള്ള ഉത്തരവിൽ കേന്ദ്ര ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് ശമ്പള ത്തിലും കൃഷിയിലും നിന്നുള്ള വരുമാനമൊഴിവാക്കിയാണ് ക്രീമിലെയറിന്റെ വരുമാനം നിശ്ചയിച്ചിരിക്കുന്നത്. നമ്മുടെ ഗവൺമെന്റ് എന്താണ് ചെയ്തിരി ക്കുന്നത്? നമ്മുടെ ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ഉത്തരവ് അനുസരിച്ച് ഒരു ലക്ഷം രൂപയുടെ വരുമാനം കണക്കാക്കുംപോൾ ശമ്പളവും കൃഷിയിൽ നിന്നുള്ള വരുമാനവും കൂടി ഉൾപ്പെടുത്തണം. അതുകൊണ്ട് എന്താണ് വരു ന്നത്. അത് ഉൾപ്പെടുത്തുംപോൾ വരുമാനത്തോത് കൂടുതലായിരിക്കും, ക്രീമി ലെയർ ഉണ്ടെന്നു സ്ഥാപിക്കുകയും ചെയ്യുന്നു. അതാണ് ഇവിടെ വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണം. ഉദ്യോഗസ്ഥന്മാരായിട്ടുള്ള ആളുകളേയും അതായത് ശമ്പളം പറ്റുന്നവരേയും കൃഷിയിൽ നിന്ന് വരു മാനം പറ്റുന്നവരേയും ആ വരുമാന പരിധിയിൽ നിന്നു ഒഴിവാക്കണം. അതിന് ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല. അതിനുത്തരം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണം. മറ്റൊരു കാര്യം, കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവ് അനുസരിച്ച് 20 ലക്ഷം രൂപ ടേൺ ഓവറുള്ള സഹകരണ സംഘം പ്രസി ഡന്റുമാർ, ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റുമാർ അവരെയൊക്കെ ക്രീമി ലെയറിന്റെ പരിധിയിൽ കൊണ്ടു വന്നിരിക്കുകയാണ്. ഒരു പാവപ്പെട്ട ആൾ സഹകരണ സംഘത്തിന്റെ പ്രസിഡന്റായിപ്പോയി എന്നതിനാൽ ആ സഹക രണ സംഘത്തിന് 20 ലക്ഷം രൂപ ടേൺ ഓവറുണ്ടെങ്കിൽ അതു ക്രീമിലെയ റിൽപ്പെടുത്തണം എന്നാണ് പറയുന്നത്. ഇതു കേന്ദ്ര ഗവൺമെന്റിന്റെ ഉത്തര വാണ്. അതിനെക്കുറിച്ച് നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്? എനിക്ക് മറ്റൊരു കാര്യം പറയാനുള്ളത്, ഈ പ്രമേയത്തിന്റെ രണ്ടാം ഭാഗം, അതിനെ ചിലയാളുകൾ എതിർത്തു സംസാരിച്ചു. ഐക്യജനാധിപത്യ മുന്ന ണിയെ സംബന്ധിച്ച് കഴിഞ്ഞ തെരഞ്ഞെടുപ്പു സമയത്ത് പ്രകടന പത്രിക പുറത്തിറക്കിയപ്പോൾ ഐക്യജനാധിപത്യ മുന്നണി ആവശ്യപ്പെട്ടിരുന്ന ഒരു കാര്യമാണ് 10 ശതമാനം സംവരണം മുന്നോക്ക വിഭാഗത്തിൽപ്പെട്ട ദുരിതമനു ഭവിക്കുന്നവർക്ക് അല്ലെങ്കിൽ പാവപ്പെട്ട ആളുകൾക്ക് ഏർപ്പെടുത്തുമെന്നത്. അതോടൊപ്പം തന്നെ മറ്റൊരു കാര്യം കൂടി പറഞ്ഞിരുന്നു. അതിന്റെ വിശദാം ശങ്ങളിലേയ്ക്കു കടക്കുന്നില്ല. അതിന്റെ വിശദാംശങ്ങൾ പഠിക്കുവാൻ ഒരു കമ്മിഷനെ ഏർപ്പെടുത്തുന്ന കാര്യവും ഞങ്ങൾ പരിഗണിക്കുമെന്നാണ് ഐക്യജനാധിപത്യ മുന്നണി പ്രകടന പത്രികയിൽ പറഞ്ഞിരുന്നത്. ചരിത്രപ രമായി ജാതി വ്യവസ്ഥയുണ്ടായതിനെയൊക്കെ അടിസ്ഥാനപ്പെടുത്തിയാ ണല്ലോ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കോ മറ്റു പിന്നോക്ക വിഭാഗങ്ങൾക്കോ ഒക്കെ സംവരണം ഏർപ്പെടുത്തിക്കൊണ്ട് നമ്മുടെ ഭരണ ഘടന അങ്ങനെ യൊരു വകുപ്പ് എഴുതിച്ചേർത്തത്. മുന്നോക്കക്കാരിലെ പാവപ്പെട്ടവർക്ക് 10 ശതമാനം സംവരണം കൊടുത്താൽ, അതു സാമ്പത്തിക സംവരണമാകുമെ ന്നാണല്ലോ ഇവിടെയൊരു ആക്ഷേപമുള്ളത്. സാമുദായിക സംവരണമാണ് ഇന്ന് നിലവിലുള്ളതെന്നാണ് പരക്കെ അറിയപ്പെടുന്നത്. സാമ്പത്തിക സംവ രണം ഏർപ്പെടുത്തും അല്ലെങ്കിൽ ആക്കും എന്ന് ആക്ഷേപമുള്ളവരോട് എനിക്കു പറയാനുള്ളത് എന്തുകൊണ്ട് സാമ്പത്തിക സംവരണം ഏർപ്പെടു ത്തണമെന്ന് ആ വിഷയത്തെക്കുറിച്ച് പറയുംപോൾ പറഞ്ഞുകൂടാ. അവി ടേയും ചരിത്രം പരിശോധിക്കണം. കഴിഞ്ഞ 19 വർഷമായി ഭൂപരിഷ്ക്കരണനി യമം നടപ്പിലാക്കിയതിലൂടെ എല്ലാം തകർന്ന് ഒരു തുണ്ട് ഭൂമിപോലുമില്ലാതെ കൂരകളിൽ കിടക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകളുമുണ്ട്. യാതൊരു വശവുമില്ലാത്ത ആളുകൾ. അങ്ങനെയുള്ള ആളുകൾക്ക് പിന്നോക്ക

LIBRARY ARCHIVES Kerala Legislative Assembly

വിഭാഗങ്ങളിൽ അല്ലെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ അനുഭവിക്കുന്ന ആനുകൂല്യങ്ങൾ ഒട്ടും കുറയാതെ അതിൽ കൈ വയ്ക്കാതെ, അവർ അനുഭവിക്കുന്ന 50 ശതമാനം ആനുകൂല്യങ്ങളിൽ അല്പം പോലും കവർന്നെടുക്കാതെ ജനറൽ ക്വാട്ടയിൽ നിന്ന് 10 ശതമാനം ഏർപ്പെടുത്തണമെന്നു പറഞ്ഞാൽ അതു തികച്ചും ന്യായമായ കാര്യമല്ലേ? അതിനെ മുക്തകണ്ഠമായി എല്ലാവരും പ്രകീർത്തിക്കണം. അതിനെ അനുകൂലിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഈ പ്രമേയത്തെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. സി.കെ. നാണു)

സർ, ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഈ മേൽത്തട്ട് എന്നുള്ള പ്രശ്നം വരുന്നതു തന്നെ വി.പി.സിംഗ് പ്രധാനമന്ത്രിയായിരുന്ന അവസരത്തിലാണ്. അന്നാണ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കിയത്, 27 ശതമാനം സംവരണം പിന്നോക്ക വിഭാഗത്തിന് ലഭിച്ചു. ആ നിയമമാണ് പാസ്സാക്കിയത്. അതിനെതിരായി നിലപാട് സ്വീകരിച്ചവർ, അതിനെതിരായി കോടതിയെ സമീപിച്ചവർ കോടതിയെക്കൊണ്ട് മേൽത്തട്ടു കാര്യം പറഞ്ഞു വിധി തേടാൻ ശ്രമിച്ചവർ ഇപ്പോൾ ക്രീമിലെയർ ഇല്ലാത്തതെന്നു പറയുന്നതു ശരിയാണോ? ഇവിടെ പിന്നോക്ക വിഭാഗത്തിന് അനുകൂലമായി, ഇവിടെ വ്യക്തമാക്കിയതുപോലെ 1950-കളിൽ ഭരണഘടന അംഗീകരിച്ച ശേഷം 1990-കളിൽ മാത്രമാണ് ഇന്ത്യയിലെ പിന്നോക്ക വിഭാഗത്തിന് അനുകൂലമായി ഒരു നിയമം വന്നത്. ആ നിയമം കൊണ്ടുവന്നപ്പോൾ കോൺഗ്രസ്സ്(ഐ) എതിർത്തു, ശ്രീ. നരസിംഹറാവു എതിർത്തു, ശ്രീ. നരസിംഹറാവു പ്രധാനമന്ത്രിയായ ശേഷം മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കാൻ സന്നദ്ധമായില്ല, കോടതിയിൽ കേസു വന്നു. ആ കേസ്സിൽ പ്രധാന കക്ഷിയായിരുന്നു കോൺഗ്രസ്സ്. അതിന്റെ വിധിയിലാണ് മേൽ തട്ടു പ്രശ്നം വന്നത്. മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ ഫലമായി വി.പി.സിംഗ് ഗവൺമെന്റ് തകർന്നു. പല സാഹചര്യങ്ങളുമുണ്ടായി. മേൽത്തട്ട് എന്നു പറയുന്നതിൽ, ഇന്ത്യൻ രാഷ്ട്രീയം കൊണ്ടു വന്നത്, അതിന് സഹായകരമായ സാഹചര്യമൊരുക്കിയത് നമ്മുടെ നിയമസഭയിലുള്ള കക്ഷികൾ പരിശോധിക്കുന്ന അവസരത്തിൽ കോൺഗ്രസ്സ് (ഐ) ആണെന്ന് മനസ്സിലാകും. മറ്റാരേയും അതിൽ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഇൻഡ്യയിലെ എല്ലാ രാഷ്ട്രീയകക്ഷികളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, സി.പി.ഐ., അന്നത്തെ അപ്പുറത്തിരിക്കുന്ന മുസ്ലീംലീഗ് ഇവർ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനനുകൂലമായ നിലപാട് സ്വീകരിച്ചു. കോൺഗ്രസ്സ്(ഐ) അതിനനുകൂലമായ നിലപാട് സ്വീകരിച്ചില്ല. കോൺഗ്രസ്(ഐ) അതിനനുകൂലമായ ഒരു നിലാപട് സ്വീകരിച്ചിരുന്നുവെങ്കിൽ മേൽത്തട്ടിന്റെ പ്രശ്നം ഇന്നുണ്ടാകുമായിരുന്നില്ല. നരസിംഹറാവു ഗവൺമെന്റിന് അത് നടപ്പിലാക്കുന്നതിനുകൂലമായ നിലപാട് കോൺഗ്രസ്(ഐ) സ്വീകരിച്ചിരുന്നുവെങ്കിൽ അതിന് ഈ രൂപത്തിൽ പിന്നീട് മേൽത്തട്ട് പ്രശ്നം വരുന്ന സാഹചര്യമുണ്ടാകുമായിരുന്നില്ല. മണ്ഡൽകമ്മിഷൻ റിപ്പോർട്ടിനെതിരായി സുപ്രീം കോടതിയിൽ കേസു കൊടുത്തു മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിലെ പിന്നോക്ക വിഭാഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കപ്പെട്ടെങ്കിലും, അതിന് ന്യായങ്ങൾ പറഞ്ഞെങ്കിലും മേൽത്തട്ട് നിലനിൽക്കുന്ന രൂപത്തിലുള്ളത് വന്നത് ഈ ഘട്ടത്തിൽ മാത്രമാണ്. അതുപോലെതന്നെ വി. പി. സിംഗ് മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയ അവസരത്തിൽ പിന്നോക്കവിഭാഗത്തിന് സംരക്ഷണം നൽകുന്നതിന് വ്യക്തമായ നിലപാട്

LIBRARY ARCHIVES Kerala Legislative Assembly

വന്നെങ്കിലും അതോടൊപ്പം മുന്നോക്കവിഭാഗത്തിൽപ്പെട്ട അതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കും സംവരണം നൽകാൻ പറഞ്ഞിരുന്നു. ശ്രീ. രാംവിലാസ് പാസ്വാൻ പ്രമേയം അവതരിപ്പിച്ചയസരത്തിൽ മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കാവസ്ഥയനുഭവിക്കുന്നവർക്ക് സംവരണം നൽകുമെന്ന് പറഞ്ഞു. അപ്പോൾ ഒരു സംസ്ഥാന ഗവൺമെന്റുണ്ടാക്കിയ പ്രശ്നങ്ങളല്ല. മേൽത്തട്ടിന്റെ പ്രശ്നമുണ്ടാക്കുന്നതിൽ പ്രധാനമായ പങ്കാളിത്തം കോൺഗ്രസ്സിനായിരുന്നു. പിന്നോക്കവിഭാഗത്തിന് സംവരണം കൊടുക്കുന്നതിനെ എതിർത്തത് കോൺഗ്രസ്സാണ്. 1950-ൽ ഭരണഘടനാ അംഗീകരിച്ച കാലം തുടങ്ങി പിന്നോക്കവിഭാഗത്തിനനുകൂലമായ നിയമനിർമ്മാണം നടത്തിയിരുന്നുവെങ്കിൽ ഇന്ന് രാജ്യത്തെ പിന്നോക്കജനവിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും അതുപോലെതന്നെ ആദിവാസികൾക്കും നേടിയെടുക്കേണ്ട അവകാശങ്ങളെ സംബന്ധിച്ച് വിലപിക്കേണ്ട ഒരു സാഹചര്യമുണ്ടാകുമായിരുന്നില്ല. ഇതെല്ലാം നമ്മുടെ മുൻപിലുണ്ടാകുന്ന അവസരത്തിൽ നമുക്കുനേരെ വന്ന ഒരു സ്ഥിതിവിശേഷമാണ്. ആ സാഹചര്യത്തെ ഈ രൂപത്തിൽ നേടിയെടുക്കുകമാത്രമേ നിർവ്വാഹമുള്ളൂ. ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന ഉപക്ഷേപത്തിന് ഞാൻ ഒരു ഭേദഗതി അവതരിപ്പിക്കുകയാണ്.

'പ്രമേയത്തിന്റെ നാലാമത്തെ വരിയിൽ നഷ്ടപ്പെടാതിരിക്കാൻ എന്നു കഴിഞ്ഞ് താഴെപ്പറയുന്ന ഭാഗംകൂടി കൂട്ടിച്ചേർക്കുക: "13/12/1999-ന് മുൻപുള്ള സംവരണവ്യവസ്ഥ നിലനിർത്തുന്നതിനാവശ്യമായ ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന് ഈ സഭ കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്നു".

നമ്മുടെ രാജ്യത്ത് ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്ക് ലഭിക്കുന്നുതിനുവേണ്ടിയാണ് ഈ സംവരണ വ്യവസ്ഥ കൊണ്ടുവന്നത്. നൂറുകോടി ജനങ്ങളുള്ള ഇൻഡ്യാരാജ്യത്ത് 83 കോടിയോളം ജനങ്ങൾ പട്ടികജാതി പട്ടികവർഗ്ഗക്കാരും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുമാണ്. നമ്മുടെ ഭരണഘടനയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യാനുപാതമായ സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സംവരണം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ പോലും ആ പ്രാധാനും ഇൻഡ്യയിൽ ഇന്ന് കിട്ടിയിട്ടുണ്ടോ? നിയമസഭയുടെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ ഒരംഗമെന്ന നിലയിൽ ഇൻഡ്യയിലെ ചില സംസ്ഥാനങ്ങൾ സന്ദർശിക്കുവാൻ എനിക്ക് അവസരമുണ്ടായി. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കുകയാണ്. ബീഹാർ സംസ്ഥാനത്ത് പട്ടികജാതിക്കാർക്ക് 22 ശതമാനം സംവരണവും പട്ടികവർഗ്ഗത്തിന് അഞ്ച് ശതമാനം സംവരണവുമുണ്ടായിരുന്നു. രണ്ട് വിഭാഗത്തിനുംകൂടി 27 ശതമാനം സംവരണം അവിടെയുണ്ട്. നമ്മുടെ നിയമസഭാ സമിതി, അന്ന് ഞാൻ ആ കമ്മിറ്റിയിലെ ഒരംഗമെന്നുള്ള നിലയിൽ അവിടെ ചെന്നയവസരത്തിൽ മനസ്സിലാക്കിയത് 27 ശതമാനം സംവരണം ഭരണഘടനാപരമായി അവർക്കുണ്ടെന്നാണ്. പക്ഷെ ആ സംസ്ഥാനത്ത് അഞ്ച് ശതമാനം പ്രാതിനിധ്യം പോലും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് കിട്ടിയിട്ടില്ല എന്നാണ് ഈ കമ്മിറ്റിമുൻപാകെ അവർ തെളിവ് തന്നത്. അഞ്ച് ശതമാനത്തിൽത്തന്നെ നാല് ശതമാനം സംവരണം കിട്ടിയത് ഏറ്റവും കുറഞ്ഞ സ്കാവഞ്ചർ പോസ്റ്റുകളിലാണ്. ക്ലാസ് 3 ജീവനക്കാർ മുതൽ ഒറ്റജീവനക്കാർക്കും ആനുകൂല്യം കിട്ടിയിട്ടില്ല. അപ്പോൾ ഭരണഘടനയിൽ പട്ടികജാതി-പട്ടികവർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

ക്കാർക്ക് ജനസംഖ്യാനുപാതികമായ സംവരണം നിലനിർത്തിയിട്ടുപോലും ഈ രാജ്യത്തെ ആ വിഭാഗം ആൾക്കാർ പൂർണ്ണമായും പിൻതള്ളപ്പെടുകയാണ്. കേരളത്തിൽ അല്പം ഭേദമുണ്ട്. അത് ഞാൻ സമ്മതിക്കുന്നു.

<u>ശ്രീ. ജി. സുധാകരൻ</u> : കേരളത്തിൽ നൽകിയ 14 ശതമാനം സംവരണം വേണ്ട 12 ശതമാനം മതിയെന്ന് കോൺഗ്രസ്സ് ഗവൺമെന്റ് പറഞ്ഞത് അങ്ങേയ്ക്ക് അറിയാമോ?

<u>പ്രൊഫ. എ.വി. താമരാക്ഷൻ</u> : സർ 1971-ലെ സെൻസ്സസ് അനുസരിച്ച് കേരളത്തിൽ പത്ത് ശതമാനമുണ്ട്. ആ കുറവ് നികത്തുന്നതിനുവേണ്ടിയാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ശ്രീ.സി. അച്ചുതമേനോൻ ഗവൺമെന്റ് കൊണ്ടുവന്നത്. ശ്രീ. സി. അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഭരണഘടന അനുസരിച്ച് ജനസംഖ്യാനുപാതികമായി പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സംവരണമുണ്ടായിട്ടുപോലും അതിന്റെ പത്തിലൊന്ന് പ്രാതിനിധ്യം പോലും ഈ അൻപത് വർഷം കഴിഞ്ഞിട്ടും കിട്ടിയിട്ടില്ല. ഇൻഡ്യയിലെ പിന്നോക്കവിഭാഗക്കാർ ഈ രാജ്യത്തെ ബഹുഭൂരിപക്ഷംവരുന്ന വിഭാഗത്തിൽപ്പെട്ടവരാണ്. ചില രാഷ്ട്രീയ പാർട്ടിക്കാരും ചിലയാളുകളും ഇതിനെ കാണുന്നത് ഉദ്യോഗവുമായി തൊഴിൽകിട്ടുന്നതുമായി ബന്ധപ്പെടുത്തികൊണ്ടാണ്. നമ്മുടെ നിയമനത്തിൽതന്നെ മൊത്തം ജനസംഖ്യയുടെ 1.6 ശതമാനം മാത്രമേ ഗവൺമെന്റ് ജീവനക്കാരുള്ളൂ. ഈ സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 1.6 ശതമാനമാണ് ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ. ഉദ്യോഗം കൊടുക്കുന്നതിനുവേണ്ടിയാണോ ഈ സംവരണം? ഈ രാജ്യത്ത് ചരിത്രപരമായ കാരണങ്ങളാൽ നൂറ്റാണ്ടുകളായി പിൻതള്ളപ്പെട്ട ഒരു ജനവിഭാഗത്തിന് ഈ രാജ്യത്തിന്റെ ഭരണാധികാരത്തിൽ മതിയായ പങ്കാളിത്തമുണ്ടാകണം. അതിലൂടെമാത്രമേ സാമൂഹ്യ നീതി ഉറപ്പുവരുത്താൻ കഴിയുകയുള്ളൂ. ആ സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയണമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇൻഡ്യൻ ഭരണഘടനയിൽ 16(4) അനുസരിച്ച് ഈ സംവരണം കൊണ്ടുവന്നത്. ആ സംവരണവ്യവസ്ഥയെ അട്ടിമറിക്കുന്നതാണ് ഈ ക്രീമിലെയർ. ക്രീമിലെയർ എന്നത് ഭരണഘടനാവിരുദ്ധമാണ്. എന്റെ പാർട്ടി ശ്രീ. ബേബി ജോൺ സെക്രട്ടറിയായിട്ടുള്ള ആർ.എസ്.പി. ക്രീമിലെയറിനെ അംഗീകരിക്കുന്നില്ല. നരേന്ദ്രൻ കമ്മിഷൻ മുൻപാകെതന്നെ എന്റെ പാർട്ടിയുടെ അസന്നിഗ്ദ്ധമായ അഭിപ്രായം കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അതുമാത്രമല്ല ഞാൻ ഈ സാമ്പത്തിക പരിധി വയ്ക്കുന്നതിനോട് യോജിക്കുന്നില്ല. സുപ്രീം കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണെങ്കിൽപോലും ഒരു സാമ്പത്തിക പരിധി വയ്ക്കുന്നതിനോട് എന്റെ പാർട്ടി എതിരാണ്. ഞങ്ങളുടെ അഭിപ്രായം കമ്മിറ്റി മുൻപാകെ പറയുകയുണ്ടായി. എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത് ഇവിടെ സാമുദായിക സംവരണം, സാമ്പത്തിക സംവരണം ഇവയെ അഭങ്കുരം ലോകമുള്ളിടത്തോളം കാലം നിലനിർത്തണമെന്നുള്ള അഭിപ്രായം എന്റെ പാർട്ടിക്കില്ല. ഏതെങ്കിലും സമുദായത്തിന് അർഹമായ പ്രാതിനിധ്യം കൊടുത്തിട്ടുണ്ടെന്ന് ഒരു പഠനത്തിന്റെയടിസ്ഥാനത്തിൽ ബോദ്ധ്യപ്പെട്ടുകഴിഞ്ഞാൽ ആ സമുദായത്തെ പൂർണ്ണമായും മാറ്റണമെന്നുള്ള അഭിപ്രായമാണ് എന്റെ പാർട്ടിക്കുള്ളത്. ഏത് സമുദായമായിരുന്നാലും ശരി ആ സമുദായത്തിനർഹമായ പ്രാതിനിധ്യം കിട്ടിയെന്ന് ബോദ്ധ്യമായിക്കഴിഞ്ഞാൽ ആ സമുദായം സംവരണത്തിൽ നിന്നും മാറ്റിനിർത്തപ്പെടണം. മറ്റൊരുകാര്യം മുന്നോക്ക വിഭാഗത്തിൽത്തന്നെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നമുണ്ട്. മുന്നോക്ക വിഭാഗത്തിൽപ്പെട്ട പിന്നോക്കം

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുന്നവർക്ക് വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥയ്ക്ക് അർഹതയില്ല. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും സാമ്പത്തിക പിന്നോക്കാവസ്ഥയു മുണ്ടെങ്കിൽ അത് മാറ്റിയെടുക്കാനുള്ള പദ്ധതികളാണ് ഗവൺമെന്റ് കൊണ്ടുവ രേണ്ടത്. മുന്നോക്കവിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കാവസ്ഥ യിൽ നിൽക്കുന്ന ജനവിഭാഗത്തെ സാമ്പത്തികമായി ഉയർത്തുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കേണ്ടത്. അത്തരത്തിലുള്ള പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് നേതൃത്വം കൊടുക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ ചരിത്രപരമായ കാരണങ്ങളാൽ നൂറ്റാണ്ടുകളായി പിന്നോക്കം തള്ളപ്പെട്ട ജനവിഭാഗത്തെ അധികാരത്തിന്റെ അകത്തള ത്തിൽനിന്ന് ഒഴിവാക്കാൻ പാടില്ല. 13-12-1999-നുള്ള സുപ്രീംകോടതിയുടെ വിധിക്കുശേഷം ആ വിധിക്ക് മുൻപുള്ള വ്യവസ്ഥ നിലനിർത്തുന്നതിനാവശ്യ മായ നിലയിൽ ഭരണഘടന ഭേദഗതിചെയ്തുകൊണ്ട് സാമുദായിക സംവ രണം നിലനിർത്തുന്നതിനുള്ള നടപടിയുമായി ഈ ഗവൺമെന്റ് മുന്നോട്ടു പോകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : സർ, മുഖ്യമന്ത്രി അവതരിപ്പിച്ച ചട്ടം 275 അനുസരിച്ചുള്ള പ്രമേയത്തിന് ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരി പ്പിക്കുന്നു:

പ്രമേയത്തിന്റെ നാലാം വരിയിൽ സംവരണാനുകൂല്യം എന്നതിനുശേ ഷമുള്ള ഭാഗം ഒഴിവാക്കുകയും പകരം താഴെപ്പറയുന്നത് ചേർക്കുകയും ചെയ്യുക:

'നഷ്ടപ്പെടാതിരിക്കാൻ 13.12.1999-ന് മുൻപ് നിലവിൽ നിന്ന സംവര ണാനുകൂല്യം അതുപോലെ തുടരുവാൻ ഭരണഘടന ഭേദഗതി ചെയ്യണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.''

കേരളത്തിൽ തിരുവിതാംകൂറിൽ സംവരണം നിലവിൽ വന്നത് 1936-ലാണ്. അത് അന്നൊരു രാഷ്ട്രീയ പാർട്ടിയുടേതല്ല. അന്ന് സാധാരണ ഉണ്ടായിരുന്ന പിന്നോക്ക സമുദായങ്ങൾ യോജിച്ച് സമരം നടത്തിയതിന്റെ ഫലമായി നേടിയെടുത്ത ഒരു അവകാശമാണ് 1936-ലെ സംവരണം. അതു കഴിഞ്ഞ് ഇത്രയും ദീർഘകാലമായിട്ടും അർഹതപ്പെട്ടതായിട്ടുള്ള പിന്നോക്ക ക്കാർക്ക് അർഹതപ്പെട്ട സ്ഥാനം ഗവൺമെന്റ് സർവ്വീസിൽ കിട്ടിയോ എന്നുള്ള തിനെ സംബന്ധിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തിയിട്ടില്ല. അഡിക്കോറ്റ് റെപ്രസെന്റേഷൻ വരുന്ന കാലത്ത് ഇത് ഭേദഗതി ചെയ്യാമെന്നാണ് ഭരണഘട നയിൽ പറയുന്നത്. അഡിക്കോറ്റ് റെപ്രസെന്റേഷൻ കിട്ടിയിട്ടുണ്ടോ എന്നുള്ള തിനെ സംബന്ധിച്ച് ഒരു സർവ്വേ നടത്താതിരിക്കുന്നിടത്തോളം കാലം സംവര ണത്തെ സംബന്ധിച്ച് ഭേദഗതി അനാവശ്യമാണ്. അത് ചെയ്യാൻ പാടില്ലാത്ത താണ്, ഭരണഘടനാ വിരുദ്ധവുമാണ്. ഭരണഘടന എഴുതിയുണ്ടാക്കിയ കാലത്ത് സാമ്പത്തിക പിന്നോക്കാവസ്ഥ ഒരു പിന്നോക്കാവസ്ഥയായി അംഗീ കരിച്ചിരുന്നില്ല. ആ പിന്നോക്കാവസ്ഥ അന്നത്തെ നിലയിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 16 അനുസരിച്ച് സാമൂഹികപരമായും വിദ്യാഭ്യാസപരമായുമുള്ള ഇകാലിറ്റിയുടെ കാര്യമാണ് പറയുന്നത്. എല്ലാ ജനവിഭാഗങ്ങളും ഒന്നാണ്, ഒരുപോലെയാണ്. അവർക്ക് എല്ലാ കാര്യത്തിലും ഒരേ അവകാശമാണ്. പക്ഷെ ആ ഇകാലിറ്റിയിൽ വ്യത്യാസം വരുന്നത് സാമൂഹികപരമായും വിദ്യാ ഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവരുടെ കാര്യത്തിലാണ്. ബഹുമാന പ്പെട്ട എ.വി. താമരാക്ഷൻ സൂചിപ്പിച്ചതുപോലെ ചരിത്രപരപമായും മതപരമാ യുമുള്ള ചില അനുഷ്ഠാനങ്ങളുടെ അടിസ്ഥാനത്തിൽ ഭരണത്തിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

അകറ്റിനിർത്തപ്പെട്ടവർ, അയിത്തക്കാർ എന്നു വിചാരിച്ചിരുന്നവർ, അടിമകളായി കണക്കാക്കിയിരുന്നവർ, വഴി നടക്കാൻ അവകാശമില്ലാത്തവർ, തുടങ്ങി പഠിക്കാനും സർവ്വീസിൽ ജോലി നോക്കാനും അവകാശമില്ലെന്ന് വിധിക്കപ്പെട്ട ആളുകൾ, ആ വിഭാഗക്കാരാണ് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പിന്നോക്കവിഭാഗക്കാർ. സാമ്പത്തിക പ്രശ്നമല്ല. പിന്നോക്ക വിഭാഗക്കാരെ സർക്കാർ സർവ്വീസിൽ നിന്നും മറ്റ് അധികാര സ്ഥാനങ്ങളിൽനിന്നും ഒഴിപ്പിച്ചുനിർത്തിയിരുന്നത് മാറ്റി അധികാരം കയ്യാളാൻ പ്രാപ്തരാക്കുകയാണ് സംവരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട വി.പി. സിംഗ് മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് പാർലമെന്റിൽ വിശദീകരണം നൽകിക്കൊണ്ട് സംസാരിച്ച അവസരത്തിൽ അദ്ദേഹം സാമ്പത്തിക സംവരണത്തിന്റെ കാര്യം പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞത് സർക്കാർ സർവ്വീസ് ജോലി കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു സ്ഥാപനമല്ല. സംസ്ഥാന സർക്കാരുകൾ, കേന്ദ്ര ഗവൺമെന്റ്, പട്ടാളം തുടങ്ങി എല്ലാ സർക്കാർ സർവ്വീസുകളുംകൂടി നോക്കിയാൽ 100 കോടി ജനതയുള്ള നമ്മുടെ നാട്ടിൽ ഒരു ശതമാനമോ രണ്ടു ശതമാനമോ ആളുകൾ മാത്രമേ സർക്കാർ ഉദ്യോഗസ്ഥർ വരികയുള്ളൂ. അതുകൊണ്ട് ഇത് ജോലി കൊടുക്കുന്ന ഒരു ഉപകരണമല്ല, അധികാരത്തിൽനിന്ന് അകറ്റി നിർത്തിയിരുന്ന വിഭാഗക്കാരെ അധികാരം കയ്യാളുന്നതിന് പ്രാപ്തരാക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുന്ന പല സംഗതികളിലും ഒന്നാണ് സംവരണം. അതാണ് പറഞ്ഞിട്ടുള്ളത്. ആ നിലയ്ക്ക് സംവരണത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന ഉപക്ഷേപം സ്വീകാര്യമല്ല. സ്വീകാര്യമല്ലെന്ന് പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞതല്ല, പക്ഷെ ബഹുമാനപ്പെട്ട ശിവദാസമേനോൻ സംസാരിച്ചപ്പോൾ ക്രീമിലെയർ അംഗീകരിക്കുന്നു എന്നാണ് പറഞ്ഞത്. എന്തിന്റെ അടിസ്ഥാനത്തലാണ് ക്രീമിലെയർ അംഗീകരിക്കുന്നു എന്ന് പറഞ്ഞത്? ഭരണഘടന അവതരിപ്പിച്ചുകൊണ്ട് അന്ന് ഡോക്ടർ അംബേദ്കർ സംസാരിച്ചത് ഞാനിന്നും ഓർക്കുന്നു. നൂറ്റാണ്ടുകളായി, ആയിരക്കണക്കിന് സംവത്സരങ്ങളായി, ഭരണത്തിൽനിന്നും അധികാരത്തിൽനിന്നും അകറ്റി നിർത്തിയിരുന്നവരെ ഭരണത്തിലേയ്ക്കും അധികാരത്തിലേയ്ക്കും കൊണ്ടുവരാനാണ് സംവരണം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ അന്ന് കോൺഗ്രസ്സ് അംഗം ആയിരുന്ന ഒരാൾ ഇക്കണോമിക്കലി, സോഷ്യലി ആന്റ് എഡ്യൂക്കേഷണലി എന്ന വിധത്തിലൊരു ഭേദഗതി കൊണ്ടുവന്നത് അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റു തള്ളിക്കളയുകയാണ് ചെയ്തത്. ഇക്കണോമിക്കലി എന്നുള്ളതല്ല പ്രശ്നം. മറിച്ച് ഇൻഡ്യയുടെ ചരിത്രപരമായ, മതപരമായ കാരണങ്ങളാൽ അധികാരം നിഷേധിക്കപ്പെട്ടിരുന്ന സോഷ്യലി ആന്റ് എഡ്യൂക്കേഷണലി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാരെ അധികാരത്തിൽ വരുത്തുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. സുർജിത് പ്രസംഗിച്ചത് ഞാനിന്നും ഓർക്കുന്നു. സാമ്പത്തികമായിട്ടുള്ള മാനദണ്ഡമല്ല സ്വീകരിക്കേണ്ടത്, സർക്കാർ സർവ്വീസ് ജോലി കൊടുക്കുന്നതിനുള്ള ഉപകരണമല്ല, നാട്ടിൽ കാർഷിക പരിഷ്ക്കരണം അതുപോലെയുള്ള മറ്റ് നടപടികളും നടത്തി നാട്ടിന്റെ തൊഴിലില്ലായ്മ പരിഹരിക്കാനാണ് നോക്കേണ്ടത് എന്നാണ് അദ്ദേഹം പറഞ്ഞത്. പിൽക്കാലത്ത് അത് മാറ്റി സാമ്പത്തികവും കൂടി കൂട്ടിച്ചേർത്തു. ഇല്ലെന്നല്ല ഞാൻ പറയുന്നത്. ഒരു കാരണവശാലും സാമ്പത്തികം തൊഴിൽ കൊടുക്കുന്നതിലേയ്ക്കുള്ള ഒരു ഉപകരണമായി മാറ്റാൻ പാടില്ല. ഒരു കാലത്തും സംവരണം മാറ്റിക്കൂടായെന്നും പറയുന്നില്ല. ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ സർവ്വേ നടത്തി അർഹതപ്പെട്ടവർക്ക് ജനസംഖ്യാനുപാതികമായി കിട്ടേണ്ട അവകാശം കിട്ടിയിട്ടുണ്ടെന്ന് ബോദ്ധ്യംവരുന്ന സന്ദർഭത്തിൽ ഇത് മാറ്റാവുന്നതാണ്. 100%-ഉം പിന്നോക്കക്കാർക്ക് കൊടുക്കാനുള്ളത് കൊടുക്കുമെന്ന് ബഹുമാനപ്പെട്ട ശിവദാസമേനോൻ പറയുകയുണ്ടായി. എങ്ങനെയാണ് കൊടുക്കുക? ആദ്യം അവർക്കുള്ള ആനുകൂല്യങ്ങൾ എങ്ങനെ കൊടുക്കും? 60 പേരേ ഉള്ളുവെങ്കിൽ 40 പേർക്ക് കൊടുക്കാമെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? എന്തിനാണ് വളഞ്ഞ വഴി? വളഞ്ഞ വഴി വല്ലതും ആവശ്യമുണ്ടോ? ഒരു വളഞ്ഞ വഴിയുടെയും ആവശ്യമില്ല. പിന്നോക്കക്കാർക്കുള്ളത് അവർക്കു തന്നെ 100%-ഉം കൊടുക്കുക, അത് മാറ്റാനുള്ള കാലം വന്നിട്ടുണ്ടെങ്കിൽ മാറ്റുന്നതിന് ആവശ്യമായ സർവ്വേ നടത്തി ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുക. ഇവിടെ മുഖ്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത് ഒരു പറ്റിക്കൽ പ്രമേയമാണ്. ഇതിൽ പറഞ്ഞിരിക്കുന്നതുപോലെ ആരെങ്കിലും പറയുമോ? 13.12.1999-ലെ സുപ്രീം കോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ..അത് നഷ്ടപ്പെട്ടുകഴിഞ്ഞു. 13.12.1999 മുതൽ സുപ്രീം കോടതി വിധിയെത്തുടർന്ന് ഒരു ലക്ഷം രൂപ മാനദണ്ഡമായി സ്വീകരിച്ച് അത് നടപ്പിൽ വന്നുകഴിഞ്ഞു. പറ്റിക്കത്തക്കവിധത്തിൽ, എന്നാൽ സംവരണാനുകൂല്യം എടുത്തുകളഞ്ഞതായി സാധാരണക്കാർക്ക് തോന്നുകയുമില്ല. ഇത് എടുത്തുകളയാൻ നോക്കുന്നു. വിശദീകരണം വന്നുകഴിഞ്ഞപ്പോൾ മറ്റ് വിധത്തിൽ പറഞ്ഞു. ഈ പ്രമേയം ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റുകയില്ല. എന്ത് അടിസ്ഥാനത്തിലാണ് ക്രീമിലെയർ എന്നുള്ള തത്വം അംഗീകരിക്കേണ്ടിവന്നത്? ക്രീമിലെയർ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടും ഇപ്പോൾ നടപ്പിലാക്കുന്നത് മുൻധാരണയുടെ അടിസ്ഥാനത്തിലാണ്. ലെയർ ഉണ്ടോയെന്ന് നോക്കിയിട്ടല്ല. ഓരോ വ്യക്തിയുടേയും ഇൻകം നോക്കിയിട്ടാണ് നടപ്പിലാക്കുന്നത്. ഇൻകം മാത്രമാണോ സാമൂഹികമായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടി? ഓരോ കുടുംബത്തിലും അഞ്ചു തലമുറയെങ്കിലും ഡിഗ്രി പാസ്സായിട്ടുള്ള ആളുകളുണ്ടെങ്കിൽ എഡ്യൂക്കേഷണലി പിന്നോക്കാവസ്ഥ മാറ്റുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകണമെന്ന് ബീഹാറിലെ ഗവൺമെന്റ് എഴുതിക്കൊടുത്തു. പഴയകാലത്തുള്ളതുപോലെ തീണ്ടലും തൊടീലുംമൊക്കെ അനുഷ്ഠിക്കുന്ന വിധത്തിലുള്ള സിദ്ധാന്തത്തിൽപെടുന്ന ആളുകൾ പരിണമിച്ചിട്ടില്ലെങ്കിൽ, സുപ്രീം കോടതി അതാണ് പറഞ്ഞിട്ടുള്ളത്, നമ്മുടെ നാട്ടിൽ സംവരണം നടപ്പിലാകുംപോൾ അത് കൊടുക്കാതിരിക്കാൻ ബ്യൂറോക്രസി ചെയ്യുന്ന ചില നടപടികളുണ്ട്. പി.എസ്.സി. പറഞ്ഞിരിക്കുന്നത്, 10%, 12%, 50% വരണമെന്നാണ്. ഞാൻ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ചോദിച്ചിരുന്നു. ഇടുക്കി ജില്ലയിൽ നഴ്സുമാരുടെ എത്ര പോസ്റ്റുണ്ടായിരുന്നു; അതിൽ എത്രയെണ്ണം ഈഴവർക്കു കൊടുത്തു എന്ന ചോദ്യത്തിന് 24 പോസ്റ്റ് ഉണ്ടായിരുന്നു, ഈഴവരിൽ ആരേയും അപ്പോയിന്റ് ചെയ്തിട്ടില്ല എന്നാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. എന്താണ് കാരണം? ലിസ്റ്റിൽ താഴെയായിപ്പോയി. അവരെ എടുക്കുന്നത് എങ്ങനെയാണ്? പി.എസ്.സി.യുടെ നടപടിക്രമം എന്താണ്? 20 പേരുടെ ലിസ്റ്റ് എടുക്കുക, അതിൽ ആ കമ്മ്യൂണിറ്റി ഇല്ലെങ്കിൽ ആ പോസ്റ്റ് മെറിറ്റിന് കൊടുക്കുന്നു. പിന്നെ 20 പേരെ എടുക്കുന്നു. അതിൽ ഇല്ലെങ്കിൽ അതും മെറിറ്റിന് വിടുന്നു. അതാണ് പി.എസ്.സി.യുടെ നടപടിക്രമം. അതിന് ഒരു അംഗീകാരവും കൊടുത്തിട്ടില്ല. 24 പോസ്റ്റ് വന്നപ്പോൾ ഈഴവ വിഭാഗക്കാർക്ക് മൂന്നു പോസ്റ്റ് കിട്ടേണ്ടിയിരുന്നത് ഒന്നുപോലും കിട്ടിയിട്ടില്ല. ഇന്നത്തെ നില

LIBRARY ARCHIVES Kerala Legislative Assembly

യിൽ സംവരണം മാറ്റപ്പെടണമെങ്കിൽ സംവരണത്തിന് ഹേതുവായ ഭരണഘട നയുടെ അടിസ്ഥാന തത്വത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന 80% വരുന്ന സമൂഹത്തിലെ ദളിതരും പിന്നോക്കക്കാരുമായ ജനവിഭാഗങ്ങൾക്ക് അർഹതപ്പെട്ട ജോലി, ന്യായമായി കോംപറ്റീഷൻ നടത്തി കിട്ടത്തക്ക സ്ഥിതിവിശേഷം ഉണ്ടാക്കുന്ന തിൽ ആരും എതിരല്ല. ജാതി പറയുകയാണ്, സമുദായം പറയുകയാണ് എന്നുള്ള വിധത്തിൽ തെറ്റിദ്ധരിപ്പിക്കാൻ പോയിട്ട് കാര്യമില്ല. ഒരു കാസ്റ്റ്‌ലെസ് സൊസൈറ്റി ഈ രാജ്യത്ത് ഉണ്ടാകണമെങ്കിൽ പിന്നോക്കക്കാർക്കും ദളി തർക്കും കിട്ടാനുള്ള അർഹമായ പ്രാതിനിധ്യം സർക്കാർ സർവ്വീസിലും മറ്റ് രംഗങ്ങളിലും അവർക്ക് കിട്ടത്തക്കവിധത്തിലുള്ള നടപടികൾ ഉണ്ടാകണം. ഇത് ഈ പ്രമേയത്തിലൂടെ സാധിക്കുകയില്ല. അതുകൊണ്ടാണ് മുഖ്യമന്ത്രി കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തെ എതിർക്കുന്നത്. ഈ പ്രമേയത്തെ എതിർക്കുന്നതുകൊണ്ട് വാജ്പേയിയുടെ ഭരണഘടനാ ഭേദഗതി വരുത്തലി നെവരെ എതിർക്കുന്നുവെന്ന് പറയും. ഈ പ്രമേയം ഇന്നത്തെ ഭരണഘടന യുടെ അടിസ്ഥാന തത്വങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : നൂറ്റാണ്ടുകളായി ചാതുർവർണ്യത്തിന്റെ പേരിൽ അടിച്ചമർത്തപ്പെട്ട ഇൻഡ്യയിലെ പിന്നോക്ക വിഭാഗങ്ങളെ പൂർണ്ണ മായി എല്ലാ അർത്ഥത്തിലും ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യമായിരുന്നു സംവരണ തത്വത്തിന്റെ അടിസ്ഥാനം. മദ്രാസ് ഗവൺമെന്റിന്റെ കാലത്ത് മല ബാർ ഭാഗത്തും തിരുകൊച്ചി തിരുവിതാംകൂർ രാജാവിന്റെ കാലത്തും പിന്നീട് കൊച്ചിയിലും തിരുവിതാംകൂറിലും ഒരു പക്ഷേ ഇൻഡ്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത രീതിയിൽ സംസ്ഥാനത്തിന് നിയമപരമായ ആനു കൂല്യം ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതിൽനിന്നും വ്യത്യസ്തമായ ഒരു സ്ഥിതി വരുന്നത് 1953-ൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഗോവിന്ദവല്ലഭപന്ത് കോൺഗ്രസ് പ്രവർത്തക സമിതി തെക്കേ ഇൻഡ്യൻ സംസ്ഥാനത്തിലെ ഈ സംവരണ വ്യവസ്ഥയ്ക്ക് എതിരായി സാമ്പത്തിക സംവരണം എന്ന ഒരു തത്വം അവതരിപ്പിച്ചപ്പോഴാണ് യഥാർത്ഥത്തിൽ ഇൻഡ്യയിൽ സംവരണം എന്നു പറയുന്നത് സാമൂഹ്യവും വിദ്യാഭ്യാസപരവുമായ അവസ്ഥയാണ് എന്നതിൽ നിന്നും വ്യത്യസ്തമായ രാഷ്ട്രീയ ചർച്ച ആരംഭിക്കുന്നത് അത് മുതലാണ്. അത് വടക്കേ ഇൻഡ്യയിൽ നിന്നും തെക്കേ ഇൻഡ്യയിൽ നമുക്ക റിയാം മദ്രാസിൽ 70 ശതമാനം പേരെ. കർണ്ണാടകത്തിൽ അതിനെക്കാൾ കൂടു തൽ. 9-ാംഷെഡ്യൂളിൽ ഉൾപ്പെടുത്താൻ സംരക്ഷണം വാങ്ങിക്കൊണ്ട് ഈ ആനുകൂല്യം കൊടുക്കുമ്പോൾ പണ്ഡിറ്റ്ജിയുടെ കാലത്ത് നിശ്ചയിച്ച കമ്മിഷനായാലും ശ്രീ. മൊറാർജിയുടെ കാലത്ത് നിശ്ചയിച്ച മണ്ഡൽ കമ്മിഷനായാലും അവസാനം നടപ്പാക്കി ശ്രീ. നാണു ഇവിടെ ചൂണ്ടിക്കാണി ച്ചതുപോലെ ഈ ചാതുർവർണ്യത്തിന്റെ പ്രയോഗത്തിന്റെ ഉപജ്ഞാതാവ് കോൺഗ്രസ് (ഐ) പ്രധാനമന്ത്രി ശ്രീ. നരസിംഹറാവു ആണ് അത് മറ്റു പലരും ഏറ്റെടുത്തിട്ടുണ്ടാകും.

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : ശ്രീ. നരസിംഹറാവു വരുന്നതിനു മുൻപ് ശ്രീ. വി.പി.സിംഗ് ആയിരുന്നപ്പോൾ തന്നെ National Integration Committee 10 ശതമാനം കൊടുക്കാൻ തീരുമാനമെടുത്തു. അത് എതിർത്ത തല്ലേ വി.പി. സിംഗ് രാജി വച്ചു പോയത്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : ശ്രീ. വി.പി. സിംഗ് രാജി വയ്ക്കാൻ ഉണ്ടായ രാഷ്ട്രീയ സാഹചര്യം അറിയാമല്ലോ. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയില്ലായിരുന്നെങ്കിൽ വി.പി.സിംഗിന്റെ ഗവൺമെന്റിന് ഒരു എതിരും ഇല്ലായിരുന്നോ? ഗവൺമെന്റ് പോകുകയില്ലായിരുന്നല്ലോ. ഒരു ഗവൺമെന്റ് പോകേണ്ടി വന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. സി.കെ. നാണു)</u> : മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് ഉയർന്ന ജാതിയിലെ പാവപ്പെട്ടവർക്ക് എതിരില്ലായെന്ന് ബോദ്ധ്യപ്പെടാൻ ആവശ്യമാണെങ്കിൽ ഉയർന്ന വിഭാഗങ്ങളിലെ ആളുകൾക്കും ഭരണഘടനാ ഭേദഗതി വരുത്തിക്കൊണ്ടു അതിലെ ദരിദ്രരായവർക്ക് സംവ രണം കൊടുക്കാൻ സന്നദ്ധമാണെന്ന് ശ്രീ. വി.പി.സിംഗ് പറഞ്ഞത് ബഹുമാന പ്പെട്ട അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. എ.സി. ഷൺമുഖദാസ്</u> : നമ്മൾ അവിടെയാണ് എത്തുന്നത്. ഈ പ്രമേയം ഇവിടെ കൊണ്ടു വന്നപ്പോൾ ഏറ്റവുമധികം സന്തോഷിച്ചയാളാണ് ഞാൻ. 9-ാം നിയമസഭയുടെ 14-ാമത് സമ്മേളനത്തിൽ റൂൾ 130 പ്രകാരം ഭര ണഘടനാ ഭേദഗതി വേണമെന്ന പ്രമേയം അവതരിപ്പിച്ചയാളാണ് ഞാൻ. അത് ഞാൻ ഇവിടെ പറഞ്ഞു. റൂൾ 130 പ്രകാരം ഈ സഭയിൽ ആർക്കും അഭിപ്രായ വ്യത്യാസമില്ലാത്ത ഒരു കാര്യമാണ്. ഒരു സഭ ഏകകണ്ഠമായി കേന്ദ്ര ഗവൺമെന്റിനോട് ഭരണഘടനാ ഭേദഗതി ആവശ്യപ്പെടണം. ബഹുമാ നപ്പെട്ട ആന്റണിയും അപ്പുറത്തുള്ളവരും പാസാക്കിയാൽ അത് ഉൾക്കൊള്ള ളാൻ ശ്രീ. നരസിംഹറാവു അവിടെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഗവൺമെന്റാണ്. അത് നടപ്പിലാക്കിയിരുന്നെങ്കിൽ ഭരണഘടനാ ഭേദഗതിയ്ക്ക് ശ്രീ. നരസിംഹറാവു ഗവൺമെന്റിനു എല്ലാവരുടേയും പിൻതുണ കിട്ടുമായിരു ന്നല്ലോ. ഞാൻ പൂർണ്ണമായും കുറ്റം ആരോപിക്കുന്നു. ഈ സംഭവ ങ്ങൾക്കൊക്കെ കാരണം അന്ന് ഞങ്ങൾ പറഞ്ഞതുപോലെ നിങ്ങൾ സ്വീകരി ച്ചില്ല. നാം ഒരുമിച്ച് പറഞ്ഞിരുന്നെങ്കിൽ ശ്രീ. നരസിംഹറാവുവിന് സ്വീകരി ക്കേണ്ടി വരുമായിരുന്നു. ഭരണഘടനയെന്ന് പറയുന്നത് ബൈബിൾ ഒന്നുമല്ല. 79 തവണയാണ് ഈ ഭേദഗതി. ഇനിയും ഭേദഗതികൾ വേണ്ടി വരും. ശ്രീ. നാണു ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1950 മുതൽ 1992 വരെ 42 കൊല്ലം സംവരണത്തിന് ഭരണഘടനാ സംരക്ഷണം ഉണ്ടായി. ഒരു ചെറിയ തിരുത്തൽ ആ ഭരണഘടനാ സംരക്ഷണത്തിൽ ഇപ്പോൾ ഉണ്ടാകും. രാഷ്ട്രീയം തന്നെ യാണ് പ്രശ്നം. ഒരു കാര്യം തീർച്ച. ജോലി കിട്ടാനല്ല ഈ സംവരണം. ഇൻഡ്യയിൽ സർക്കാർ ഉദ്യോഗസ്ഥൻമാർ എത്രയാണ്? ഒന്നേമുക്കാൽ ശതമാ നമാണ്. കേരളത്തിൽ മാക്സിമം മൂന്ന് ശതമാനമാണ്. ജോലി കിട്ടണം. വരു മാനമല്ല പ്രശ്നം. ശമ്പളം കരാറുമല്ല പ്രശ്നം. ഭരണത്തിൽ പങ്കാളികളാവുക യാണ്. ആ ഭരണ പങ്കാളിത്തമെന്ന സങ്കൽപ്പമുണ്ടെങ്കിൽ സാമ്പത്തിക സംവര ണത്തെ യോജിക്കാൻ കഴിയില്ല. അവടെ ക്രീമിലെയർ എന്നത് ഒരു കാരണവ ശാലും ഉൾക്കൊള്ളാൻ കഴിയില്ല. അവിടെയാണ് പ്രശ്നം. അടിത്തട്ടു വിഭാഗ ത്തിൽ സംവരണം വേണമോ വേണ്ടയോ. പങ്കാളിത്തം വേണമെങ്കിൽ ഇന്നു ള്ളതിനെക്കാൾ കൂടുതൽ ആനുകൂല്യം കൊടുക്കുന്ന ഭരണഘടനാ ഭേദഗതി യാണ് ആവശ്യമായി വരുക. ഭരണഘടനാ ഭേദഗതി ഉണ്ടായി കൂടേ? ഉണ്ടാ ക്കാൻ വിഷമമുണ്ടോ? ഇവിടെ ഇന്ന് വന്ന് എവിടെയെത്തി? ജാതികൾ തമ്മിൽ അടിപ്പിക്കുന്നു. ചില പിന്നോക്ക വിഭാഗങ്ങൾ സംഘടിതമായി ഈ പ്രശ്ന ങ്ങൾ കൈകാര്യം ചെയ്ത് അതിനെ സാമുദായികവൽക്കരിക്കാൻ ശ്രമിക്കുക യാണ്. ജാതീയവൽക്കരിക്കാൻ ശ്രമിക്കുകയാണ്. കേരളത്തിലെ സാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയ പ്രശ്നം നമുക്കറിയാം. അടിത്തട്ടിൽ കിടക്കുന്ന ജനവിഭാഗത്തിന് അയിത്തം കല്പിക്കുകയും ക്ഷേത്രപ്രവേശനം നിഷേധിക്കുകയും ചെയ്തതിനെതിരായി പൊരുതിയത് സമ്പന്ന സവർണ്ണ കുടുംബത്തിലെ ശ്രീമാൻ കേളപ്പനെയും എ.കെ.ജി. യെയും പോലെയുള്ള ആളുകളല്ലേ? വൈക്കം സത്യാഗ്രഹമായാലും ഗുരുവായൂർ സത്യാഗ്രഹമായാലും സമ്പന്ന സവർണ്ണ വിഭാഗത്തിലെ നേതാക്കൻമാരാണ് കേരളത്തിലെ അടിത്തട്ടിൽ കിടക്കുന്ന അധിഷ്ഠിത വർഗ്ഗത്തിനുവേണ്ടി പോരാട്ടം നടത്തിയത്. ആ രാഷ്ട്രീയ പോരാട്ടത്തിൽ ഈ കേരളത്തിൽ ഈ രീതിയിൽ സാമുദായികവൽക്കരിക്കാൻ വേണ്ടി ആരെങ്കിലും കച്ചവടം ചെയ്യാൻ ശ്രമിക്കുന്നെങ്കിൽ അത് ഒരു ഘടകമാവില്ല. രാഷ്ട്രീയം തന്നെയായി കാണണം. ആ രാഷ്ട്രീയമായി കണ്ട പാരമ്പര്യം നമുക്കുണ്ട്. പൈതൃകം നമുക്കുണ്ട്. ആ പൈതൃകത്തിൽ നിന്നുവേണം ഈ സഭയിൽ ചർച്ച ചെയ്യാൻ. ഏകകണ്ഠമായി നമുക്ക് അഭിപ്രായം പറയാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. നാം ഏകകണ്ഠമായി അഭിപ്രായം പറഞ്ഞാൽ ഇന്നല്ലെങ്കിൽ നാളെ ഇൻഡ്യയിൽ ഉരുത്തിരിഞ്ഞു വരുന്ന ഒരു രാഷ്ട്രീയ രൂപീകരണത്തിന്റെ തുടക്കമായി ഈ പ്രശ്നത്തെ കാണാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ശ്രീമാൻ ആന്റണി, വടക്കേ ഇന്ത്യയിലെ നിങ്ങളുടെ നേതാക്കന്മാരെ ബോദ്ധ്യപ്പെടുത്താൻ നിങ്ങൾ പ്രയാസപ്പെടും. ഞാൻ നിങ്ങളെ കുറ്റപ്പെടുത്തുന്നില്ല. പക്ഷെ ഇവിടെ നമുക്ക് ഒന്നിച്ചു നിൽക്കാമല്ലോ, ഈ പൊതു കാര്യങ്ങൾക്ക് ഒന്നിച്ചു നിന്നുകൂടേ. ഇവിടെ ഒന്നിച്ചു നിന്നുകൊണ്ട് നമുക്ക് പോരാടിക്കൂടെ? ആ പോരാട്ടത്തിൽ അന്നും ഇന്നും നിങ്ങൾ എന്തിനാ ഈ കള്ളക്കളി കളിക്കുന്നത് ഈ കള്ളക്കളിയൊക്കെ മാറ്റിവയ്ക്കുക, നമുക്ക് ഒന്നിച്ചുനിൽക്കാം. എന്റെ പാർട്ടി വ്യക്തമായി പറഞ്ഞിട്ടുണ്ട്, സാമ്പത്തിക സംവരണം ഒരു കാരണവശാലും തത്വത്തിൽ അംഗീകരിക്കാൻ കഴിയില്ല. സാമ്പത്തിക കഴിവുള്ളവരിൽ പാവപ്പെട്ടവരുണ്ടെങ്കിൽ അവരെ സഹായിക്കണം. എത്ര ശതമാനം വേണമെങ്കിലും വർദ്ധിപ്പിക്കാം. അതിൽ ഞങ്ങളാരും എതിരല്ല. പക്ഷെ ഭരണത്തിൽ, ജോലിയിൽ, ഉദ്യോഗസ്ഥ നിയമനത്തിൽ സാമ്പത്തിക സംവരണം ഉൾക്കൊള്ളാൻ കഴിയില്ല. പിന്നോക്ക സംവരണം തന്നെയാണ്, തത്വത്തിൽ ഇന്നത്തെ സംവരണ സ്ഥിതി തന്നെയാണ് അംഗീകരിക്കുന്നത്. ഈ പ്രമേയം ഘട്ടം ഘട്ടമായി ഭേദഗതി ഒന്നും വരാൻ പാടില്ല. കാരണം ഞങ്ങൾ ചർച്ച ചെയ്തപ്പോൾ അംഗീകരിക്കാൻ കഴിയുന്നതാണ്. ഈ ഭേദഗതികളൊക്കെ സ്വാഭാവികമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ചർച്ച ചെയ്തിട്ടാണ്. ഞങ്ങളുടെയും കൂടി ചർച്ചയോടുകൂടിയാണ്. മുന്നണിയാകുമ്പോൾ രാഷ്ട്രീയ പോരാട്ടങ്ങൾ വേറെ. മുന്നണി പോരാട്ടം വേറെ. അത് രണ്ട് തട്ടായി കാണണം. മുന്നണിപ്പോരാട്ടത്തിൽ പൊരുത്തപ്പെടാവുന്നതിൽ പൊരുത്തപ്പെടണം. യോജിക്കാവുന്നതിൽ യോജിക്കണം. ഞാൻ ഈ ഉപക്ഷേപത്തെ പൂർണ്ണമായി അംഗീകരിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, ഒരു പുതിയ സഹസ്രാബ്ദത്തിന്റെ അതിർവരമ്പിലാണ് നാം നിൽക്കുന്നത്. പഴയ നൂറ്റാണ്ടുകളിലെ ചരിത്ര സംഭവങ്ങളും സിദ്ധാന്തങ്ങളും ഘനീഭവിച്ചതിന്റെ ഫലമായിട്ടാണ് ഈ സംവരണ സംപ്രദായം കേരളത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും ഒക്കെ നടപ്പാക്കാൻ കഴിഞ്ഞത്. ഇവിടെ ഒട്ടേറെ പ്രക്ഷോഭണങ്ങൾ നടന്നിട്ടുണ്ട്. മലയാളി മെമ്മോറിയൽ പോലുള്ള പ്രക്ഷോഭണങ്ങൾ, അത്തരം പ്രക്ഷോഭണങ്ങളുടെ ഫലമായിട്ടാണ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സംവരണം ഏർപ്പെടുത്തിയത്. ഈ സംവരണം ഏർപ്പെടുത്തുമ്പോൾ അന്ന് സവർണ്ണവർഗ്ഗത്തിന്റെ പിടിയിലായിരുന്നു നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹിക വ്യവസ്ഥ. ഇന്ന് ഒരു രാഷ്ട്രീയ സാഹചര്യം ഉള്ളതുകൊണ്ട് പാവപ്പെട്ടവർക്ക് എല്ലാ മംഗത്തും സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും എല്ലാം അവരെ ഉയർത്തി എടുക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനത്തിന് നേതൃത്വം നൽകിയത്. പല ദേശീയ നേതാക്കന്മാരും, സാമൂഹ്യ നേതാക്കന്മാരും എല്ലാം ചേർന്നാണ്. അത്തരം പ്രവർത്തത്തിന് നേതൃത്വം നൽകിയിട്ടുള്ളത്. അതിന്റെ ഫലമായിട്ടാണ് നമുക്ക് സംവരണം ഏർപ്പെടുത്താൻ കഴിഞ്ഞത്. ഇന്ന് സംവരണത്തെ സംബന്ധിച്ച് ചില പ്രശ്നങ്ങൾ, മേൽത്തട്ടിലുണ്ടോ, കീഴ്ത്തട്ടിലുണ്ടോ അതാണ് പ്രശ്നം ഇന്ന് ഈ പ്രമേയം തീർച്ചയായും അനിവാര്യമായ ഒരു പ്രമേയമാണെന്നാണ് എന്റെ വിശ്വാസം. കാരണം ആ നിലവിലിരിക്കുന്ന സംവിധാനത്തെ സംബന്ധിച്ച് ഇന്ന് നിലവിലുള്ള സുപ്രീം കോടതിയുടെ തീരുമാനം സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ തീരുമാനം, ആ തീരുമാനത്തിൽ നിന്ന് എന്തെങ്കിലും പ്രയോജനം ലഭിക്കണമെങ്കിൽ തീർച്ചയായും ഭരണഘടനയിൽ ഭേദഗതി ഉണ്ടാകണം. ഭരണഘടനയിൽ ഭേദഗതി ഇല്ലാത്ത ഒരു സാഹചര്യം ഉണ്ടായാൽ തീർച്ചയായിട്ടും നമുക്ക് നിലവിലുണ്ടായിരുന്ന സംവരണ വ്യവസ്ഥ അതേപടി തുടരാൻ കഴിയില്ല എന്ന വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇങ്ങനെ ഒരു പ്രമേയം കൊണ്ടുവന്നത്. 13.12.99 മുതൽ കഴിഞ്ഞ കാലത്ത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിരുന്ന, നമ്മുടെ ഇന്ത്യയിൽ ഉണ്ടായിരുന്ന സംവരണത്തിന്റെയൊക്കെ ചിത്രം മാറി. അതൊരു യാഥാർത്ഥ്യമായി കഴിഞ്ഞു. ആ യാഥാർത്ഥ്യം കാണാൻ നമ്മൾ ആരും തയ്യാറാകുന്നില്ല. നമ്മുടെ എല്ലാ രാഷ്ട്രീയക്കാരും യഥാർത്ഥത്തിൽ ഒരേ അഭിപ്രായക്കാരാണ്. വിവിധ ഭാഗങ്ങളിൽ വിവിധ ഭാഷയിൽ സംസാരിക്കുന്നു എന്നതൊഴിച്ചാൽ നിലവിലിരിക്കുന്ന സംവരണം വേണമെന്നാണ് എല്ലാ രാഷ്ട്രീയപാർട്ടികളുടെയും ഉള്ളിലിരുപ്പ്, അഭിപ്രായം. ആഗ്രഹം, അതങ്ങനെ വേണം. അതിനെ സംബന്ധിച്ച് കീഴ്തട്ടിൽ വേണോ, മേൽത്തട്ടിൽ വേണോ എന്നുള്ളതിനെ സംബന്ധിച്ചൊക്കെയാണ് പ്രശ്നം, ജോസഫ് കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് എന്താ? അതിൽ ചില വ്യവസ്ഥകളൊക്കെ പറഞ്ഞിരിക്കുന്നു. ഇതിൽ 3 ലക്ഷം വേണോ, മൂന്നര ലക്ഷം വേണോ, 4 ലക്ഷം വേണോ, 6 ലക്ഷം വേണോ എന്നുള്ളതാണ്. അർത്ഥശൂന്യമായ വാദഗതിയാണ് അത്. സുപ്രീം കോടതി വിധിക്കകത്തുതന്നെ പറഞ്ഞിട്ടുണ്ട്. ഓരോ സംസ്ഥാനത്തുമുള്ള വിലസൂചിക ഉൾപ്പെടെയുള്ള കാര്യങ്ങളെപ്പറ്റി പഠിച്ച് വേണം ആ കാര്യത്തിൽ ഒരു തീരുമാനം എടുക്കാൻ എന്ന്. ജോസഫ് കമ്മീഷൻ റിപ്പോർട്ടിനകത്ത് ഒന്നര ലക്ഷം എന്നുപറഞ്ഞ് ഒരു തീരുമാനം എടുത്തിട്ടുണ്ട്. അശാസ്ത്രീയമായ ഒരു സമീപനത്തിൽ ഉണ്ടായതാണ് ആ തീരുമാനം, അക്കാര്യത്തിൽ സംശയമൊന്നുമില്ല. അത് അശാസ്ത്രീയമാണെന്ന് കണ്ടതിന്റെ ഫലമായിട്ടാണ് നരേന്ദ്രൻ കമ്മീഷൻ അതിനെ സംബന്ധിച്ചുള്ള പരിശോധന നടത്തിക്കൊണ്ടിരിക്കുന്നത്. 200% ഡി.എ. വർദ്ധിച്ച സാഹചര്യമാണ് ഇന്ന് ഇന്ത്യയിൽ ഉള്ളത്. ആ 200% ഡി.എ. വർദ്ധിക്കുന്നതിനു മുമ്പാണ് ജോസഫ് കമ്മീഷൻ ഇങ്ങനെ ഒന്നര ലക്ഷം രൂപ എന്നുപറഞ്ഞ് ഒരു റിപ്പോർട്ട് കൊണ്ടുവന്നത്. ഇപ്പോൾ നമ്മുടെ രാജ്യത്തെ സാഹചര്യം മനസ്സിലാക്കിയാൽ ഒന്നര ലക്ഷം എന്നുപറയുന്നത് അശാസ്ത്രീയമാണ്. അത് മാറണം, അത് മാറാൻ കഴിയുമെന്നുള്ളതിന് യാതൊരു സംശയവുമില്ല. ആ നിലയിൽ അതിനെ സംബന്ധിച്ച തീരുമാനം എടുക്കണം. ആ തീരുമാനം എടുക്കുന്നതിനെ സംബന്ധിച്ചും നിലവിലുള്ള

1164/2010.

LIBRARY ARCHIVES Kerala Legislative Assembly

സംവരണത്തെ സംബന്ധിച്ച് എന്താ നിങ്ങളുടെ പാർട്ടിയുടെ അഭിപ്രായം എന്നുചോദിച്ചാൽ നിലവിലുള്ള സംവരണം ഒരു കാരണവശാലും മാറാൻ പാടില്ല, നഷ്ടപ്പെടാൻ പാടില്ല. അവർക്ക് കിട്ടിക്കൊണ്ടിരുന്നത് കിട്ടണം. ഇനി അതിനകത്ത് മേൽതട്ട് വന്നു എന്നുള്ളത് യാഥാർത്ഥ്യമല്ല. ഭരണഘടനാ ബഞ്ചിന്റെ തീരുമാനമാണ്. അവിടെ നിന്ന് പ്രശ്നങ്ങൾ കാണണം. അവിടെ നിന്ന് മാറാനുള്ള വഴി നമുക്ക് പുതിയ ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന് ചില നടപടികൾ സ്വീകരിച്ചു എങ്കിലല്ലാതെ മാറാൻ കഴിയില്ല. ഇന്ന് ക്രീമിലെയർ ഒരു യാഥാർത്ഥ്യമായിരിക്കുന്നു. അതിനകത്ത് നിന്ന് അതായത് സംവരണം ലഭിച്ചിട്ടുള്ള ആളുകൾക്ക് ഇന്ന് ലഭിക്കുന്ന സംവരണത്തിൽ ഒന്നും നഷ്ടപ്പെടാൻ പാടില്ല.

<u>ശ്രീമതി കെ.ആർ. ഗൗരി അമ്മ</u> : ക്രീമിലെയർ വിഭാഗം കോടതി വിധിയുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യമാണ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സംവരണവും തള്ളിക്കളഞ്ഞുകൊണ്ടുള്ള ഒരു യാഥാർത്ഥ്യമാണ്. അതെന്താ നിങ്ങൾ അതുതന്നെ വേണമെന്നു പറയാൻ കാരണം?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അവർക്ക് നിലവിലിരിക്കുന്ന സംവരണ വ്യവസ്ഥകൾക്കനുസരിച്ച് കിട്ടിക്കൊണ്ടിരിക്കുന്നത് നഷ്ടപ്പെടുമെന്ന് പറയുന്നത് ശരിയല്ല. അതുകൊണ്ട് അവർക്ക് അത് ലഭിക്കണം. ഇനി അവർക്ക് സംവരണത്തിൽ മേൽതട്ട് നിലനിൽക്കുമ്പോൾ തീർച്ചയായും താഴെതട്ടിൽ നിൽക്കുന്ന ആളുകളുടെ ആ സംവരണ വ്യവസ്ഥയിൽ അവർക്ക് ഇന്നലെ വരെ കിട്ടിക്കൊണ്ടിരുന്ന എണ്ണം തികഞ്ഞില്ലെങ്കിൽ ആ സമുദായത്തിൽപ്പെട്ട മേൽതട്ടിലുള്ള ആളുകൾക്ക് കൊടുക്കണം. ആ നിലയിൽ ഒരു സംവിധാനം നമ്മൾ ആലോചിക്കണം. അതുപോലെ മുന്നോക്ക വിഭാഗത്തിൽപ്പെടുന്ന ആളുകൾ അവർക്ക് ഇതിൽ 10% സംവരണം അതായത് സാമൂഹ്യപരമായും, വിദ്യാഭ്യാസപരമായും ഒക്കെ പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗത്തിലെ ആളുകൾക്ക് 10% സംവരണം കൊടുക്കണം എന്നുപറയുന്നതിൽ ഏതാണ്ട് പതിത്വം ഉണ്ടെന്നുള്ള നിലയിലാണ് ചിലരൊക്കെ സംസാരിച്ചുകേട്ടത്. തീർച്ചയായും പാവപ്പെട്ടവന് കൊടുക്കണം എന്നാണ് പറഞ്ഞത്. ഏത് സമുദായത്തിൽപ്പെട്ടവനോ ആകട്ടെ. അവൻ സാമൂഹ്യമായും. വിദ്യാഭ്യാസപരമായും, സാമ്പത്തികമായും വളരെ താഴെക്കിടയിൽ നിൽക്കുന്നവന് 10% കൊടുക്കുന്നതിന് നമുക്ക് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്നത് നഷ്ടപ്പെടാതെ കൊടുക്കുന്നതിന് എന്താ നഷ്ടം. എല്ലാ നിലയിലും ആലോചിക്കണം എന്നുള്ള നിലയിൽ ജനങ്ങളുടെ ഇടയിൽ നമ്മുടെ രാഷ്ട്രീയ കക്ഷികൾ കൺഫ്യൂഷൻ ഉണ്ടാക്കാൻ ശ്രമിക്കുന്നു. ഈ പ്രശ്നത്തെ സംബന്ധിച്ച് പല രാഷ്ട്രീയ കക്ഷികളും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനും ജനങ്ങളെ തെറ്റായി ചിന്തിപ്പിക്കാനും കൺഫ്യൂഷൻ ഉണ്ടാക്കാനും ശ്രമിക്കുന്നു എന്നുള്ളത് സത്യമാണ്. ആ സത്യത്തിൽ നിന്ന് പിൻമാറാൻ രാഷ്ട്രീയ കക്ഷികൾ തയ്യാറാകണം. യാഥാർത്ഥ്യ ബോധത്തോടുകൂടി പ്രശ്നങ്ങളെ സമീപിക്കാൻ തയ്യാറാകണം. ഈ ഉപക്ഷേപത്തെ ഞാനും എന്റെ പാർട്ടിയും അനുകൂലിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഇ.കെ. നായനാർ</u>) : സ്പീക്കർ സർ, ഇന്ന് ക്രീമിലെയർ പ്രശ്നത്തെ സംബന്ധിച്ച് വളരെ നീണ്ട ചർച്ചയുടെ പരസ്പരവിരുദ്ധമായിട്ടുള്ള വിശദീകരണങ്ങളുമാണ് നടന്നത്. എന്നാൽ കോടതിവിധിക്ക് എതിരും കോടതി വിധിക്ക് അനുകൂലവുമാണ് ഇന്നത്തെ വാദം മുഴുവനും സാമൂഹ്യ നിയമങ്ങളെ സംബന്ധിച്ചല്ല. ഉദാഹരണം സുപ്രീം കോടതി വിധിയിൽ സൂചി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ച തരത്തിലുള്ള ക്രീമിലെയർ വിഭാഗം സംസ്ഥാനത്ത് നിലവിലില്ലെന്നുള്ള പ്രമേയമാണ് നിയമസഭ പാസാക്കിയത്. അതാണല്ലോ ശ്രീ. ആന്റണിയും നിങ്ങളെല്ലാവരും അന്ന് പാസാക്കിയത്, ഞങ്ങളൊഴികെ. ഉദാഹരണം സുപ്രീം കോടതി വിധിയിൽ സൂചിപ്പിച്ച ക്രീമിലെയർ ഇവിടെ ഇല്ല. നിയമ വിദഗ്ദ്ധ നായ ശ്രീ. മാണിയും എല്ലാം ചേർന്ന് പാസാക്കി എടുത്തതാണല്ലോ. ഇപ്പോൾ ക്രീമിലെയർ ഉണ്ട്. അതെല്ലാം ഇപ്പോൾ മാറ്റിയിട്ട് മൂന്നര ലക്ഷം വേണോ, ഒരു ലക്ഷം വേണോ, രണ്ടു ലക്ഷം വേണോ, അഞ്ചു ലക്ഷം വേണോ എന്നാണ് ഇപ്പോഴത്തെ തർക്കം. തങ്കച്ചൻ പറഞ്ഞത് കേരള ഗവൺമെന്റ് ഒളിച്ചു കളിക്കുന്നു എന്നാണ്. എന്താ ഇവിടെ ഒളിക്കുന്നത്. നിങ്ങളല്ലേ ഒളിച്ചുകളിക്കുന്നത്. കളിച്ചത് മുഴുവൻ നിങ്ങളല്ലേ, ആദ്യം സുപ്രീംകോടതിക്ക് എതിരായിട്ട് പാസ്സാക്കി. ഇപ്പോൾ സുപ്രീംകോടതി വിധിപ്രകാരം വരുമാനം ഇത്രവേണം എന്നാക്കി, അപ്പോൾ ഒളിച്ചുകളിക്കുന്നത് ഞാനോ നിങ്ങളോ? അവിടെയാണ് തർക്കം, ആദ്യം പാസ്സാക്കിയതിന് നേരെ വിപരീതമാണ്. പിന്നീട് കൊടുക്കുന്ന വരുമാനത്തിന്റെ പരിധി മൂന്നര ലക്ഷം എന്ന് നിങ്ങൾ അതിന് വിപരീതം, അപ്പോൾ ഒളിച്ചുകളി നിങ്ങളാണ് നടത്തിയത്. ഇതുവരെ ഒളിച്ചുകളിയേ ഉള്ളൂ ചരിത്രത്തിൽ ഇപ്പോഴും നിങ്ങളാണ് അതു ചെയ്യുന്നത്. ശ്രീ. ആര്യാടൻ പറഞ്ഞതിനൊന്നും മറുപടിയില്ല കാരണം എന്റെ കൂടെ ഇരുന്നതാകുറച്ചുമാസം, ഈ ആര്യാടൻ എങ്ങനെയാണ് വർത്തമാനം പറയുന്നതെന്ന് എനിക്ക് അറിയാം, സുപ്രീംകോടതി വിധിയിൽ സൂചിപ്പിച്ച തരത്തിലുള്ളത് നിലവിലില്ലെന്നു വിലയിരുത്തി 1995-ലെ കേരള സംസ്ഥാന അസംബ്ലി പാസ്സാക്കി. അതിൽ തങ്കച്ചനും കൈ പൊക്കിയതാണ്. ഇപ്പോൾ പറയുന്നതെന്താണെന്നു വച്ചാൽ മൂന്നര ലക്ഷമാണ്. അതിനുശേഷം ഞങ്ങൾ വന്നിട്ട് എന്താണ് ചെയ്തത് രണ്ടു കമ്മിഷനുകളെ നിശ്ചയിച്ചു. ഒന്ന്, ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ, അദ്ദേഹത്തോട് ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുള്ളത് എന്താണ്? ജോസഫ് കമ്മീഷൻ റിപ്പോർട്ട് അപ്പാടെ നടപ്പിലാക്കാനല്ല, കോടതി വിധി നടപ്പിലാക്കി പരമാവധി ആനുകൂല്യം നൽകൽ, പിന്നോക്ക വിഭാഗക്കാർക്കും ക്രീമിലെയർ വിഭാഗത്തെ കണ്ടെത്താനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ആയിരിക്കണമെന്ന് പഠിച്ച് ശുപാർശ ചെയ്യാൻ ഇതാണ് ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷനോട് ഞങ്ങൾ അഭ്യർത്ഥിച്ചത്. അതുമാത്രമല്ല കമ്മിഷൻ നൽകിയ ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങൾക്ക് ആനുകൂല്യം നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ഞങ്ങൾ ചെയ്തിട്ടുണ്ട്. ക്രീമിലെയറിന്റെ ആനുകൂല്യം എന്താണെന്നുള്ളത് വിശദമായി പഠിച്ച് റിപ്പോർട്ട് നൽകണം എന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധ സമുദായങ്ങൾക്ക് ആനുകൂല്യം ലഭ്യമായിട്ടുള്ള ഉദ്യോഗ പ്രാതിനിധ്യം എങ്ങനെയെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ജസ്റ്റീസ് നരേന്ദ്രൻ കമ്മിഷൻ ചെയർമാനും മുൻ പി.എസ്.സി ചെയർമാൻ പി. എൻ. സാവൻകുട്ടി, മുൻ ചീഫ് സെക്രട്ടറി രബീന്ദ്രൻ നായർ എന്നിവർ അടങ്ങിയ കമ്മിറ്റിയെ രണ്ടാമത് നിയമിച്ചു. രണ്ടു കമ്മിഷനുകളും ഞങ്ങൾ നിശ്ചയിച്ചിരുന്നു. ഈ റിപ്പോർട്ട് കിട്ടത്തക്കവിധത്തിൽ മേൽതട്ട് സ്വീകരിച്ച പരിധിയിൽനിന്നുകൊണ്ട് പിന്നോക്ക സമുദായത്തിന് എത്രകണ്ട് ആനുകൂല്യം നൽകാം, ഈ രണ്ടു കമ്മിഷന്റെയും റിപ്പോർട്ട് കിട്ടണം. അപ്പോൾ നിങ്ങൾ പറഞ്ഞു, ഈ രാജ്യത്ത് ഓരോ പാർട്ടിയും കണക്ക് കൊടുത്തിട്ടുണ്ടെന്ന് ഇല്ലേ, മൂന്നര ലക്ഷം ഇവർ കൊടുത്തു, ഞങ്ങൾ കൊടുത്തത് എന്താണെന്നു വച്ചാൽ രണ്ടിരട്ടി, അച്യുതാനന്ദൻ കൊടുത്തിട്ടുള്ളത് രണ്ടിരട്ടിയാണ്, അച്യുതാനന്ദൻ കൊടുത്ത റിപ്പോർട്ടാണ് ഇത് മനസ്സിലായോ, മാർച്ച് 21-ാം തീയതി,

LIBRARY ARCHIVES Kerala Legislative Assembly

ഇനി ഞങ്ങളെപ്പറ്റി ഒളിച്ചുകളിയെന്ന്പറയണ്ട. നരേന്ദ്രൻ കമ്മീഷന് കൊടുത്തത്, നിലവിലുള്ളതിന്റെ രണ്ടിരട്ടിയാണ് വരുമാനപരിധി ഇതാണ് അച്യുതാനന്ദൻ കൊടുത്തത്. എല്ലാപേരും കൊടുത്തിട്ടുണ്ട് വരുമാനത്തെ സംബന്ധിച്ച്, അപ്പോൾ ഓരോരുത്തരും കൊടുത്തു, കോൺഗ്രസ്സ് മൂന്നരലക്ഷം, നിങ്ങൾ മൂന്നു ലക്ഷം അപ്പോൾ ആ രീതിയിൽ ഓരോ പാർട്ടിക്കും കൊടുത്തിട്ടുണ്ട് അതുകൊണ്ട് കൊടുത്തിട്ട് ഒളിച്ചുകളി എന്ന വർത്തമാനം വേണ്ട, അപ്പോൾ ആ അടിസ്ഥാനത്തിൽ ഓരോ വിഭാഗവും കൊടുത്തിട്ടുണ്ട് വിശദമായി പഠിച്ച് ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നതിനും രണ്ടാമത്തേത് ഉദ്യോഗപ്രാതിനിധ്യത്തെ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും രണ്ടു കമ്മിഷനെയാണ് നിയമിച്ചത്. ആ രണ്ട് കമ്മീഷന്റേയും റിപ്പോർട്ട് കിട്ടുമ്പോൾ, നമ്മൾ ഇപ്പോൾ പറയുന്നത് എന്താണ് പുതിയത് എന്താണ്, മുന്നോക്കത്തിലെ പിന്നോക്കത്തിന് 10 ശതമാനം, അതാണ് ഇവിടെ വന്നിട്ടുള്ളത്, ഇതിന് ഇവിടെ വ്യത്യസ്തമായ ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. വ്യത്യസ്തമായ ആറു ഭേദഗതികൾ ഉണ്ട്. ഒന്ന്, ആര്യാടൻ ആദ്യം തന്നെ പിച്ചാത്തിയെടുത്ത് അടിയിലൂടെ മുറിയ്ക്കാനാണ് ശ്രമിച്ചത്, എന്താണെന്ന് അറിയാമോ ആര്യാടാ? ഇതൊക്കെ വായിച്ചാൽ, നമ്മൾ പരസ്പരം രാഷ്ട്രീയക്കളി കളിക്കുന്നവരല്ലേ, വേഗം മനസ്സിലാവില്ലേ, നമ്മൾ ഈ രാഷ്ട്രീയത്തിൽ കളിക്കുന്നവർക്ക് വേഗം മനസ്സിലാവില്ലേ, കൊല്ലം പത്തൻപതായില്ലേ, തുടങ്ങിയിട്ട്. ആര്യാടൻ എന്താ പറഞ്ഞതെന്ന് അറിയാമോ, കേരളത്തിൽ പിന്നോക്ക സമുദായത്തിൽ ക്രീമിലേയർ ഇല്ലെന്ന യാഥാർത്ഥ്യത്തിന് വിരുദ്ധമായി ആര്യാടന്റെ ഭേദഗതി അതിന് വിപരീതമായിട്ടാണ് മൂന്നരലക്ഷം കൊടുത്തത്, ഒരു അമെന്റ്മെന്റ് ആര്യാടന്റേതാണ്, ഒക്കെ അംഗീകരിക്കാം, നേരത്തെ പറഞ്ഞിട്ട് എതിരായിട്ട് നിങ്ങൾക്ക് എഴുതാമോ? ഞാൻ പറഞ്ഞു തരാം മൂന്നര ലക്ഷത്തിന്റെ വരുമാനപരിധി നിങ്ങൾ പറഞ്ഞു, മൂന്നര ലക്ഷം വരെ ക്രീമിലെയർ ഇല്ലെന്ന യാഥാർത്ഥ്യത്തിന് വിരുദ്ധമായി.....

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഞങ്ങൾ നരേന്ദ്രൻ കമ്മീഷന് എഴുതിക്കൊടുത്തത് ക്രീമിലെയർ ഇല്ലെന്നാണ് കോൺഗ്രസ്സിന്റെ അഭിപ്രായമെന്നാണ്. ഞങ്ങളുടെ വ്യക്തമായ അഭിപ്രായമതാണ്. രണ്ടാമത് സി.പി.ഐ. യുടെ പറയൂ, സി.പി.ഐ. ഇല്ലേ, ഞങ്ങളുടെ കത്തിന്റെ കോപ്പി വേണമെങ്കിൽ തരാം ഞങ്ങൾ കൊടുത്തിരിക്കുന്നത് കേരളത്തിൽ ക്രീമിലേയർ ഇല്ലെന്നാണ് കോൺഗ്രസ്സിന്റെ അഭിപ്രായം എന്നാണ്.

ശ്രീ. ഇ.കെ.നായനാർ : നിങ്ങൾ അസംബ്ലിയിൽ പാസ്സാക്കിയതും അതാണല്ലോ?

ശ്രീ. എ.കെ. ആന്റണി : അതെ,

ശ്രീ. ഇ.കെ. നായനാർ : അതെല്ലാം എനിക്ക് അറിയില്ലേ, ഇപ്പോഴും പത്തു ശതമാനം പറയുന്നത് പിന്നെയെന്തിനാണെന്നാ ചോദ്യം അവിടെയാണ് രാഷ്ട്രീയം. അതിന് വിരുദ്ധമായിട്ടാണ് അമെന്റ്മെന്റ് കൊണ്ട്വന്നിരിക്കുന്നത്.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ.ഇ ഇസ്മയിൽ) : സർ, ഞങ്ങൾ ക്രീമിലെയറേ പാടില്ലെന്ന് പറയുന്നവരാണ്, നിങ്ങൾ പറയുന്നില്ല, എന്തിനാണ് ശ്രീ. നരസിംഹറാവു പിന്നെ പ്രസാദ് കമ്മീഷനെ വച്ചത്, കോടതി അത് പറഞ്ഞാൽ ഉടനെതന്നെ നിങ്ങൾക്ക് അതുമാറ്റാമായിരുന്നില്ലേ, ഞങ്ങൾ യോജിച്ച് ഒരു ധാരണയിലാണ് ഈ പ്രമേയം ഇവിടെ കൊണ്ടുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : നിങ്ങളിവിടെ ഗുസ്തി പിടിക്കണ്ട, ഞാൻ മനസ്സിലാക്കിയ രീതി പറയാം, ആര്യാടന് അത് മനസ്സിലാകുകയില്ല, എന്ന് എനിക്ക് അറിയാം. നിങ്ങൾക്ക് ഇത് മനസ്സിലാകുകയില്ല, കാരണം നിങ്ങൾ അടിയിൽ പിച്ചാത്തി വച്ചിരിക്കുകയാണ്. അതുകൊണ്ടു നിങ്ങൾക്ക് മനസ്സിലാകുകയില്ല. ഇതിന്റെ നേരെ വിപരീതമാണ് ഞാൻ പറയുന്നത്, മനസ്സിലായോ, നിങ്ങൾ ക്രീമിലെയറില്ലാതെ പ്രമേയം പാസ്സാക്കിയവരാണ് എന്ന് എനിക്ക് അറിയാമല്ലോ, ഇവരതല്ല അതിനുശേഷം മാറി, പത്തു ശതമാനമെന്നത് അവർ പാർട്ടി കമ്മിറ്റി തീരുമാനിച്ച് അനൗൺസ് ചെയ്തു. നിങ്ങളുടെ പാർട്ടി കമ്മിറ്റി തീരുമാനിച്ചിട്ടില്ല, ഇവിടെ തീരുമാനിച്ചു. ഇതാണ് വ്യത്യാസം. ഇപ്പോൾ തീരുമാനിക്കുമെങ്കിൽ തീരുമാനിച്ചാൽ മതി. ഇനി നാലകത്ത് സൂപ്പിയുടെ അമെന്റ്മെന്റ് ആ പത്തു ശതമാനത്തിന് എതിരാണ് എന്ന് എനിക്കു ആദ്യമേയറിയാം, അതുതന്നെയാണ് എഴുതിവച്ചിട്ടുള്ളത്. ആദ്യമേ എതിരാണെന്ന് എനിക്കറിയാം, സൂപ്പി ഇന്നതേ എഴുതൂവെന്നും എനിക്കറിയാം, അതാണ് എഴുതിവച്ചിട്ടുള്ളത്. നിങ്ങൾ അതിനോട് യോജിക്കുന്നില്ല. മുന്നോക്കത്തിൽ പിന്നോക്കംപെട്ടിട്ടുള്ള 10 ശതമാനത്തോട് നിങ്ങൾ യോജിക്കുന്നില്ല. അത് നിങ്ങളുടെ അഭിപ്രായമാണ്, ആര്യാടന്റേയും കോൺഗ്രസ്സിന്റേയും അഭിപ്രായത്തോടെയാണ് മലക്കം മറിച്ചിൽ നടത്തികൊടുക്കുന്നത്, ശ്രീമതി ഗൗരിയമ്മ നേരത്തെ പ്രഖ്യാപിച്ചിട്ടുള്ളത് 99 ഡിസംബർ 12-ാം തീയതിക്കു മുൻപ് യോജിക്കാൻ വയ്യ, അതിനോടൊന്നും യോജിക്കാൻ വയ്യ, ഗൗരിയമ്മയുടെ അഭിപ്രായത്തോട് വിയോജിപ്പ് ഉണ്ട്, പിന്നെ മൂന്ന്ഭേദഗതി ആയില്ലേ, ഇനി വരാൻ പോകുന്ന ഒരു ഭേദഗതിയുണ്ട് ശ്രീ. താമരാക്ഷന് ഡിസംസംബർ 13-ന് മുൻപുള്ള സംവരണ വ്യവസ്ഥ ശ്രീ. താമരാക്ഷന് ഗൗരിയമ്മയുടെ വ്യവസ്ഥയോടാണ് യോജിപ്പ്, അതിനോടും നമുക്ക് യോജിക്കാൻ നിവർത്തിയില്ല, അതുകൊണ്ടാണ് ഞാൻ പറയുന്നത് രണ്ടു കമ്മീഷനുകളെ ഇവിടെ വച്ചിട്ടുള്ളത് ഈ രാജ്യത്തിലെ പിന്നോക്ക സമുദായത്തിന് ഇതുവരെ കിട്ടിയിട്ടുള്ള ആനുകൂല്യം ഒന്നും നിഷേധിക്കാൻ പാടില്ല, അത്പൂർണമായും കൊടുക്കണം. അതുപോലെ പിന്നോക്കത്തിൽ മുന്നോക്കക്കാർക്ക് തീർച്ചയായും ഈ പിന്നോക്കക്കാർക്ക് കിട്ടുന്നില്ലായെങ്കിൽ അവരുടെ സമുദായത്തിന്റെ അവകാശത്തിൽ നാം തൊട്ടുകളിക്കരുത് ഇതിന്റെ ഇടയിൽ കുഞ്ഞാലിക്കുട്ടി ഒന്നു പറയുകയുണ്ടായി, കേരള അസംബ്ലിക്ക് പാസ്സാക്കികൊടുത്തുകൂടെയെന്ന്, ഭരണഘടനാപരമായി, എനിക്ക് വിവരം കുറവാണ്. സുപ്രീംകോടതി ജഡ്ജ്മെന്റിന് എതിരായിട്ട് വല്ലതും കേരള അസംബ്ലിയിൽ പാസ്സാക്കിയാൽ ഫലവത്താകുമോ എന്ന് എനിക്ക് അറിയില്ല, പരിശോധിച്ചുനോക്കാം, അത്രയേയുള്ളു, ഞാൻ വലിയ കോൺസ്റ്റിറ്റ്യൂഷണൽ എക്സ്പെർട്ട് ഒന്നുമല്ല, നിയമജ്ഞനുമല്ലാ, എനിക്ക് രാഷ്ട്രീയമാണ് അതുകൊണ്ടല്ലേ നിങ്ങൾ പാസ്സാക്കുന്നത് തള്ളിക്കളയുന്നത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അത്തരത്തിൽ നിയമം പാസ്സാക്കിയ സഭയാണിത്.

ശ്രീ. ഇ.കെ. നായനാർ : അതുകൊണ്ടല്ലേ നിങ്ങൾ പാസാക്കുന്നതെല്ലാം തള്ളിക്കളയുന്നത്? കാരണം നിങ്ങൾക്ക് ഇതിനെപ്പറ്റി വിവരം ഇല്ലെന്ന് അവർ തെളിയിച്ചു. നിങ്ങൾ 1995-ൽ പാസ്സാക്കി സുപ്രീംകോടതി തള്ളി, ഇപ്പോൾ പറയുന്നത് തള്ളുമോയെന്ന് എനിക്കറിയില്ല. നിങ്ങൾക്ക് ഇതിനെപ്പറ്റി വിവരമില്ല എന്നുള്ളത് തെളിയിച്ചു കഴിഞ്ഞു. കാരണം എക്സ്പെർട്ട് അല്ല. ഞാൻ എക്സ്പെർട്ട് അല്ല എന്ന് പറഞ്ഞതുകൊണ്ടാണ്. നിങ്ങൾ അത

ല്ല. നിങ്ങൾ വലിയ വിദഗ്ദ്ധൻമാരെന്ന് പറഞ്ഞുകൊണ്ട് ഒക്കെ തള്ളിക്കളയുകയാണ്. അതാണ് കുഴപ്പം. ഇവർക്കുള്ളകുഴപ്പം അതാണ്. നിങ്ങൾ വലിയ എക്സ്പേർട്ടാണ്. സുപ്രീംകോർട്ട് തള്ളുന്നു, ഈ നിലയ്ക്ക് ഞാനില്ല. എന്തുകൊണ്ടാണ് ശ്രീ. നരിമാൻ വാദിക്കാതിരുന്നത്? ഇവിടെ ശ്രീ. നരിമാൻ വാദിക്കാത്തതിന്റെ കാര്യം ഇദ്ദേഹം പറഞ്ഞല്ലോ അദ്ദേഹത്തിന് കാശ് കൊടുത്തിട്ടില്ലാ എന്നാണ് ഇദ്ദേഹം പറഞ്ഞത്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) സർ, കൊടുക്കാതിരുന്നതല്ല, ഇവിടെ നിന്നും ചെക്ക് എഴുതി ഇഷ്യൂ ചെയ്തു. പക്ഷേ അദ്ദേഹത്തിന് കിട്ടിയിട്ടില്ല.

ശ്രീ. ഇ.കെ. നായനാർ : സർ, ശ്രീ. കെ.എം. മാണിക്ക് വക്കീൽ ഫീസ് വാങ്ങിയിട്ടുള്ള ശീലമുണ്ടല്ലോ. അപ്പോൾ ആ വക്കീലിന് കിട്ടിയില്ലാ എന്നാണ് ഈ വക്കീൽ പറയുന്നത്.

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി : സർ, അങ്ങ് പറഞ്ഞു പരിശോധിക്കാമെന്ന്. നിയമോപദേശം തേടി അധികാരം ഉണ്ടെങ്കിൽ മാത്രം ചെയ്താൽമതിയല്ലോ. പരിശോധിക്കാം എന്ന് പറഞ്ഞത് ഗൗരവമായി പരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ.കെ. നായനാർ : സർ, ഗൗരവത്തിന്റെ അപ്പുറം ഗൗരവമാകാം. ഞാൻ ഭരണഘടനാ എക്സ്പെർട്ട് അല്ല. അതുകൊണ്ട് ഭരണഘടനാ വിദഗ്ദ്ധൻമാരുമായിട്ടും കോൺസ്റ്റിറ്റ്യൂഷണലായും പരിശോധിച്ചിട്ട് ചെയ്യാം. ശ്രീ.ആര്യാടൻ മുഹമ്മദിനെ പോലെ എക്സ്പെർട്ട് ആണെന്നും പറഞ്ഞിട്ട് ഞാൻ പൊളിയാൻ ഇല്ല. അതിന് എന്നെ കിട്ടില്ല. അപ്പോൾ അതിന്റെ വിദഗ്ദ്ധൻമാരുമായിട്ട് കൺസൾട്ട് ചെയ്തിട്ട് കേരള അസംബ്ലിക്ക് അധികാരം ഉണ്ടെങ്കിൽ തീർച്ചയായും കൈകാര്യം ചെയ്യാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ സംസ്ഥാനത്ത് തന്നെ ഫോറസ്റ്റ് വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്റ്റ് കോടതി തള്ളിയിട്ട് അതിന് എതിരായി 'ശ്രീ. അച്യുതമേനോന്റെ കാലത്ത് നിയമ നിർമ്മാണം നടത്തി ആ നിയമം ഇന്നും നിലനിൽക്കുന്നു. ലാന്റ് റിഫോമ്സ് ആക്ട് ഇതുപോലെ വന്നിട്ട് വീണ്ടും നിയമ നിർമ്മാണം നടത്തി 9-ാം ഷെഡ്യൂളിൽ ചേർത്ത് ഇന്നും ആ നിയമം നിലനിൽക്കുന്നു.

ശ്രീ. ഇ.കെ. നായനാർ : സർ, ഭൂസംരക്ഷണം നടത്തിയതുകൊണ്ട് നമുക്ക് വൻപിച്ച മെച്ചം ഉണ്ടായിട്ടുണ്ട് എന്നുള്ളത് നേട്ടം തന്നെയാണ്. അതുകൊണ്ടാണ് കേരളത്തിൽ ഈ വർഗ്ഗീയ ലഹളയൊന്നും ഇല്ലാത്തത്. ഭൂസംരക്ഷണം നടത്തിയതുകൊണ്ട്. പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കുന്നതുകൊണ്ട്, ഭൂരഹിതർക്ക് ആശ്വാസം നൽകിയത് കൊണ്ട് അതില്ലാത്തതുകൊണ്ടാണ് ആന്ധ്രായിലും, ബീഹാറിലുമൊക്കെ ഇപ്പോൾ കലാപം നടന്നുകൊണ്ടിരിക്കുന്നത്. ഇത് നമുക്കറിയാം.. ഇതാണ് വസ്തുത, പക്ഷെ ഭൂസംരക്ഷണം പോലെയാണോ സംവരണ നിയമം? ശ്രീ. ആര്യാടൻ മുഹമ്മദിന് എന്നെക്കാളും ഭരണഘടനാവൈദഗ്ദ്ധ്യം ഉണ്ടാവാം. എനിക്കില്ല. അതുകൊണ്ട് ഞാൻ പറയുന്നു കോൺസ്റ്റിറ്റ്യൂഷണൽ എക്സ്പെർട്ട് ആയിരിക്കും ശ്രീ. ആര്യാടൻ മുഹമ്മദ്. ഞാൻ കോൺസിറ്റ്യൂഷണൽ എക്സ്പെർട്ട് അല്ല. പക്ഷേ ഈ കോൺസിറ്റ്യൂഷണൽ എക്സ്പെർട്ടിനെ ഈ സംവരണ നിയമത്തെപ്പറ്റി ഈ രാജ്യത്തിൽ സുപ്രീം കോർട്ട് പാസാക്കിയിട്ടുള്ള നിയമത്തിനനുസരിച്ച് ഈ രാജ്യത്തിലെ പിന്നോക്ക സമുദായത്തിന്റെ സംവരണാവകാശം നിഷേധിക്ക

LIBRARY ARCHIVES Kerala Legislative Assembly

പ്പെടാതിരിക്കാനും അതിലുള്ളപോലെതന്നെ അതിലുള്ള മുന്നോക്കക്കാർക്ക് ആനുകൂല്യം നൽകാനുമുള്ള ഒരു പ്രമേയമാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്. അത് 13-12-1999-ലെ സുപ്രീം കോടതി വിധിയെതുടർന്ന് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണ ആനുകൂല്യം നഷ്ടപ്പെടാതിരിക്കാനും മുന്നോക്ക സമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ജനറൽ കാറ്റഗറിയിൽ നിന്നും 10% സംവരണാനുകൂല്യം ലഭിക്കുന്നതിനും ഭരണഘടന ഭേദഗതി ചെയ്യണമെന്ന് ഈ സഭ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു' എന്ന റസല്യൂഷൻ ഞാൻ അവതരിപ്പിക്കുന്നു. ഈ രണ്ട് വാചകമേ ഉള്ളു. ഇതിന്റെ ഇടയ്ക്ക് ഒരു കൺഫ്യൂഷൻ കടത്തിയത്, ശ്രീ ആര്യാടൻ മുഹമ്മദ് ആണ്. എനിക്കറിയില്ലേ ഈ എഴുതിവെച്ചിരിക്കുന്നത് എന്താ എന്ന്. എന്റെ അടുത്താ ഇത് കൊണ്ടുവരുന്നത് എന്ന് മനസ്സിലാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : മുഖ്യമന്ത്രിയുടെ സബ്സ്റ്റാന്റീവ് മോഷന് നൽകിയിട്ടുള്ള ഭേദഗതികൾ.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിൽ 'പിന്നോക്ക സമുദായങ്ങൾക്ക് സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കണം' എന്നതിനുശേഷമുള്ള "മുന്നോക്കസമുദായത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് ജനറൽ കാറ്റഗറിയിൽ നിന്ന് 10% സംവരണാനുകൂല്യം ലഭിക്കുന്നതിനും" എന്ന ഭാഗം ഒഴിവാക്കുക". ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞില്ലേ ഒരു കൺഫ്യൂഷൻ ഉണ്ടാകാൻ പാടില്ല. 13-12-1999-ലെ നിലവിലുണ്ടായിരുന്ന ആ സ്ഥിതി നിലനിറുത്തണമെന്നാണ് പറഞ്ഞത്. അതിനെതുടർന്ന് വേറെഭേദഗതിയല്ല. അതിനെത്തുടർന്ന് വന്ന നിയമഭേദഗതി അല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ. ഇവിടെ ശ്രീ. നാലകത്ത് സൂപ്പി അവതരിപ്പിച്ച ഭേദഗതിക്ക് സമാനമാണ് ശ്രീമതി കെ. ആർ ഗൗരി അമ്മയുടേയും, പ്രൊഫ. എ.വി. താമരാക്ഷന്റേയും ഭേദഗതികൾ. അത് എടുത്തിട്ട് എന്റേത് എടുത്താലും മതി.

മി. സ്പീക്കർ : അത് എന്താ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങനെയാണ് അവർ ആവശ്യപ്പെടുന്നത്. ശ്രീ. നാലകത്ത് സൂപ്പി ആവശ്യപ്പെടുന്നു. എങ്ങനെവേണമെങ്കിലും ആവാം. എനിക്ക് വിരോധമില്ല. ഇത് കഴിഞ്ഞിട്ട് എടുത്താലും മതി.

മി. സ്പീക്കർ : എടുക്കുകയല്ല. ഇപ്പോൾ അങ്ങ് ഭേദഗതി അവതരിപ്പിക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ ആരംഭത്തിൽ താഴെപ്പറയുന്നത് കൂട്ടിചേർക്കുക.

"കേരളത്തിൽ പിന്നോക്ക സമുദായങ്ങളിൽ ക്രീമിലെയർ ഇല്ലെന്ന യാഥാർത്ഥ്യത്തിന് വിരുദ്ധമായി" എന്ന് പറഞ്ഞിട്ട് 13-12-1999-ലെ സുപ്രീം കോടതി വിധിയെ തുടർന്ന് സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങൾക്കുള്ള സംവരണാനുകൂല്യം നഷ്ടപ്പെടാതിരിക്കാനും എന്ന് മുഖ്യമന്ത്രിയുടെ വാചകത്തിൽ ചേർക്കുക. ഇത് യാഥാർത്ഥ്യമാണ് ഇവിടെ സി.പി.ഐ., ആർ.എസ്.പി., ജനതാദൾ ഞങ്ങളെല്ലാം അംഗീകരിച്ച കാര്യമാണ് ഇത്. ഇപ്പോൾ അവർ എന്തു ചെയ്യുന്നു എന്ന് എനിക്കറിയാൻ പറ്റുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ.ആർ. ഗൗരിയമ്മ : ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. "പ്രമേയത്തിന്റെ നാലാം വരിയിൽ സംവരണാനുകൂല്യം " എന്നതിന് ശേഷമുള്ള ഭാഗം ഒഴിവാക്കുകയും പകരം താഴെപ്പറയുന്നത് ചേർക്കുകയും ചെയ്യുക."നഷ്ടപ്പെടാതിരിക്കാൻ 13-12-1999-ന് മുൻപ് നിലനിന്ന സംവരണാനുകൂല്യം അതുപോലെ തുടരുവാൻ ഭരണഘടന ഭേദഗതി ചെയ്യണമെന്ന് ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. പ്രമേയത്തിന്റെ നാലാമത്തെ വരിയിൽ നഷ്ടപ്പെടാതിരിക്കാൻ എന്ന് കഴിഞ്ഞ് താഴെപ്പറയുന്ന ഭാഗം കൂട്ടിചേർക്കുക. 13-12-1999-ന് മുൻപുള്ള സംവരണ വ്യവസ്ഥ നിലനിറുത്തുന്നതിനാവശ്യമായ ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന് ഈ സഭ കേന്ദ്ര ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുന്നു'.

മി. സ്പീക്കർ : ശ്രീ. നാലകത്തു സൂപ്പി, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. നാലകത്തു സൂപ്പി : സർ, ഞാൻ പ്രസ് ചെയ്യുന്നു; പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 7

1.	ശ്രീ.	കെ.പി.എ. മജീദ്
2.	"	പി.കെ. അബ്ദുറബ്ബ്
3.	"	സി.ടി. അഹമ്മദ് അലി
4.	"	പി.കെ. കുഞ്ഞാലിക്കുട്ടി
5.	"	കെ. കുട്ടി അഹമ്മദ് കുട്ടി
6.	"	സി. മൊയിൻകുട്ടി
7.	"	നാലകത്തു സൂപ്പി†

പ്രതികൂലിക്കുന്നവർ-83

1.	ശ്രീ.	എ. അലി ഹസ്സൻ
2.	"	ആനത്തലവട്ടം ആനന്ദൻ
3.	"	എൻ. അനിരുദ്ധൻ
4.	"	എ.കെ. ആന്റണി
5.	"	ആന്റണി രാജു
6.	"	ഇ.എം. അഗസ്തി
7.	"	കെ. ബാബു
8.	"	എൻ.ആർ. ബാലൻ
9.	"	ടി.കെ. ബാലൻ
10.	„	സി.പി. ബാലൻവൈദ്യർ
11.	ശ്രീമതി	ഭാർഗ്ഗവി തങ്കപ്പൻ
12.	ശ്രീ.	കെ.എ. ചന്ദ്രൻ
13.	"	വി.കെ. ചന്ദ്രൻ
14.	ശ്രീ.	ഇ. ചന്ദ്രശേഖരൻ നായർ
15.	ശ്രീ.	പി.ജെ. ഫ്രാൻസിസ്

† സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം കൂട്ടിച്ചേർത്തത് (ഫ.നം.586/EB/2000/Leg dt.8. 5.2000)

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
17. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
18. „ ടി.കെ. ഹംസ
19. „ കെ.ഇ. ഇസ്മയിൽ
20. ശ്രീ. സി.എൻ. ജയദേവൻ
21. ” എം.വി. ജയരാജൻ
22. ” ടി.എസ്. ജോൺ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ജോണി നെല്ലൂർ
25. ശ്രീ. ജോസ് ബേബി
26. ശ്രീ. കെ.സി. ജോസഫ്
27. ” പി.ജെ.ജോയി
28. ” വി.സി. കബീർ
29. ശ്രീ. എ. കണാരൻ
30. ” എൻ.കണ്ണൻ
31. ശ്രീ. ജി. കാർത്തികേയൻ
32. ശ്രീ. ഇ.കെ. നായനാർ
33. ” പി.കെ. കുമാരൻ
34. ” സി.എ. കുര്യൻ
35. ഡോ. എം.എ. കുട്ടപ്പൻ
36. ശ്രീമതി. ആർ. ലതാദേവി
37. ശ്രീ. ലോനപ്പൻ നമ്പാടൻ
38. ശ്രീ. കെ.എം. മാണി
39. ശ്രീമതി മെഴ്സിക്കുട്ടി അമ്മ
40. ശ്രീ. പാലൊളി മുഹമ്മദ്കുട്ടി
41. „ എ.കെ. മണി
42. ശ്രീ. മോൻസ് ജോസഫ്
43. ശ്രീ. ആര്യാടൻ മുഹമ്മദ്
44. „ എം. മുരളി
45 ശ്രീ. പിരപ്പൻകോട് മുരളി
46. ശ്രീ. ടി. നാണു മാസ്റ്റർ
47. ശ്രീ. സി.കെ. നാണു
48. „ എം. നാരായണൻ (കുഴൽമന്ദം)
49. „ എഴുകോൺ നാരായണൻ
50 „ പി. നാരായണൻ
51. „ വി.ജെ. പൗലോസ്
52. „ ശ്രീമതി എൻ.കെ.രാധ
53. ശ്രീ. കെ. രാധാകൃഷ്ണൻ
54. „ തിരുവഞ്ചൂർ രാധാകൃഷ്ണൻ
55. ശ്രീമതി രാധാരാഘവൻ
56. ശ്രീ. പി. രാഘവൻ

LIBRARY ARCHIVES Kerala Legislative Assembly

57.	ശ്രീ.	സി.കെ. രാജേന്ദ്രൻ
58.	„	രാജു എബ്രഹാം
59.	„	കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
60	„	വി.പി. രാമകൃഷ്ണപിള്ള
61.	„	കടമ്മനിട്ട രാമകൃഷ്ണൻ
62.	ശ്രീ.	പി.ആർ. കുറുപ്പ്
63.	ശ്രീ.	തമ്പാനൂർ രവി
64.	ശ്രീമതി	റോസമ്മ ചാക്കോ
65.	ശ്രീ.	എസ്. ശർമ്മ
66.	„	യു.എസ്. ശശി
67.	„	കെ.പി. സതീശ്ചന്ദ്രൻ
68.	„	സെബാസ്റ്റ്യൻ പോൾ
69.	ശ്രീമതി	കെ.കെ. ശൈലജ ടീച്ചർ
70.	ശ്രീ.	ടി. ശിവദാസമേനോൻ
71.	ശ്രീമതി	ശോഭനാ ജോർജ്ജ്
72.	ശ്രീ.	ജി. സുധാകരൻ
73.	„	പി.പി. സുലൈമാൻ റാവുത്തർ
74.	„	എൻ. സുന്ദരൻ നാടാർ
75.	„	കടകംപള്ളി സുരേന്ദ്രൻ
76.	ശ്രീമതി	സുശീലാ ഗോപാലൻ
77.	ശ്രീ.	പി.പി. തങ്കച്ചൻ
78.	ശ്രീ.	എം.എ. തോമസ്
79.	ശ്രീ.	തോമസ് ചാഴികാടൻ
80.	ശ്രീ.	എം.പി. വർഗ്ഗീസ്
81.	ശ്രീ.	വർഗ്ഗീസ് വൈദ്യർ
82.	ശ്രീ.	കെ.സി. വേണു ഗോപാൽ
83.	„	ബി. വിജയകുമാർ

<u>ന്യൂട്രൽസ്</u>†

1.	ശ്രീ.	ബാബു ദിവാകരൻ
2.	പ്രൊഫ.	എ.വി. താമരാക്ഷൻ

<u>മി. സ്പീക്കർ</u> : ശ്രീ. നാലകത്തു സൂപ്പി അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ - 7

പ്രതികൂലിക്കുന്നവർ - 83

നിഷ്പക്ഷത പാലിക്കുന്നവർ - 2

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഫൈനൽ ആയിട്ട് പാസ്സാക്കേണ്ട പ്രമേയം ആയിരിക്കും അങ്ങ് അടുത്ത് വോട്ടിന് ഇടുക. ആ പ്രമേയത്തിനെ

† സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം കൂട്ടിച്ചേർത്തത് (ഫ.നം.589/EB/2000/Leg dt.8. 5.2000)

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾക്ക് അനുകൂലിക്കാനും വയ്യ എതിർക്കാനും വയ്യ. ഈ പ്രമേയം വോട്ടിനിടുന്ന സമയത്ത് ഇരിക്കുന്നില്ല. ഞങ്ങൾ വാക്ക് ഔട്ട് നടത്തുകയാണ്.

(ശ്രീ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി.) (ശ്രീമതി കെ.ആർ. ഗൗരിഅമ്മയും സഭ വിട്ട് പുറത്ത് പോയി)

മി. സ്പീക്കർ : സർ ശ്രീ. ആര്യാടൻ മുഹമ്മദ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, പ്രസ് ചെയ്യുന്നുണ്ട്. ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ - 25

1.	ശ്രീ.	എ.കെ. ആന്റണി
2.	"	ഇ.എം. അഗസ്തി
3.	"	കെ. ബാബു
4.	"	കെ.എ. ചന്ദ്രൻ
5.	"	പി.ജെ. ഫ്രാൻസിസ്
6.	"	ജോണി നെല്ലൂർ
7.	"	കെ.സി. ജോസഫ്
8.	"	പി.ജെ. ജോയി
9.	"	ജി. കാർത്തികേയൻ
10.	"	ഡോ. എം.എ. കുട്ടപ്പൻ
11.	"	എ.കെ. മണി
12.	"	ആര്യാടൻ മുഹമ്മദ്
13.	"	എം. മുരളി
14.	"	എഴുകോൺ നാരായണൻ
15.	"	വി.ജെ. ഫ്രാൻസിസ്
16.	"	തിരുവഞ്ചൂർ രാധാകൃഷ്ണൻ
17.	ശ്രീമതി	രാധാരാഘവൻ
18.	"	കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
19.	"	തമ്പാനൂർ രവി
20.	ശ്രീമതി	റോസമ്മ ചാക്കോ
21.	ശ്രീമതി	ശോഭനാജോർജ്ജ്
22.	ശ്രീ.	എൻ. സുന്ദരൻ നാടാർ
23.	"	പി.പി. തങ്കച്ചൻ
24.	"	കെ.സി. വേണുഗോപാൽ
25.	"	ബി. വിജയകുമാർ

പ്രതികൂലിക്കുന്നവർ-59

1.	ശ്രീ.	എ. അലിഹസ്സൻ
2.		ആനത്തലവട്ടം ആനന്ദൻ
3.	"	എൻ. അനിരുദ്ധൻ
4.	"	ആന്റണി രാജു
5.	"	എൻ.ആർ. ബാലൻ

LIBRARY ARCHIVES Kerala Legislative Assembly

6. " ടി.കെ. ബാലൻ
7. " സി.പി. ബാലൻ വൈദ്യർ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. വി.കെ. ചന്ദ്രൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ
11. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
12. ശ്രീ. എം.വി ഗോവിന്ദൻ മാസ്റ്റർ
13. " ടി.കെ. ഹംസ
14. " കെ.ഇ. ഇസ്മയിൽ
15. ശ്രീ. സി.എൻ. ജയദേവൻ
16. " എം.വി. ജയരാജൻ
17. " ടി.എസ്. ജോൺ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. ജോസ് ബേബി
20. " വി.സി. കബീർ
21. ശ്രീ. എ. കണാരൻ
22. " എൻ.കണ്ണൻ
23. ശ്രീ. ഇ.കെ. നായനാർ
24. " പി.കെ. കുമാരൻ
25. " സി.എ. കുര്യൻ
26. ശ്രീമതി. ആർ. ലതാദേവി
27. ശ്രീ. ലോനപ്പൻ നമ്പാടൻ
28. ശ്രീ. കെ.എം. മുരളി
99. ശ്രീമതി മെഴ്സിക്കുട്ടി അമ്മ
30. ശ്രീ. പാലോളി മുഹമ്മദ്കുട്ടി
31. ശ്രീ. മോൻസ് ജോസഫ്
32 ശ്രീ. പിരപ്പൻകോട് മുരളി
33. ശ്രീ. ടി. നാണു മാസ്റ്റർ
34. ശ്രീ. സി.കെ. നാണു
35. " എം. നാരായണൻ (കുഴൽമന്ദം)
36. " പി. നാരായണൻ
37. ശ്രീമതി എൻ.കെ.രാധ
38. ശ്രീ. കെ. രാധാകൃഷ്ണൻ
39. " പി. രാഘവൻ
40. ശ്രീ. സി.കെ. രാജേന്ദ്രൻ
41. " രാജു എബ്രഹാം
42. " വി.പി. രാമകൃഷ്ണപിള്ള
43 " കടമ്മനിട്ട രാമകൃഷ്ണൻ
44. ശ്രീ. പി.ആർ. കുറുപ്പ്
45. ശ്രീ. എസ്. ശർമ്മ
46. " യു.എസ്. ശശി

LIBRARY ARCHIVES Kerala Legislative Assembly

47. „ കെ.പി. സതീശ് ചന്ദ്രൻ
48. „ സെബാസ്റ്റ്യൻ പോൾ
49. „ എ.സി. ഷണ്മുഖദാസ്
50. ശ്രീമതി കെ.കെ. ശൈലജ ടീച്ചർ
51. ശ്രീ. ടി. ശിവദാസമേനോൻ
52. ശ്രീ. ജി. സുധാകരൻ
53. „ പി.പി. സുലൈമാൻ റാവുത്തർ
54. „ കടകംപള്ളി സുരേന്ദ്രൻ
55. ശ്രീമതി സുശീലാ ഗോപാലൻ
56. ശ്രീ. എം.എ. തോമസ്
57. ശ്രീ. തോമസ് ചാഴികാടൻ
58. ശ്രീ. എം.പി. വർഗ്ഗീസ്
59. ശ്രീ. വർഗ്ഗീസ് വൈദ്യർ

നിഷ്പക്ഷത പാലിക്കുന്നവർ - 2

1. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
2. ശ്രീ. ബാബു ദിവാകരൻ

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദിന്റെ ഭേദഗതിയെ അനുകൂലിക്കുന്നവർ - 25

പ്രതികൂലിക്കുന്നവർ - 59

നിഷ്പക്ഷത പാലിക്കുന്നവർ - 2

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ : പ്രൊഫ. എ.വി. താമരാക്ഷൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. എ.വി. താമരാക്ഷൻ : സർ, പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ : ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

നിഷ്പക്ഷത പാലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ അംഗീകരിക്കണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മുഖ്യമന്ത്രി അവതരിപ്പിച്ച സബ്സ്റ്റാന്റീവ് മോഷൻ സഭ ഏകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly